# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

പുസ്തകം 71
ലക്കം 9
സെപ്റ്റംബർ 2003
തബൂക്ക് 1382
റജബ് - ഷഹബാൻ 1424

**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail: sathyadoothan@ahmadiyya.com

**സ്ഥാപിതം**
**1925**

## ഉള്ളടക്കം

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***ശരണാർത്ഥിയെ സംരക്ഷിക്കുന്ന ദൈവം***
ഹസ്റത്ത് അഹ്മദ് (അ)

**8** ***വഴിമുടക്കികളായ പണ്ഡിതന്മാർ***
എൻ. ഇ. ഹഖ്

**12** ***മുല്ലമാരുടെ ആതുര ചിന്തകൾ***
കെ. വി. ഈസക്കോയ

**15** ***പ്രപഞ്ച രഹസ്യങ്ങളുടെ ചുരുളഴിയുമ്പോൾ!!***
ഡോ: ഇ. കെ. മുഹമ്മദ് കോഴിക്കോട്

**17** ***പടിഞ്ഞാറിനെ ലക്ഷ്യം വെച്ച് ഒരു പട്ടണം ഒരുങ്ങുന്നു***
മുഹമ്മദ് ഉമർ എച്ച്. ഏ.

**20** ***ശ്രീകൃഷ്ണനോ ശ്രീരാമനോ ആരാണ് മുൻഗാമി?***
പ്രൊഫ. രുദ്രദേവ് ശാസ്ത്രി

**25** ***ഹസ്റത്ത് അലി(റ)ക്കെതിരെയുള്ള ഗൂഢാലോചന***
മൗലാനാ ശേഖ് മുബാറക്ക് അഹ്മദ്

**30** ***വിശുദ്ധഖുർആനിൽ ദുർബ്ബലപ്പെട്ട വചനങ്ങൾ ഉണ്ടോ?*** **(രണ്ടാംഭാഗം)**
എ. പി. കുഞ്ഞാമു

**37** ***ഖുർആനും പ്രപഞ്ച ശാസ്ത്രവും***
ഓർച്ചാർഡ് അഹ്മദ് കണ്ണൂർ

**39** കുറിപ്പുകൾ, അനുസ്മരണം, വാർത്തകൾ

മുഖചിത്രം : മസ്ജിദു നബവി, മക്ക

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

Regd. No: 3337/75, Postel Regn. No: KL/NR/5-78/2003-05. Estd. 1925.
Licensed to Post without Pre-payment. License No: PMG/CLT/NR/WPP/5-33/03
**THE SATHYADOOTHAN MONTHLY**

## ഖുർആനിൽ നിന്ന്


"അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവര തിനെ കൊള്ളെ വീഴില്ല. (25:74).

## നബിവചനം

ജ്ഞാനം ജനങ്ങളിൽ നിന്നകന്നുപോകും. എന്നിട്ട് അജ്ഞതയും കുഴപ്പങ്ങളും പ്രത്യക്ഷ പ്പെടും. 'ഹറജ്' വർദ്ധിക്കും. അപ്പോൾ അനു ചരന്മാർ ചോദിച്ചു. എന്താണ് 'ഹറജ്.' തിരു മേനി കൈ കൊണ്ട് ഇങ്ങിനെ ആംഗ്യം കാണിച്ചു. അതുകണ്ടപ്പോൾ തിരുമേനി കൊല യെയാണ് ഉദ്ദേശിച്ചതെന്ന് വ്യക്തമായി.

*-ബുഖാരി*

# ശാന്തരായി ചിന്തിക്കൂ



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

അല്ലയോ മുസ്ലിം പണ്ഡിതന്മാരേ എന്നെ നിരാകരിക്കുന്ന കാര്യത്തിൽ നിങ്ങൾ ധൃതിപ്പെടരുത്. ധൃതിക്കിടയിൽ മനുഷ്യനു പെട്ടെന്നു ഗ്രഹിക്കാനാ കാത്ത രഹസ്യങ്ങൾ പലതുമുണ്ട്. കേൾക്കുന്ന മാത്രയിൽ ഒരു കാര്യവും തന്നെ തള്ളിക്കളയാൻ നിങ്ങൾ മുതിരല്ല. അതല്ല സാത്വികരുടെ മാർഗ്ഗം....... ശക്തി പ്രയോഗിച്ച് മതം പ്രചരിപ്പിക്കാനായി യുദ്ധം ചെയ്യാമെന്ന് ഖുർആ നിൽ എഴുതപ്പെട്ടിരിക്കുന്നതെവിടെയാണ്. നേരെ മറിച്ച് ആ വിശുദ്ധ ഗ്രന്ഥ ത്തിൽ ലാഇക് റാഹ ഫിദ്ദീൻ' (മതത്തിൽ യാതൊരു നിർബന്ധവുമില്ല) എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതായി കാണുന്നു. (കിശ്തീനൂഹ്)

മുഖക്കുറിപ്പ്

# പുരോഗമന ചിന്ത

ഇസ്ലാം മനുഷ്യനെ സ്വതന്ത്രനായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും അവനെ പ്രബുദ്ധനാക്കുകയും ചെയ്യുന്നു. ദൈവ വചനത്തിന് മുമ്പിൽ പോലും ചിന്ത ഉയർത്തിപ്പിടിക്കണമെന്ന് വിശുദ്ധ ഖുർആൻ മനുഷ്യനോട് ആഹ്വാനം ചെയ്യുന്നു. "അവരുടെ നാഥന്റെ വചനങ്ങൾ അവരെ ഓർമ്മപ്പെടുത്തുന്നതായാൽ പോലും ബധിരരും അന്ധരുമായി അവരതിനെ കൊള്ളെ വീഴില്ല. (25:74). ചിന്തിക്കാത്തവരെ ഖുർആൻ അധിക്ഷേപിക്കുന്നത് കാണുക." ബുദ്ധി ഉപയോഗിക്കാത്തവരുടെ മേൽ അല്ലാഹു കോപം ഇറക്കുന്നു. (10:101)

തന്റെ മുൻഗാമികൾ നടന്ന വഴിയിലൂടെ മാത്രമേ നടക്കൂ എന്ന ശാഠ്യം ബുദ്ധിപരമായ ജീർണതയെ കാണിക്കുന്നു. പ്രത്യുൽപന്നമതിത്വത്തെ ആദരിക്കുകയും യഥാസ്ഥിതികത്വത്തെ വെറുക്കുകയും ചെയ്യുന്ന ഖുർആന്റെ ഒരു വചനം കാണുക. "അല്ലാഹു അവതരിച്ചിട്ടുള്ളതിനെ നിങ്ങൾ പിൻപറ്റുകയെന്ന് അവരോട് പറയപ്പെടുമ്പോൾ അല്ല ഞങ്ങളുടെ പൂർവ്വ പിതാക്കളെ ഏതൊരു മാർഗ്ഗത്തിൽ ഞങ്ങൾ കണ്ടുവോ അതിനെയാണ് ഞങ്ങൾ പിൻപറ്റുകയെന്നവർ പറയുന്നു. എന്ത്, അവരുടെ പൂർവ്വപിതാക്കൾ യാതൊന്നും ഗ്രഹിക്കാത്തവരും നേർമാർഗ്ഗം പ്രാപിക്കാത്തവരുമായിരുന്നാൽ പോലും (2:171) അതുപോലെ ഭൂരിപക്ഷം പറയുന്നതാണ് ശരിയെന്ന് കരുതി കാര്യങ്ങളെ വിവേചിക്കുന്നവരുണ്ട്. ജനാധിപത്യത്തിൽ ഭരണാധികാരികളെ തിരഞ്ഞെടുക്കുവാൻ ഉപയോഗിക്കുന്ന ഭൂരിപക്ഷ സിദ്ധാന്തം സത്യസത്യാ വിവേചനത്തിനുപയോഗിക്കുന്നത് മിക്കപ്പോഴും ശരിയല്ല. എല്ലാ നവീകരണ, പരിഷ്കരണ വിപ്ലവ പ്രസ്ഥാനങ്ങളും ഭൂരിപക്ഷത്തിനെതിരെ തിരുത്തൽ ശക്തിയായിട്ടാണ് വളർന്നുവന്നതെന്ന കാര്യവും നാം വിസ്മരിക്കരുത്. ഖുർആൻ പറയുന്നു. "ഭൂമിയിലുള്ളവരിൽ അധികം പേരെയും നീ അനുസരിക്കുന്നതായാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും അവർ നിന്നെ തെറ്റിച്ചുകളയും അവർ തങ്ങളുടെ ഊഹത്തെയല്ലാതെ പിൻപറ്റുന്നില്ല. അവർ സങ്കൽപിച്ചു സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്. (6:117)

അതുകൊണ്ടാണ് ഇസ്ലാം പറഞ്ഞത് 'മതത്തിൽ യാതൊരു നിർബന്ധവുമില്ല.' (2:257) എന്ന്. മറ്റൊരു വചനം ഇങ്ങിനെയാണ്. "പറയുക, ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്ന ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ. ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ. (18:30). മനുഷ്യനെ നിർബന്ധിക്കാതെ യഥേഷ്ടം യുക്തിപൂർവ്വം ചിന്തിക്കാനനുവദിക്കുന്ന ഇസ്ലാം പുരോഗമന ചിന്തയല്ലാതെ മറ്റെന്താണ്?

●

ലേഖനം

# ശരണാർത്ഥിയെ സംരക്ഷിക്കുന്ന ദൈവം

ഹസ്റത്ത് അഹ്മദ് (അ)

## ദൈവത്തെ മാത്രം ആശ്രയമായിക്കരുതുന്ന ഒരാൾക്ക് ദൈവം എല്ലാ അർത്ഥത്തിലും അഭയമരുളുന്നു.

ഒരാൾ തന്റെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ ബലത്തിനനുസരിച്ച് ഭൗതികതയിലുള്ള ആശ്രിതത്വത്തിൽ നിന്ന് മുഖം തിരിക്കുന്നു. വിശ്വാസം എത്ര കൂടുതൽ വികസിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നുവോ അത്ര കൂടുതലായി അയാൾ ഭൗതികതയിലുള്ള ആശ്രിതത്ത്വത്തിൽ വിമുഖനാവുന്നു. വാസ്തവത്തിൽ ലോകം വഞ്ചനാത്മകമാണ് എന്നത് പ്രകടമാണ്. പുരോഗതിക്ക് നിദാനമാണെന്ന് കരുതുന്ന ഭൗതിക ലോകത്തിന്റെ വസ്തുക്കൾ അധോഗതിക്ക് കാരണമാകുന്നു. ലോകത്തിന്റെ ആദരവും സ്ഥാനവും ലഭ്യമാകാൻ സമ്പത്ത് മുഖേന വ്യാജമായതും , വഞ്ചനാത്മകവും, കൃത്രിമവുമായ അനേകം മാർഗ്ഗങ്ങൾ അവലംബിക്കപ്പെടുന്നു. ആളുകൾ അവരുടെ ലക്ഷ്യങ്ങൾ കാണാൻ അസത്യമായ മാർഗ്ഗങ്ങൾ തേടുന്നു. അവരുടെ ജീവിത ലക്ഷ്യങ്ങളുടെ സാക്ഷാൽക്കാരത്തിന് ഇത്തരം രീതികൾ ഉപാധിയാകണം എന്നവർ കരുതുന്നു. ഇത് ഏതറ്റം വരെയെന്നാൽ. ഇത്തരം കുത്സിത മാർഗ്ഗങ്ങളിലൂടെ കൈവരിച്ച വിജയങ്ങൾ അവരുടെ സ്നേഹിതന്മാർക്ക് മുമ്പാകെ വമ്പിച്ച അഭിമാനത്തോടെ വിവരിക്കുന്നു. ഇതിനെ മഅ്രിഫത്തിന്റെയും (ദൈവികജ്ഞാനത്തിന്റേയും) നീതിയുടേയും വീക്ഷണത്തിൽ വിലയിരുത്തുമ്പോൾ അവരുടെ ഈ രീതിയും ഉപാധികളും അവർക്ക് ഏറെനാൾ നീണ്ടുനിൽക്കുന്ന സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നില്ല എന്ന് നമുക്ക് കാണാൻ സാധിക്കും. എപ്പോഴെങ്കിലും അവരോട് ഇത്തരം കാര്യങ്ങളെ പറ്റി ചോദിക്കുക. അവർ എപ്പോഴും നിരാശയുടേയും, വിഷമത്തിന്റെയും മുഖം കാണിക്കും. ശാന്തിയും സന്തോഷവും ഒരിക്കലും അവരുടെ വദനങ്ങളിൽ പ്രത്യക്ഷപ്പെടുന്നില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഒരാളുടെ മുഖത്ത് സംതൃപ്തിയുടെ അടയാളങ്ങൾ പ്രകടമാവുകയുള്ളൂ. ഏതുവരെ ഒരാൾ ദൈവത്തിൽ പൂർണ്ണമായി വിശ്വസിക്കുന്നില്ലയോ ഏതൊരാൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കുകയും അവൻ വിജയങ്ങൾ തന്നരുളാൻ കെല്പുള്ളവനാണെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നില്ലയോ ഏതൊരാൾ തന്റെ ജീവിതത്തിൽ ഒരു സമൂല പരിവർത്തനം സാധ്യമാക്കി സച്ചരിതരുടെ മാർഗ്ഗത്തിൽ ചരിക്കുന്നില്ലയോ അയാൾക്ക് ഒരിക്കലും പൂർണ്ണ സംതൃപ്തി ലഭിക്കില്ല.

അല്ലാഹു ഖുർആനിൽ പറയുന്നു.

അവൻ സത്യവിശ്വാസികളെ സംരക്ഷിക്കും. (7:197)

അതായത് പരിഷ്കരണത്തിന്റെയും നന്മയുടേയും മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവന് അല്ലാഹു രക്ഷകനാവും. അത്തരം വ്യക്തികളെ അല്ലാഹു എല്ലാ തരത്തിലും സംരക്ഷിക്കും.

ഒരാൾക്ക് ഒരു സംരക്ഷകനുണ്ടെങ്കിൽ അയാളുടെ പല ഭാരങ്ങളും ഒഴിവാക്കാൻ കഴിയും. ഒരു മാതാവ് കുഞ്ഞിന്റെ രക്ഷകയായി വർത്തിക്കുമ്പോൾ കുഞ്ഞിന് അതിന്റെ ആവശ്യങ്ങളെ സംബന്ധിച്ച് ഒന്നും ആകുലപ്പെടേണ്ടതില്ല. മാതാവ് ആ കുഞ്ഞിന്റെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ചുകൊടുക്കും. കുഞ്ഞിന്റെ ആഹാരം, വസ്ത്രം, അതുപോലെയുള്ളതിനെല്ലാം മാതാവ് ഉൽകണ്ഠപ്പെട്ടുകൊണ്ടിരിക്കും. അവൾ കുഞ്ഞിന്റെ ആരോഗ്യം പരിപാലിക്കുകയും അതിനെ കുളിപ്പിച്ച് വൃത്തിയാക്കുകയും ചെയ്യുന്നു. ചിലപ്പോൾ മാതാവ് കു ഞ്ഞ് ഭക്ഷണം കഴിക്കാനും പാനീയും കുടിക്കാനും വസ്ത്രം ഉടുപ്പിക്കാനും ചെറുതായി അടിക്കുന്നു. കുഞ്ഞിന് അവന്റെ ആവശ്യങ്ങളെന്താണെന്ന് അറിയുന്നില്ല. എന്നാൽ മാതാവിന് അതറിയുകയും അത് നിവർത്തിക്കുന്നതിൽ വ്യാപൃതയാവുകയും ചെയ്യുന്നു. കുഞ്ഞ് മാതാവിന്റെ സംരക്ഷണ വലയത്തിൽ നിന്ന് വളർന്ന് വലുതാവുമ്പോൾ സ്വാഭാവികമായും അവന് മറ്റു ചില രക്ഷാധികാരികളെയും സംരക്ഷകരേയും ആവശ്യമായിവരുന്നു. അവന്റെ, രക്ഷാധികാരികളാവാൻ മറ്റു പലരേയും പല രീതിയിൽ

അവൻ തേടുന്നു. അവന്റെ പലവിധ ആവശ്യങ്ങളും നിറവേറ്റാൻ കഴിഞ്ഞേക്കാവുന്ന മറ്റുള്ളവരെ അവൻ തന്റെ രക്ഷാധികാരികളും സംരക്ഷകരുമായി കാണാൻ ശ്രമിക്കുന്നു. അവനെപോലെ തന്നെ സ്വയം ബലഹീനരായ വ്യക്തികളെ അവന്റെ രക്ഷാധികാരികളും സംരക്ഷകരുമാക്കിവെക്കുന്നു. അവരാകട്ടെ തങ്ങളുടെ സ്വന്തം ആവശ്യങ്ങളിൽ തന്നെ മുങ്ങിക്കിടക്കുന്നവരും മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർണ്ണമായി ശ്രദ്ധിക്കാൻ കഴിവില്ലാത്തവരുമാണ്.

ഒരാൾ തന്റെ മറ്റുള്ളവരിലുള്ള അത്തരം ആശ്രിതത്വം മുറിച്ചുമാറ്റുകയും സാത്വികമായൊരു ജീവിതം നയിക്കുകയും സ്വയം പരിഷ്കരിക്കുകയും ചെയ്യുന്നുവോ അത്തരക്കാർക്ക് ദൈവം സ്വയം സംരക്ഷകനും രക്ഷാധികാരിയുമായിത്തീരും. അവന്റെ എല്ലാ ആവശ്യങ്ങളും, ആഗ്രഹങ്ങളും പൂർത്തിയാക്കിതരുന്നു. അത്തരം ആളുകൾക്ക് യാതൊരുവിധ ബാഹ്യമായ സംരക്ഷകന്റേയും ആവശ്യം വേണ്ട. അവരുടെ ആവശ്യങ്ങൾ അവർ സ്വയം അറിയുന്നതിനേക്കാൾ കുടുതലായി അല്ലാഹുവിന്നറിയാം. അത്തരക്കാർക്ക് അത്ഭുതങ്ങൾ ഉളവാക്കുമാറ് അവന്റെ അനുഗ്രഹങ്ങളും മഹത്വങ്ങളും അവരിൽ ചൊരിയുന്നു.

ദൈവം ഒരു മനുഷ്യന്റെ രക്ഷാധികാരിയാകണമെങ്കിൽ ആ വ്യക്തി നിരവധി ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു വ്യക്തി ദൈവത്തിന്റെ രക്ഷാധികാരിത്വത്തിനു കീഴിൽ വരുന്നതിനു മുമ്പായി മറ്റു പല രക്ഷാധികാരികളുടേയും രക്ഷാകർതൃത്വത്തിലൂടെ കടന്നുപോവേണ്ടതുണ്ട്. അല്ലാഹു ഖുർആനിൽ പറയുന്നു.

" പറയുക ഞാൻ അഭയം പ്രാപിക്കുന്നു. മനുഷ്യരുടെ നാഥനെ, മനുഷ്യരുടെ രാജാവിനെ, മനുഷ്യരുടെ യഥാർത്ഥ ആരാധ്യനെ, പിൻമാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽ നിന്ന്, മനുഷ്യ ഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ,

> **ഒരാൾ തന്റെ മറ്റുള്ളവരിലുള്ള അത്തരം ആശ്രിതത്വം മുറിച്ചുമാറ്റുകയും സാത്വികമായൊരു ജീവിതം നയിക്കുകയും സ്വയം പരിഷ്കരിക്കുകയും ചെയ്യുന്നുവോ അത്തരക്കാർക്ക് ദൈവം സ്വയം സംരക്ഷകനും രക്ഷാധികാരിയുമായിത്തീരും. അവന്റെ എല്ലാ ആവശ്യങ്ങളും, ആഗ്രഹങ്ങളും പൂർത്തിയാക്കിതരുന്നു.**

മറഞ്ഞിരിക്കുന്നവരിൽ നിന്നും സാധാരണ മനുഷ്യരിൽ നിന്നുമുള്ളവൻ" (114-2-7)

ആദ്യമായി മനുഷ്യന് പ്രായപൂർത്തിയെത്തുന്നതു വരെ മാതാപിതാക്കളുടെ ആവശ്യമുണ്ട്. അതിന് ശേഷം അവന് രാജാക്കന്മാരുടേയും ഭരണാധികാരികളുടേയും ആവശ്യമുണ്ട്. അവൻ കൂടുതൽ വളരുമ്പോൾ അവന്റെ വികലതകൾ മൂലം മറ്റു പലരിലും അവൻ വിശ്വാസമർപ്പിക്കുന്നു. അവരാകട്ടെ അവന്റെ ആവശ്യങ്ങൾ നിവർത്തിച്ചുകൊടുക്കാൻ ശക്തിയില്ലാത്ത ദുർബ്ബലരായ മനുഷ്യ ജീവികളാണ്. ഈ ഘട്ടത്തിലാണ് അവൻ സ്ഥിരോത്സാഹത്തോടുകൂടി ദൈവത്തിങ്കലേക്ക് (ദൈവപാതയിൽ) തിരിയുന്നത്. ദൈവം മാത്രമാണ് തന്റെ യഥാർത്ഥ രക്ഷാധികാരിയും സംരക്ഷകനുമെന്നും അവനറിയുന്നു. ഈ അറിവ് അവനിൽ അളവറ്റ ആനന്ദത്തിന്റെ ഉറവിടമായിതീരുന്നു. അവിടം മുതൽ അവൻ സംതൃപ്തിയുടേതായ ഒരു ജീവിതത്തിൽ പ്രവേശിക്കുന്നു. ദൈവം തന്നെ അവനോട് പറയുന്നു. "ഞാൻ നിന്റെ മുതവല്ലി (സംരക്ഷൻ) ആണെന്ന്. ആ നിമിഷം മുതൽ അവൻ സംതൃപ്തിയുടേയും സന്തോഷത്തിന്റെയും അവസ്ഥയിലെത്തുന്നു. അതെല്ലാം വാക്കുകളിൽ ആവിഷ്കരിക്കാൻ സാധ്യമല്ല. ഈ സന്ദർഭത്തിൽ ഒരു മനുഷ്യന്റെ ജീവിതം എല്ലാവിധ ദുഖങ്ങളിൽ നിന്നും മുക്തമാവുന്നു. ലൗകിക ജീവിതത്തിലാകട്ടെ മനുഷ്യന് ദു:ഖങ്ങളൊഴിഞ്ഞ നേരമില്ല. ലോകത്തിന്റെ ഈ ഊഷര ഭൂമിയിൽ മുഴുവൻ ദുഖങ്ങളും മുള്ളുകളുമാണ്. ഒരു പേഴ്സ്യൻ പഴമൊഴിയിൽ പറഞ്ഞതുപോലെ

"ഇവിടെ വേദനകളും നിഗൂഢമായ വിപത്തുകളുമല്ലാതെ മറ്റെന്താണുള്ളത്. ലോകത്തിന്റെ തീക്ഷ്ണമായ ഊഷരതയിൽ സമാശ്വാസത്തിനായി ദൈവത്തിന്റെ അടുപ്പമല്ലാതെ മറ്റെന്താണുള്ളത്."

ദൈവം തന്റെ സ്നേഹിതന്റെ രക്ഷകനാകുന്ന അവസ്ഥയിൽ ലോകത്തിന്റെ ആകുലതയിൽ നിന്നും അവൻ മുക്തനാകുകയും അവൻ യഥാർത്ഥ ആനന്ദത്തിന്റെയും തൃപ്തിയുടേയും ഒരു ജീവിതത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നു. അത്തരം ആളുകൾക്ക് ദൈവത്തിൽ നിന്നുള്ള ഒരു വാഗ്ദാനം ഇങ്ങിനെയാണ്.

"വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തുകൂടെ അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്യും. (65: 3-4)

ആരാണോ സത്യവിശ്വാസത്തിന്റെ പാത തിരഞ്ഞെടുക്കുന്നത്, ദൈവം അവനെ സകലവിധ ദു:ഖങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും രക്ഷിക്കുന്നതാണ്. ദൈവം സ്വയം തന്നെ അവന്റെ കാര്യങ്ങളെല്ലാം നോക്കുകയും അവൻ ഒരിക്കലും വിചാരിക്കാത്ത മാർഗ്ഗങ്ങളിലൂടെ അവനെ സഹായിക്കുകയും ചെയ്യുന്നു. (മൽഫൂസാത്ത് വാള്യം 17 പേജ് 52-54)

ലേഖനം

# വഴിമുടക്കികളായ പണ്ഡിതന്മാർ

എൻ. ഇ. ഹഖ്

## ആത്മീയ ശൂന്യമായ ശുഷ്കപാണ്ഡിത്യം ചെയ്തുകൂട്ടുന്ന മതദ്രോഹങ്ങളെപ്പറ്റി

രണ്ട് ദൗർഭാഗ്യങ്ങളാണ് ഇസ്‌ലാമിനെ വിടാതെ പിന്തുടരുന്നത്. ഒന്ന് ഇസ്‌ലാമിനു നേരെയുള്ള പൊള്ളയായ സംശയങ്ങളും അധിക്ഷേപങ്ങളും പാഴാവാൻ മാത്രം വിധിക്കപ്പെട്ട കുതന്ത്രങ്ങളുമായി വിലസുന്ന ശത്രുജനം. മറ്റേത് ഉപയോഗശൂന്യമായ അവിശ്വാസ വിധികളും അറുവഷളൻ ചിന്താഗതികളുമായി ഇവർക്ക് സൗജന്യമായി വിടുപണി ചെയ്യുന്ന ഉദ്ധണ്ഡരായ ഉലമാവൃന്ദം. ഈ രണ്ടു വിഭാഗങ്ങളും തങ്ങളുടെ ശക്തിക്കൊത്തവിധം ഇസ്‌ലാമിന് കോടാലി വെയ്ക്കുന്നതിൽ വ്യാപൃതരാണ്. എങ്കിലും ഇസ്‌ലാമിനെന്നും ഒരായിരം വിഷമസന്ധികളുണ്ടാക്കുന്നതിൽ, ഇസ്‌ലാമിനെ വഴക്കാളികളുടെ മതമാക്കിക്കാട്ടുന്നതിൽ മുമ്പന്തിയിൽ ഉലമാക്കൂട്ടം തന്നെയാണെന്നതിൽ സംശയമില്ല. അതുകൊണ്ടാണ് ഇവറ്റകളെ ഇസ്‌ലാമിന്റെ ഗുപ്തശത്രുക്കൾ എന്ന് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ വാഗ്ദത്ത മസീഹ്, ഹസ്റത്ത് അഹ്മദ് (അ) വിശേഷിപ്പിച്ചത്.

"കൊതുകിനെ അരിച്ചുനീക്കുകയും ഒട്ടകത്തെ അപ്പടി വിഴുങ്ങുകയും ചെയ്യുന്നവരാണവർ" - ഇക്കൂട്ടരെ മരണമടഞ്ഞ ഇസ്രായീൽ മസീഹിന്റെ കാലത്തെ യൂദപരീശൻമാരോട് ഉപമിച്ചുകൊണ്ട് ആ മഹാത്മാവ് പറയുകയുണ്ടായി. "സ്വർഗ്ഗരാജ്യം മനുഷ്യർക്കായി കൊട്ടിയടക്കുന്നു. അവരോ അതിൽ പ്രവേശിക്കുകയില്ല; പ്രവേശിക്കുന്നവരെ അവരൊട്ടു കടത്തുകയുമില്ല. "നീണ്ടു നീണ്ട നമസ്ക്കാരം അനുഷ്ഠിക്കും. എന്നാൽ അവരുടെ ഹൃദയത്തിലാകട്ടെ ആ യഥാർത്ഥ ആരാധ്യന്റെ നേരെ സ്നേഹമോ ആദരവോ ഇല്ല. മിമ്പറിൽ കയറിയിരുന്നു വികാരഭരിതങ്ങളായ പ്രസംഗം നടത്തും. എന്നാൽ അവരുടെ സ്വകാര്യ ജീവിതം മറ്റൊന്നായിരിക്കും." (ഫത്ത്ഹെ ഇസ്‌ലാം, പേ. 25)

### ക്രിസ്തുമതത്തെ സേവിക്കുന്നവർ

ഇങ്ങനെയൊക്കെയാണ്, ഇവരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള ബന്ധമെങ്കിൽ, വിശ്വാസ കാര്യങ്ങളിൽ വൈരുദ്ധ്യങ്ങളുടെയും വിവരക്കേടുകളുടെയും കാളക്കൂടം പേറുന്നവരാണ് ഈ വിഭാഗം. ഇസ്‌ലാമിനെക്കാൾ ക്രിസ്തുമതത്തെ ഇവർ സേവിക്കുന്നു. ഒരു ഭാഗത്ത് പ്രവാചകത്വ സമാപ്തി ആഘോഷിക്കുകയും മറുഭാഗത്ത് ഇസ്‌ലാമിന്റെ നവീകരണത്തിന് പരേതനായ മസീഹാ പ്രവാചകനായി വീണ്ടുമവതരിക്കാനുണ്ടെന്ന കെട്ടുകഥ പ്രചരിപ്പിക്കുകയും ചെയ്യുന്നു. ബഹുദൈവ വിശ്വാസങ്ങളോടുള്ള വെറുപ്പ് പുറമെ പ്രകടിപ്പിക്കുമെങ്കിലും ബഹുദൈവാശയങ്ങളെയും മനുഷ്യദൈവങ്ങളെയും തുണക്കുന്ന കാര്യത്തിൽ തന്ത്രപൂർവ്വം വേണ്ടുന്നതെല്ലാം ചെയ്യുന്നതും കാണാം. വിശുദ്ധഖുർആൻ യേശുമിശിഹാ മരണമടഞ്ഞതായി സാക്ഷ്യം നൽകുന്നു. ആത്മീയമായി എന്നെന്നും ജീവിക്കുന്ന പ്രവാചകൻ മുഹമ്മദ് നബി (സ) തിരുമേനി മാത്രമാണെന്നും അത് സൂചിപ്പിക്കുന്നു. പക്ഷെ, ഇവരാകട്ടെ ചില മുട്ടു ന്യായങ്ങളുമായി വന്നു മരണമടഞ്ഞ മസീഹാ ആകാശത്തു ജീവനോടെയിരിക്കുകയാണെന്നും പ്രവാചകന്മാരുടെ നായകനായ നബി (സ) തിരുമേനി മണ്ണിൽ മറമാടിയ വെറുമൊരു ശവശരീരം മാത്രമാണെന്നും നമുക്ക് തിരുത്തിത്തരുന്നു! പ്രവാചകത്വം അല്ലാഹുവിൽ നിന്നുള്ള ഏറ്റവും മഹനീയമായ അനുഗ്രഹമാണെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. പോയ കാലത്തെയും ഭാവികാലത്തെയും പ്രവാചകത്വത്തെ സ്ഥിരീകരിക്കുന്ന എക്കാലത്തേക്കുമുള്ള ഒരു സ്വർഗീയ മുദ്രയായിട്ടാണ് തിരുനബിയെ അത് വാഴ്ത്തുന്നത്. പക്ഷെ ഇവരോ, പ്രവാചകത്വം അനുഗൃഹീതമായതൊക്കെ പഴയ കാലത്താണെന്നും ഇനി അതൊക്കെ ശാപമായിരിക്കുകയേയുള്ളൂവെന്നും നിർലജ്ജം പ്രഖ്യാപിക്കുന്നു. നബി (സ) തിരുമേനിക്ക് അവസാനത്തെ ഒരു ഇഷ്ടികയുടെ റോളാണെന്നും അദ്ദേഹത്തിന്റെ ആഗമനത്തോടെ പ്രവാചകത്വമാകുന്ന മതിൽ

## നിർമ്മതവാദ കൂടോത്രങ്ങൾ

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ജനങ്ങൾക്ക് ആത്മീയ പിതാക്കളാണെങ്കിൽ, മുഹമ്മദ് നബി (സ) തിരുമേനി പ്രവാചകന്മാർക്കു കൂടി ആത്മീയ പിതാവാണ്. ആത്മീയ സന്താനങ്ങളെന്നോണമുള്ള ദൈവദൂതന്മാർക്ക് ജന്മം നൽകുകയും അവരുടെ ദൗത്യ ലക്ഷ്യത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന അവിരാമമായ ആത്മീയ സ്രോതസ്സാണ് അദ്ദേഹമെന്ന തിരിച്ചറിവാണ് വിശുദ്ധഖുർആൻ നൽകുന്നത്. എന്നാൽ നബി (സ) തിരുമേനിയുടെ അനഭിഗമ്യമായ ഈ ഔന്നത്യം പ്രവാചകത്വ സമാപ്തി യെ കുറിക്കുന്നുവെന്ന തലതിരിഞ്ഞ സിദ്ധാന്തം തട്ടിക്കൂട്ടാനാണ് മുല്ലമാരും അല്ലാമമാരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തങ്ങളുടെ ഈ സ്വയം കൃത തത്ത്വത്തിന് ന്യായീകരണം നൽകാൻ ഇസ്ലാമിന്റെയും വിശുദ്ധഖുർആന്റെയും എന്തിനേറെ മതത്തിന്റെ തന്നെയും വേലിചാടി, ഇരവുവാങ്ങിയ ചില നിർമ്മതവാദ കൂടോത്രങ്ങളും അവർ എഴുന്നള്ളിക്കുകയുണ്ടായി. മനുഷ്യന്റെ ബുദ്ധിപരമായ പക്വത യെന്ന സുമോഹന ആശയമാണ് അതിലൊന്ന്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ മുസ്ലിം ചിന്തകനായി കൊണ്ടാടപ്പെടുന്ന അല്ലാമാ സർ മുഹമ്മദ് ഇഖ്ബാൽ, ഈ മാരണം കാട്ടിയാണ് ദൈവിക മാർഗ്ഗദർശനത്തിന്റെ വഴിമുടക്കിക്കളയാനുള്ള തന്റെ സംഭാവന അർപ്പിച്ചത്. മനുഷ്യൻ മാനസികവും ധൈഷണികവുമായ തലത്തിൽ പക്വത പ്രാപിച്ച ഘട്ടത്തിലാണ് പരിപൂർണ്ണ വേദഗ്രന്ഥമായ വിശുദ്ധഖുർആൻ വെളിപ്പെട്ടതെന്ന സങ്കല്പത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇത് ഉന്നയിച്ചത്. മനുഷ്യന്റെ ഈ പരിപക്വത (Maturity) ഏതെങ്കിലും ദിവ്യപുരുഷൻ മുഖേനയുള്ള ദൈനംദിന മാർഗ്ഗദർശനത്തിന്റെ ആവശ്യകതമാത്രമല്ല, ദൈവത്തിൽ നിന്നുള്ള എല്ലാതരം വെളിപാടുകളെയും നിരർത്ഥകമാക്കുന്നുണ്ടത്രെ. പ്രവാചകത്വത്തെ സംബന്ധിച്ച അല്ലാമാ ഇഖ്ബാലിന്റെ നാസ്തിക

കെട്ടിബന്ധിക്കപ്പെട്ടുവെന്നും ഇവർ നമ്മോടു പറഞ്ഞുതരുന്നു! പക്ഷെ, പ്രവാചകത്വ സമാപ്തിയുടെ ഈ കല്പിത മതിലിൽ ഇസ്ലാമിനെ പുനരുദ്ധരിക്കാൻ പരേതനായ ഈസാനബിക്ക് വരാനുള്ള ഒരു തുള ഇവരുണ്ടാക്കിയിട്ടുണ്ട്താനും! എന്നിട്ടു, പ്രവാചകത്വ സമാപ്തി സ്ഥാപിച്ചുകൊണ്ടെന്ന പോലെ ഉളുപ്പേതുമില്ലാതെ തങ്ങളുടെ അരോചക വിതണ്ഡവാദം വിളമ്പികൊണ്ട് ' ഇനിയൊരു പ്രവാചകന്റെയോ റസൂലിന്റെയോ ആവശ്യമുണ്ടോ?' എന്നിവർ നമ്മോട് ചോദിക്കുകയും ചെയ്യുന്നു!!

## പ്രവാചകനെ കാത്തിരിക്കുന്നവർ

സത്യത്തിൽ ദൈവത്തെ കാണാൻ, മനുഷ്യനിലെ യഥാർത്ഥ ആത്മീയത പുന:സൃഷ്ടിക്കാൻ പ്രവാചകന്റെയോ റസൂലിന്റെയോ തന്നെ ആവശ്യമുണ്ട്. ആത്മീയമായി മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ, വിസ്മൃതിയിലാണ്ട സൻമാർഗ്ഗ ബോധം വീണ്ടെടുക്കാൻ, നന്മയിലേക്കുള്ള സത്യമായ ആഭിമുഖ്യം സൃഷ്ടിക്കാൻ പ്രവാചകന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂ. അവരുടെ ദിവ്യാത്ഭുതങ്ങളുടെയും സ്വർഗീയാടയാളങ്ങളുടെയും അഭാവത്തിൽ യഥാർത്ഥ ദൈവ വിശ്വാസം പഴം പുരാണങ്ങളിൽ മാത്രം ഒതുങ്ങുന്നു. ദൈവത്തിന്റെ രൂപം ദർശിക്കാനുള്ള ദർപ്പണമായതുകൊണ്ടു തന്നെയാണ് അവരെ ഈശ്വരാവതാരങ്ങളായി വിശേഷിപ്പിക്കപ്പെടുന്നതും ബഹുദൈവ വിശ്വാസികൾ പോലും ഒരു നല്ല യുഗത്തിനായി ഈശ്വരാവതാരത്തെ കാത്തുകഴിയുന്നതും. അതുകൊണ്ടുതന്നെയാണ് പ്രവാചകത്വ സമാപ്തിയുടെ ആകാശ ക്കോട്ടയിൽ അടയിരിക്കുന്നവർ തന്നെ അബോധാവസ്ഥയിൽ പുതിയൊരു യുഗത്തിനായി പരേതനായ ഒരു പ്രവാചകനെയെങ്കിലും കാത്തിരിക്കുന്ന ഗതികേടിലെത്തിയത്. ഒരു പ്രവാചകന്റെ ആഗമനം ഈ ആധുനിക കാലത്ത് സംഭവ്യമാണെന്ന യാഥാർത്ഥ്യം അടിവരയിടുന്ന രീതിയിൽ എല്ലാ മതങ്ങളിലും വിശ്വാസികൾക്കിടയിലും ഇക്കാര്യത്തിലൊരു സമന്വയം ഉണ്ടായതും അതുകൊണ്ടുതന്നെയാണ്. വിശുദ്ധഖുർആനാകട്ടെ പ്രവാചകത്വത്തെ കാലത്തിന്റെ ആവശ്യത്തിനൊത്ത് പെയ്യുന്ന മഴയോടുപമിക്കുകയും ഇപ്രകാരം പ്രവാചകത്വത്തെ പ്രസരിപ്പിക്കുന്ന ആത്മീയ പിതൃത്വം നബി (സ) തിരുമേനിയുടെ അനശ്വരന്മായ ആത്മീയ സാന്നിധ്യത്തിനുണ്ട് എന്നു ചൂണ്ടിക്കാട്ടുകയുമാണ് ചെയ്യുന്നത്.

വിശുദ്ധഖുർആൻ പറയുന്നു.

"മുഹമ്മദ് നിങ്ങളിൽ ആരുടെയും പിതാവല്ല, എന്നാൽ അദ്ദേഹം ദൈവത്തിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാണ്" - (33:41)

മറ്റൊരിടത്ത് അർത്ഥ ശങ്കയ്ക്കിടയില്ലാത്ത വിധം ഇപ്രകാരം പ്രഖ്യാപിക്കുന്നു.

"അല്ലാഹുവിനെയും ഈ ദൂതനെയും അനുസരിക്കുന്നവർ, അല്ലാഹു അനുഗ്രഹിച്ച പ്രവാചകന്മാരോടൊപ്പമായിരിക്കും......" (5:70)

■

**അതുകൊണ്ടുതന്നെയാണ് പ്രവാചകത്വ സമാപ്തിയുടെ ആകാശ ക്കോട്ടയിൽ അടയിരിക്കുന്നവർ തന്നെ അബോധാവസ്ഥയിൽ പുതിയൊരു യുഗത്തിനായി പരേതനായ ഒരു പ്രവാചകനെയെങ്കിലും കാത്തിരിക്കുന്ന ഗതികേടിലെത്തിയത്**

■

ഗന്ധമുള്ള ഈ വിചിത്രമായ വീക്ഷണം ഏത് നിർമ്മത കുപ്പിയിൽ നിന്നു നുകർന്നതായിരിക്കാം?!

അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ, മർഹും ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്മ ഹുമുല്ലാ....) അത് ഇപ്രകാരം തുറന്നു കാ ട്ടുന്നു.

"ഒരു പരിപൂർണ്ണ ഗ്രന്ഥത്തിന്റെ സാന്നിധ്യം ഒന്നു കൊണ്ടുമാത്രം ഒരു മതസമൂഹത്തെ ശുദ്ധീകരിക്കുകയെന്ന യത്നം നടപ്പിലാക്കാനാവില്ലെന്ന് മനസ്സിലാക്കാൻ ആധുനിക ബുദ്ധി ജീവികൾക്ക് എന്തുകൊണ്ടാണ് കഴിയാത്തത്? അങ്ങനെയെങ്കിൽ, ആശയപരമായ ഒത്തൊരുമയുടെ ഉദാത്തമായ അവസ്ഥ ഇസ്ലാമിന്റെ അനുയായികളായിരുന്നില്ലേ നിലനിറുത്തേണ്ടത്. നിർഭാഗ്യവശാൽ സത്യം മറിച്ചാണല്ലോ. നമുക്കിവിടെ, ദിവംഗതനായ അല്ലാമാ സർ മുഹമ്മദ് ഇഖ്ബാലിനെ ന്യായീകരിച്ച് ആകെ കൂടി പറയാനാവുന്നത്, തന്റെ ഈ വിതണ്ഡവാദം വഴി ദൈവിക പ്രകാശത്തിന്റെ വഴിമുടക്കിക്കളയാനുള്ള ആശയം അദ്ദേഹത്തിന്റെ സ്വന്തമൊന്നുമായിരുന്നില്ലെന്നതു മാത്രമാണ്. മറിച്ച് അദ്ദേഹത്തിനു പിണഞ്ഞ അബദ്ധം പ്രശസ്ത ജർമ്മൻ തത്ത്വചിന്തകൻ നീത്ഷേയെ അന്ധമായി പകർത്തിയതായിരുന്നുവെന്നു വേണം പറയാൻ". (Revelation, Raitionality, Knowledge, and Truth)

### കടം വാങ്ങിയ തത്ത്വശാസ്ത്രം

ജർമ്മൻ ദാർശനികൻ ഫ്രെഡ്രിക് നീത്ഷേയുടെ (Friedrich Nietszhe) 'അതിമാനുഷ' (Superman) സങ്കൽപ്പത്തിന്റെ മതപരമായ കോപ്പിയാണ് തത്ത്വചിന്തകനായ മഹാകവിയുടേതെന്നാണ് അഹ്മദിയ്യാ ഇമാം ഇവിടെ വെളിപ്പെടുത്തിയത്. നീത്ഷേയെ സംബന്ധിച്ചിടത്തോളം ദൈവമെന്നത്, മനുഷ്യന്റെ പക്വതയിലെത്തുന്നതിനു മുമ്പുള്ള കാലഘട്ടങ്ങളിലെ അവന്റെ അപൂർണ്ണമായ യുക്തിസിദ്ധി ആശ്രയിച്ച ഒരു സങ്കൽപ്പം മാത്രമാണ്. ഇപ്പോൾ മനുഷ്യൻ ധൈഷണികമായി പരിപക്വനായിരിക്കെ ദൈവം എന്നു പറയപ്പെടുന്ന സങ്കൽപ്പത്തിൽ നിന്നു ഇനിയൊരു മാർഗ്ഗദർശനവും തേടേണ്ട ആവശ്യമില്ല. അവന്റെ കഴിവുകളും സിദ്ധികളും തന്നെ മനുഷ്യന് സ്വയം മാർഗ്ഗദർശനം നൽകാൻ പര്യാപ്തമാണ്. അതുകൊണ്ടാണ് 'ദൈവം മരിച്ചു' എന്നു നീത്ഷേ പ്രഖ്യാപിച്ചത്.

ഹസ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്മഹുമുല്ലാ......) ഇപ്രകാരം തുടരുന്നു.

"കടം വാങ്ങിയ ഈ തത്ത്വശാസ്ത്രത്തെ ദൈവത്തിന്റെ ആവശ്യകതയെ അപ്പടി തള്ളിക്കളയുന്നതിനു വേണ്ടി ഉപയോഗിക്കുന്നതിന് പകരമായി, അല്ലാമാ ഇഖ്ബാൽ അതിലെ പക്വതാ സങ്കൽപമെടുത്ത് ഇസ്ലാമിക വൃത്തത്തിനുള്ളിൽ തന്റെ സ്വന്തം താത്പര്യത്തിന്നനുഗുണമായി നല്ല വെടിപ്പിൽ ചെത്തിമിനുക്കുകയാണുണ്ടായത് ......... ഇഖ് ബാലിന്റെ ഭേദഗതി പ്രകാരമുള്ള ഈ പക്വതാ സങ്കൽപം (Maturity Concept) പ്രവാചകത്വത്തിന്റെ ആവശ്യകതയെ മാത്രമല്ല, ദൈവത്തിൽ നിന്നു പ്രവാചകത്വവുമായി ബന്ധമില്ലാത്ത വെളിപാടുകളുടെ രൂപത്തിലുള്ള ഏതെങ്കിലും ആശയ വിനിമയത്തിന്റെ ആവശ്യകതയെപ്പോലും മുച്ചൂടും തിരസ്കരിക്കുന്നു. മനുഷ്യൻ അവന് ഇതിനകം പ്രദാനം ചെയ്യപ്പെട്ട മാർഗ്ഗദർശനത്തിന്റെ വെളിച്ചത്തിൽ തന്നെ എല്ലാ സുപ്രധാന കാര്യങ്ങളും തീരുമാനിക്കാൻ പ്രാപ്തനായി കഴിഞ്ഞിട്ടുണ്ട്. ഇനിയവൻ തന്റെ കുഞ്ഞുവിരലുകൾ കൊണ്ട് പ്രവാചകന്റെ കൈപിടിച്ച് നടക്കേണ്ട കൊച്ചുകുട്ടിയൊന്നുമല്ല എന്ന് ഇഖ്ബാൽ വാദിക്കുന്നു. സ്വന്തം കാര്യം നോക്കാൻ അവൻ പ്രായപൂർത്തിയിലെത്തിക്കഴിഞ്ഞില്ലേ? പ്രത്യക്ഷത്തിൽ യുക്തിപരമായ ന്യായവാദം. പക്ഷെ, ഈ വാദഗതിയുടെ സാങ്കല്പികതയും പൊള്ളത്തരവും കാണാൻ മനുഷ്യന്റെ ആത്മീയനിർഗതിയിലേക്കും സാന്മാർഗ്ഗിക ദാരിദ്ര്യത്തിലേക്കുമുള്ള ഒരെത്തിനോട്ടം മാത്രം മതിയാവും" (ibid)

ഇസ്ലാമിൽ പ്രവാചകത്വത്തിന്റെ അനുസ്യൂതാവസ്ഥയെ നിഷേധിക്കാനുള്ള തിരക്കിൽ, അഹ്മദിയ്യാ ജമാഅത്തിനെതിരിൽ, ഇങ്ങനെ ഫ്രെഡ്രിക് നീത്ഷേയുടെ കോലം കെട്ടി അവതരിപ്പിച്ച മഹാകവി, കാണെക്കാണെ തന്റെ ജീവിതത്തിന്റെ അവസാന യാമങ്ങളിൽ ദീനും ധർമ്മവും പടിക്കു പുറത്തുവെച്ച് ആ നാസ്തിക ദാർശനികന്റെ ഒരു പൂർണ്ണമായ ശിഷ്യനായി രൂപാന്തരം പ്രാപിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്!

### പ്രവാചകത്വം ശാപമെന്ന്

പ്രവാചകാഗമനത്തിന്റെ വഴിമുടക്കൽ 'മഹത്തായ ധൈഷണിക സേവനങ്ങ' ഉർപ്പിച്ച മറ്റൊരാൾ ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്ലാ മൗദൂദിയായിരുന്നു. ഇസ്ലാമിക ചരിത്രത്തിലെ ആദ്യത്തെ ഭീകരന്മാരായ ഖവാരിജീങ്ങളുടെ മാതൃക പിൻപറ്റി, 'നിയമനിർമ്മാണാധികാരം അല്ലാഹുവിനു മാത്രം' എന്നു മുദ്രാവാക്യമുയർത്തി, കളവും കലാപവും കൊടിയ ഭരണവെറിയുമായി രംഗം കൈയ്യടക്കിയ ആളായിരുന്നു ഇദ്ദേഹം. ദൈവിക ബോധനവും ദൈവികമാർഗ്ഗദർശനവുമൊക്കെ മൗലവി മൗദൂദിയെ സംബന്ധിച്ചിടത്തോളം ലഘുവായ പോളിസി കാര്യങ്ങളായതുകൊണ്ട് പണ്ട് യേശുവിന്റെ പേരിൽ പോൾ അപ്പോസ്തലൻ കെട്ടിയേൽപ്പിച്ച 'ന്യായ പ്രമാണ ശാപം' എന്ന വികല പാഠം പോലെ, ഇസ്ലാമിന്റെ പേരിൽ പ്രവാചകത്വം തന്നെ ഇദ്ദേഹം ശാപമാക്കി മാറ്റുകയാണ് ചെയ്തത്. മൗദൂദിയുടെ അഭിപ്രായത്തിൽ മുഹമ്മദ് നബി (സ) തിരുമേനിയ്ക്ക് ശേഷമുള്ള 'പ്രവാചകത്വ പരിസമാപ്തി' മനുഷ്യരാശിക്ക് പൊതുവെയും മുസ്ലിംകൾക്ക് പ്രത്യേകിച്ചുമുള്ള അസാധാരണമായ ഒരു ദൈവാനുഗ്രഹമാണ്. കാരണം, ഇനിയൊരു ദൈവദൂതനെ കൂടി നിഷേധിക്കുകയെന്ന ദുസ്സാഹസത്തിൽ നിന്നു ഇത് അവരെ സംരക്ഷിക്കുക മാത്രമല്ല, പ്രവാചക നിഷേധം മൂലം കഴിഞ്ഞ തലമുറകൾക്കുണ്ടായ ദൈവ ശാപം ആവർത്തിക്കുന്നത് എന്നെന്നേക്കു

മായി തടയിടാനും ഇത് ഉപകരിക്കുന്നു!! പ്രവാചകത്വത്തെ സംബന്ധിച്ച മൗലവി മൗദൂദിയുടെ ഈ കൊടിയ ദൈവദൂഷണം വിശകലനം ചെയ്തുകൊണ്ട് അഹ്മദിയ്യാ ഇമാം ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്മഹുമുല്ലാ..) ഇങ്ങനെ ഉണർത്തി:

"ജനം ശപിക്കപ്പെട്ടേക്കുമെന്നതു കൊണ്ട് പ്രവാചകത്വ സംവിധാനം ആത്യന്തികമായി അവസാനിപ്പിക്കുകയാണെങ്കിൽ, അത് പ്രവാചകത്വം തന്നെ ശാപമാണെന്നു പ്രഖ്യാപിക്കുന്നതിന് തുല്യമാണ്. ഇങ്ങനെ മൗദൂദിയുടെ നവ -പോളിയൻ തത്ത്വശാസ്ത്രത്തിന് വേണ്ടത്, ദൈവം പ്രവാചകത്വമാകുന്ന 'ശാപ'ത്തെ മുച്ചൂടു മങ്ങ് എടുത്തുകളയുക എന്നതാണ്..... പക്ഷെ, ഈ ന്യായവാദം ഭാവിയിലേക്കുള്ളത്ര തന്നെ ഭൂതകാലത്തും ബാധകമായിരിക്കുമെന്ന് ഓർത്തിരിക്കേണ്ടതാണ്......... ഈ ശാപം പണ്ടുകാലത്തു തന്നെ അവസാനിപ്പിക്കാൻ ദൈവം ഇച്ഛിക്കാതിരുന്നത് എന്തുകൊണ്ടാണെന്നത് വിസ്മയകരം തന്നെ. പ്രവാചകൻമാരുമായുള്ള ഏറ്റുമുട്ടലിന്റെ സുദീർഘകമായ ചരിത്രത്തിലെമ്പാടും യഹൂദജനതക്ക് എന്താണ് സംഭവിച്ചത്? ദാവീദിന്റെ നാവിൽ നിന്ന് അവർ ശപിക്കപ്പെട്ടിരുന്നില്ലേ? യേശു (അ) ന്റെയും മോശെ (അ) ന്റെയും കാലഘട്ടങ്ങൾക്കിടയിൽ ഗ്രന്ഥാനുസാരികളായ ജനതക്ക് എന്താണ് സംഭവിച്ചത്?.......... എന്നിട്ടും മൗദൂദിക്ക് പിടികിട്ടിയ ആശയം ദൈവത്തിന് പിടികിട്ടിയില്ല! ഈ ദൈവിക മിത്ത് മൗദൂദിയുടെ മനസ്സിൽ രൂപം പൂണ്ട ഒന്നായതുകൊണ്ടായിരിക്കുമോ അത്? ഇത്തരത്തിലുള്ള വികല വിധി തീർപ്പ് അദ്ദേഹത്തിന്റെ ഭാവനാസൃഷ്ടി മാത്രമാകാനേ വഴിയുള്ളൂ. ദൈവം പ്രവാചകന്മാരെ ഒന്നിനു പിന്നിൽ മറ്റൊന്നായി അയച്ചുകൊണ്ടേയിരുന്നെങ്കിലും അഹങ്കാരിയായ മനുഷ്യൻ അവരെ ഒന്നൊന്നായി നിഷേധിക്കുകയാണുണ്ടായത്. ഇതുവഴി അവർ ഏറ്റുവാങ്ങിയ ശാപത്തിന് പ്രവാചകത്വ സംവിധാനത്തെയല്ല കുറ്റപ്പെടുത്തേണ്ടത്, മറിച്ച് അവരെ തന്നെയാണ് കുറ്റപ്പെടുത്തേണ്ടത്."(ibid)

**ഒരു ഭാഗത്ത് പ്രവാചകത്വ സമാപ്തി ആഘോഷിക്കുകയും മറുഭാഗത്ത് മരണമടഞ്ഞ ഈസാനബിയുടെ പുനരാഗമനത്തിലുള്ള വിശ്വാസം വഴി ഇനിയൊരു പ്രവാചകന്റെ ആവശ്യകത ഏറ്റുപറയുകയും ചെയ്യുന്ന ഗതികേടാണ് ഇവരെയൊക്കെ അബോധാവസ്ഥയിൽ പിന്തുടർന്നവർക്കുള്ളത്.**

### ദരിദ്രമായ വിശ്വാസവൈകൃതം

ആദം നബി മുതൽ മുഹമ്മദ് നബി (സ) തിരുമേനിയുടേതു വരെയുള്ള കാലഘട്ടങ്ങളിൽ പ്രവാചകന്മാരെ അയക്കാനുണ്ടായ ന്യായീകരണങ്ങളിൽ മൗദൂദി തീർച്ചയായും വിശ്വസിച്ചിട്ടുണ്ടാവണം. അവരോടുള്ള നിഷേധം, നിഷേധിച്ചവരിൽ ദൈവശാപം വിളിച്ചുവരുത്തിയെങ്കിൽ, ഈ ശപ്തരുടെ പട്ടികയിൽ ഒരു വിഭാഗം കൂടി ചേരുന്നതുകൊണ്ട് പ്രത്യേകിച്ച് എന്ത് തകരാറാണാവോ ഉണ്ടാക്കുക? പക്ഷെ, പ്രവാചകത്വ പരിസമാപ്തിക്കുവേണ്ടിയുള്ള ശാപഭീഷണിയുടെ വാറോലകൾക്കിടയിലും മൗദൂദി ദൈവത്തിന്റെ പ്രവാചകനെന്ന നിലയിൽ ഈസാനബി (അ) പുനരാഗമനം ചെയ്യുമെന്ന വിശ്വാസമുള്ളയാളാണെന്നു കൂടി കാണുമ്പോഴാണ് നാം അന്തംവിട്ടുപോകുന്നത്!! അഹ്മദിയ്യാ ഖലീഫ. ഹസ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്മഹുമുല്ലാ....) ചോദിക്കുന്നു:

"പഴയ ഈസാനബിക്ക് പകരമായി, മുസ്ലിംകൾക്കിടയിൽ നിന്നുതന്നെ പുതിയൊരു നിയമവാഹിയല്ലാത്ത ഒരു പ്രവാചകൻ എഴുന്നേൽപ്പിക്കപ്പെടുകയാണെങ്കിൽ അദ്ദേഹം ശാപത്തിന്റെ ഈ ബൃഹത്തായ അനശ്വര പദ്ധതിയ്ക്ക് ഏതു വിധേനയാണ് ഭംഗം വരുത്തുക? ആദം നബിയുടെ കാലം മുതൽ അദ്ദേഹത്തിനുമുമ്പുള്ള സകല പ്രവാചകന്മാരും അനുസ്യൂത ശാപത്തിന്റെ ഇതേ ദൈവികവിധിയെ സേവിച്ചവരായിരിക്കെ, എന്തുകൊണ്ട് അദ്ദേഹത്തിന്റെ ആഗമനം മാത്രം ആക്ഷേപകരമാവണം?" (ibid)

ഒരു ഭാഗത്ത് പ്രവാചകത്വ സമാപ്തി ആഘോഷിക്കുകയും മറുഭാഗത്ത് മരണമടഞ്ഞ ഈസാനബിയുടെ പുനരാഗമനത്തിലുള്ള വിശ്വാസം വഴി ഇനിയൊരു പ്രവാചകന്റെ ആവശ്യകത ഏറ്റുപറയുകയും ചെയ്യുന്ന ഗതികേടാണ് ഇവരെയൊക്കെ അബോധാവസ്ഥയിൽ പിന്തുടർന്നവർക്കുള്ളത്. വിവരമുള്ള മുസ്ലിംകളേ, ഇത്ര ദരിദ്രമായ വിശ്വാസവൈകൃതവും പേറി ഇനിയുമെത്ര കാലം?! കഷ്ടം!! ❍

## ദാനവും പാരിതോഷികവും

തിരുമേനി (സ) അടുക്കൽ വല്ലവരും വല്ല ഭക്ഷണ സാധനവും കൊണ്ടുവന്നാൽ "ഇത് ദാനമോ അതല്ല എനിക്കുള്ള പാരിതോഷികമോ" എന്ന് തിരുമേനി (സ) ചോദിക്കും. ദാനം എന്നു പറഞ്ഞാൽ നിങ്ങൾ തിന്നുകൊള്ളുക എന്ന് അനുചരന്മാരോട് അവിടുന്ന് അരുളും; തിരുമേനി (സ) കഴിക്കുകയില്ല. പാരിതോഷികമാണെന്നു പറഞ്ഞാലോ. ഉടനെ തിരുമേനി (സ) കൈനീട്ടി അവരോടൊപ്പം ഭക്ഷിക്കും.

***(ബുഖാരി).***

# മുല്ലമാരുടെ ആതുര ചിന്തകൾ

കെ. വി. ഈസക്കോയ

## സമുദായത്തെ രോഗാതുരമാക്കുന്നതാണ് പണ്ഡിത്മന്മാരുടെ നിലപാടുകൾ

പ്രഭാത വാർത്തകൾക്കായി ടി. വിയുടെ മുന്നിലിരിക്കുമ്പോൾ, താടിയും തലപ്പാവും ധരിച്ച് വികൃത മുഖഭാവത്തോടെ തോക്കിന് പിന്നിൽ നിൽക്കുന്ന 'മുസ്ലിം ഭീകരൻ' എന്ന ഓമനപ്പേരോട് കൂടിയ ഒരു തീവ്രവാദിയുടെ മുഖമായിരിക്കും ആദ്യം പ്രത്യക്ഷപ്പെടുന്നത്. ആരാണിയാൾ? ഇയാൾ ഭീതി പരത്തുന്ന വിധ്വംസക പ്രവർത്തനങ്ങൾ കാര്യസാദ്ധ്യത്തിനുള്ള ഉപാധികളാക്കി സ്വീകരിച്ചതെന്തിനായിരിക്കും? നിഷ്കളങ്കവും അനർഘവുമായ മനുഷ്യജീവിതത്തെ കൊയ്തൊടുക്കുവാൻ ഇയാളെ പ്രേരിപ്പിക്കുന്ന ഘടകങ്ങൾ എന്താണ്? എന്തിന് വേണ്ടിയാണിയാൾ നിഷ്ഫലവും നിഷ്ഠൂരവുമായ ഇത്തരം കൃത്യങ്ങൾ ചെയ്തുകൂട്ടുന്നത്? ചിന്തകളവസാനിക്കുന്നത് പ്രത്യുത്തരമില്ലാത്ത ഇത്തരം ചോദ്യങ്ങളിലാണ്.

നിസ്സാരരും, അല്പരുമായ ഏതാനും ചില വ്യക്തികളുടെ ഇത്തരം നീചകൃത്യങ്ങൾ, നിഷ്കളങ്കരും നിരപരാധികളുമായ ഭൂരിപക്ഷത്തിന്മേൽ ഗുരുതര പ്രത്യാഘാതങ്ങൾ സംജാതമാക്കുവാൻ മാത്രമേ ഉതകുകയുള്ളൂ. ഭീകര പ്രവർത്തനങ്ങളിലൂടെ ക്രൂരതകളും, സംഹാരതാണ്ഡവങ്ങളും അഴിച്ച്വിടുന്നവർ ആരായിരുന്നാലും അതിനു വേണ്ടി മതത്തേയും ദൈവത്തേയും കൂട്ടുപിടിക്കുന്നതിൽ യാതൊരു നീതീകരണവുമില്ലതന്നെ. ഇത്തരക്കാർ ധാർമ്മികമായും സാമൂഹ്യമായും മാപ്പ് അർഹിക്കുന്നുമില്ല. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് മതമോ ദൈവമോ അല്ല. മറിച്ച് മതത്തിന്റെ പൊയ്മുഖധാരികളായ, സ്ഥാപിത തൽപരരും അധികാര മോഹികളുമായ മതരാഷ്ട്രവാദികളാണ്. അവരുടെ പൊയ്മുഖം വലിച്ച് മാറ്റിയാൽ തനിനിറം പ്രത്യക്ഷപ്പെടുന്നത് കാണാം. ദൈവവും മതവും പറയാത്തതിൽ വിശ്വസിക്കുന്നവരാണവർ. ഈ അധമ പ്രത്യയ ശാസ്ത്രമാണ് അവരുടെ വേദപുസ്തകം. ഇത്തരക്കാരുടെ വിശ്വാസങ്ങൾക്കും പ്രവർത്തനങ്ങൾക്കും മതപരമായ യാതൊരു നീതീകരണവുമില്ല. സമാധാനത്തിന്റേയും സാർവ്വലൗകിക സാഹോദര്യത്തിന്റേയും ദർശനങ്ങൾ കാഴ്ചവെക്കുന്ന ഇസ്ലാമിന്റെ സുന്ദര വദനത്തിൽ ചെളി വാരിയെറിയുന്ന കലാപകാരികളാണിവർ.

ഇസ്ലാമിൽ പൗരോഹിത്യം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടില്ല. ഇസ്ലാമിൽ മനുഷ്യന് നേരിട്ട് ദൈവവുമായി ബന്ധം പുലർത്താവുന്നതാണ്. ഇസ്ലാമിക തത്വസംഹിതകളനുസരിച്ച് അതിന് ഒരു ഇടനിലക്കാരന്റെ ആവശ്യമില്ല. കുമ്പസാരിക്കുകയും പാപനിവേദനം കേൾക്കുകയും ചെയ്യുന്ന രീതി ഇസ്ലാമിലില്ല. ഒരു വിശ്വാസിക്ക് നേരിട്ട് ദൈവത്തോട് പാപമോചനത്തിനായി പ്രാർത്ഥിക്കാവുന്നതാണ്. സാധിക്കുമെങ്കിൽ ഓരോ വിശ്വാസിയും അഞ്ചു നേരത്തെ പ്രാർത്ഥനകൾ പള്ളികളിൽ അനുഷ്ടിക്കേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ പ്രാർത്ഥന നയിക്കുന്നതിനായി അവർ ഒരാളെ തിരഞ്ഞെടുക്കുന്നു. ഇങ്ങനെ തിരഞ്ഞെടുക്കപ്പെടുന്ന ആൾ അവരിൽ വെച്ചേറ്റവും ധർമ്മനിഷ്ഠയുള്ളവനും ജ്ഞാനിയുമായിരിക്കണം. മതപരമായ പരിജ്ഞാനം ആർജ്ജിക്കുന്നതിൽ ചിലർ മറ്റുള്ളവരേക്കാൾ അധികം താൽപര്യം കാണിച്ചെന്നിരിക്കും. ഇസ്ലാംമത വിശ്വാസികളുടെ അടിസ്ഥാനഗ്രന്ഥം ഖുർആനാണ്. നല്ല ഖുർആനിക ജ്ഞാനവും അതിന്റെ പരിഭാഷയും വ്യാഖ്യാനവുമറിയുന്നവർക്ക് മറ്റുള്ളവരേക്കാൾ ബഹുമാന്യത നൽകപ്പെടുന്നു. അത്തരം പരിജ്ഞാനികളാണ് സാധാരണയായി പള്ളികളിൽ പ്രാർത്ഥനകൾ നയിക്കുന്ന ഇമാമുകളായി (മുഖ്യകർമ്മികളായി) തിരഞ്ഞെടുക്കപ്പെടുന്നത്.

ഖുർആൻ, മുഹമ്മദ് നബി (സ) യിലൂടെ അവതരിക്കപ്പെട്ട ദൈവവചനങ്ങളാണെന്നാണ് ഓരോ മുസ്ലിമിന്റെയും വിശ്വാസം. ദൈവം മനുഷ്യകുലത്തിന് നേരിട്ട് നൽകിയ സന്ദേശങ്ങളാണത്. അക്കാരണത്താൽ തന്നെ ഓരോ മുസ്ലിമിന്റേയും ഹൃദയത്തിൽ ഖുർആന് ഒരു സമുന്നത സ്ഥാനവുമുണ്ട്. അറബിഭാഷയിലുള്ള പാണ്ഡിത്യം അനിവാര്യമാണ്. ഭാഷാപരമായ പരിജ്ഞാനത്തിന്റെ അനിവാര്യത

'മുല്ലാക്കൾ' എന്നറിയപ്പെടുന്ന ഒരു തരം വ്യാജപുരോഹിത വർഗ്ഗത്തിന്റെ പ്രാദുർഭാവത്തിന് കളമൊരുക്കിത്തീർത്തു.

ജീവിക്കുവാൻവേണ്ടി വേഷം കെട്ടിയ മുറിവൈദ്യന്മാരുടെ സവിശേഷതകളോട് കൂടിയ പ്രത്യേകതരം ആളുകളാണ് 'മുല്ലാക്കൾ' എന്നത് കൊണ്ട് വിവക്ഷിക്കുന്നത്. ദൈവശാസ്ത്രത്തിൽ പൂർണ്ണ പരിജ്ഞാനം സിദ്ധിക്കാത്ത, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതപോലും നേടിയിട്ടില്ലാത്ത, പലപ്പോഴും എഴുത്തും വായനയും മാത്രം അറിയുന്ന വ്യക്തികളാണിവർ. ഖുർആനിലും, ഹദീസിലും, നബിതിരുമേനി (സ) യുടെ സുന്നത്തിലും ഉപരിപ്ലവജ്ഞാനം മാത്രമാർജ്ജിച്ച ഇവരിൽ പലരും പ്രസംഗചാതുര്യം ഉള്ളവരാണ്. ഖുർആനികാദ്ധ്യാപനങ്ങളുടെ നൈയാമിക പ്രായോഗികതക്ക്, ഹദീസിലും, സുന്നത്തിലുമുള്ള ഗഹനമായ പരിജ്ഞാനം അനുപേക്ഷണീയമാണ്. അറബിഭാഷയിൽ വേണ്ടത്ര പ്രാവീണ്യം സിദ്ധിച്ചിട്ടില്ലാത്ത ഇവർക്ക്, അടിസ്ഥാനപരമായ കാര്യങ്ങളെക്കുറിച്ച് അറബിഭാഷയിൽ സംവദിക്കുവാനുള്ള കഴിവും കാണുകയില്ല. അത്കൊണ്ട് തന്നെ ഇവർക്ക് ഇസ്ലാമിക സിദ്ധാന്തങ്ങളെക്കുറിച്ചും, തത്വജ്ഞാനങ്ങളെക്കുറിച്ചുമുള്ള അവഗാഹവും നന്നെ കുറവായിരിക്കും. ഇത്തരക്കാരുടെ പ്രബോധന പ്രഭാഷണങ്ങൾ മിക്കവാറും ഒരേ വിഷയത്തെ ചുറ്റിപ്പറ്റിയുള്ളതും, തങ്ങളുടെ ശ്രോ താക്കളിൽ വൈകാരിക സ്വാധീനം ചെലുത്തുവാൻ പര്യാപ്തമായതുമായിരിക്കും. അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ അഭാവം കാരണം ഇവരുടെ അനുഭവജ്ഞാനം തന്നെ കുറവും, ഒരിക്കൽ രൂപീകൃതമായ അഭിപ്രായങ്ങളും വീക്ഷണങ്ങളും വളരെ കഠിനവും മാറ്റങ്ങൾക്ക് വഴങ്ങാത്തതുമായിരിക്കും. തുറന്ന ചർച്ചയിൽ പങ്കെടുക്കുവാൻ ഇവർക്ക് താൽപര്യമുണ്ടാവുകയില്ല. പ്രഭാഷണങ്ങളിലൂടെ ശ്രോതാക്കളെ പ്രകോപിപ്പിച്ച് ഉന്മത്തരാക്കി ഇളക്കിവിടുന്നതിൽ ഇവർ അതീവ സമർത്ഥരാണ്. സദുപദേശങ്ങളും, സദ്ഭാവനയും വ്യാപരിപ്പിക്കുന്നതിന് പകരം, പോർവിളികളുടെയും യുദ്ധ പ്രഖ്യാപനങ്ങളുടെയും ഇടിമുഴക്കങ്ങളായിരിക്കും ഇവരുടെ പ്രഭാഷണങ്ങളിൽ കേൾക്കുന്നത്.

**മുല്ലാക്കളുടെ ആധികാരികതയെ ചോദ്യം ചെയ്യാൻ പലർക്കും ഭയമാണ്. ചോദ്യം ചെയ്യൽ ദൈവികവചനങ്ങളെ ധിക്കരിക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും തുല്യമാണെന്നാണ് അവരെ പറഞ്ഞ് ധരിപ്പിക്കുന്നത്. ഇതല്ലാതെ മുല്ലാക്കൾക്ക് വേറെ ജീവിത മാർഗ്ഗങ്ങളില്ല. പലരും മറ്റ് പലജോലികളിലും ഏർപ്പെട്ട് പരാജയപ്പെട്ടവരാണ്. മുല്ലാവൃത്തി അവർക്കൊരു ജീവിതമാർഗ്ഗം മാത്രമാണ്.**

ചുരുക്കം ചില രാജ്യങ്ങളിലെ മുല്ലമാർക്ക് മാത്രമേ സർക്കാർ സ്റ്റൈപ്പന്റും, പെൻഷനുംപറ്റി ജീവിക്കുവാനുള്ള സൗഭാഗ്യം സിദ്ധിച്ചിട്ടുള്ളു. എന്നാൽ ബാക്കി ഒട്ടുമുക്കാലും മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിക്കുന്നവരാണ്. ചിലപ്പോൾ ഇവർ ഏതെങ്കിലും പള്ളികളിൽ ഇമാമുകളായി നിശ്ചയിക്കപ്പെടുന്നു. പ്രാർത്ഥനകളിൽ ഇടവകക്കാരെ (മഹല്ല് നിവാസികളെ) നയിക്കുന്ന ഇവർ പള്ളിവക വേതനം പറ്റുന്നവരായിരിക്കും. കാലക്രമേണ ഇവരുടെ സ്വാധീനം മുസ്ലിം സമൂഹത്തിന്റെ നിത്യജീവിതത്തിലേക്കും കടന്ന് ചെല്ലുന്നു. വിവാഹച്ചടങ്ങുകളുടെ കാർമികത്വം നിർവഹിക്കുന്നതും, ശവസംസ്ക്കാര ചടങ്ങുകളിൽ നേതൃത്വം വഹിക്കുന്നതും, വിവാഹമോചനക്കേസുകളിൽ തീർപ്പ് കല്പിക്കുന്നതും മുല്ലാക്കളാണ്. പലപ്പോഴും വിവാഹാലോചനകൾ നടത്തുന്നതും, ശരീഅത്ത് നിയമങ്ങളുടെ വിദഗ്ദോപദേശങ്ങൾ നല്കുന്നതും മുല്ലമാരായിരിക്കും. കാലപ്പഴക്കംകൊണ്ട് വർദ്ധിച്ച് വന്ന സ്വാധീന വ്യാപ്തി, മുല്ലാക്കളെ അവരുടെ പ്രവർത്തന മണ്ഡലങ്ങൾക്കപ്പുറമുള്ള കാര്യങ്ങൾകൂടി കയ്യടക്കുവാൻ സഹായിച്ചിരിക്കുന്നു.

ഇടവകക്കാർ മുല്ലാക്കളോട് വിശ്വാസ്യത പുലർത്തുന്നവരാണ്. ഉപദേശ പ്രസംഗങ്ങളിലൂടെയും പ്രസ്താവനകളിലൂടെയും മുല്ലാക്കൾ ഇടവകക്കാരെ സംതൃപ്തരാക്കുന്നു. ഇത്തരം ഉൽബോധന പ്രസ്താവനകളിൽ ധാരാളം ഉദ്ധരണികളും കാണും. പല ഉദ്ധരണികളും തെറ്റില്ലെങ്കിലും തെറ്റിദ്ധരിപ്പിക്കത്തക്കതായിരിക്കുകയും ചെയ്യും. മുല്ലാക്കളുടെ ആധികാരികതയെ ചോദ്യം ചെയ്യാൻ പലർക്കും ഭയമാണ്. ചോദ്യം ചെയ്യൽ ദൈവികവചനങ്ങളെ ധിക്കരിക്കുന്നതിനും ചോദ്യം ചെയ്യുന്നതിനും തുല്യമാണെന്നാണ് അവരെ പറഞ്ഞ് ധരിപ്പിക്കുന്നത്. ഇതല്ലാതെ മുല്ലാക്കൾക്ക് വേറെ ജീവിത മാർഗ്ഗങ്ങളില്ല. പലരും മറ്റ് പലജോലികളിലും ഏർപ്പെട്ട് പരാജയപ്പെട്ടവരാണ്. മുല്ലാവൃത്തി അവർക്കൊരു ജീവിതമാർഗ്ഗം മാത്രമാണ്.

മുസ്ലിം രാജ്യങ്ങളിൽ, ഒരു മുല്ലായ്ക്ക് തദ്ദേശഭരണത്തിലോ, മുനിസിപ്പൽ, സംസ്ഥാന, ഭരണസമിതികളിലോ, ദേശീയ ഭരണകൂടത്തിലോ ഉള്ള സ്ഥാനം അയാളുടെ അനുയായികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കുന്നു. അയാളുടെ വാക്ധോരണിയും തീപ്പൊരി പ്രസംഗങ്ങളുമനുസരിച്ച്, അനുയായികളുടെ എണ്ണവും വർദ്ധിച്ച് കൊണ്ടിരിക്കും. ശ്രോതാക്കളുടെ എണ്ണം വർദ്ധിക്കുംന്തോറും ജനങ്ങളെയും ഗവൺമെന്റിനെയും സ്വാധീനിക്കുവാനുള്ള കഴിവും വർദ്ധിച്ച് വരുന്നു. ഈ മുല്ലാക്കളെ നിയന്ത്രിച്ച് നിർത്തുവാനും, അവർക്ക് കടിഞ്ഞാണിടുവാനുമുള്ള സംവിധാനത്തിന്റെ അഭാവം ഇവരെ വളരെ അപകടകാരികളാക്കിത്തീർത്തി

തിക്കുകയാണ്. അമേരിക്കയിൽ ചർച്ചുകളിൽ, വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ അംഗങ്ങൾക്ക് അവരുടെ പുരോഹിതന്മാരെക്കുറിച്ചുള്ള പരാതി രേഖപ്പെടുത്തുവാനുള്ള അവസരമുണ്ട്. എന്നാൽ മുല്ലാക്കളെ തളയ്ക്കുവാനും, ശാസിക്കുവാനുമുള്ള യാതൊരു സംവിധാനവും എവിടെയും കാണുന്നില്ല. ദുർബ്ബലമായ ജനാധിപത്യവ്യവസ്ഥ നടമാടുന്ന രാജ്യങ്ങളിൽ മുല്ലാക്കൾ കൊടികുത്തിവാഴുന്നതായി കണ്ടുവരുന്നു. ചില മുസ്ലിം രാജ്യങ്ങളിൽ അവരെ നിയന്ത്രണ വിധേയരാക്കാതെ അഴിച്ച് വിടുന്നതിന്റെ ഫലമായി അവിടങ്ങളിൽ മുല്ലാക്കവർഗ്ഗം അതീവ ശക്തിയാർജ്ജിച്ചിട്ടുള്ളതായി കാണുന്നു. മിക്ക മുസ്ലിം നാടുകളിലും ആര് ഭരിക്കണം ആരെ മറച്ചിടണം എന്ന് തീരുമാനിക്കുന്നത് മുല്ലാക്കളാണ്. ഇറാനിൽ സൽമാൻ റുഷ്ദിയുടെ തലക്ക് വില നിശ്ചയിച്ചതും, പാക്കിസ്ഥാനിൽ അഹ്മദിയ്യാ ജമാഅത്തിനെ അമുസ് ലിംകളായി പ്രഖ്യാപിച്ചതിന്റെ പിന്നിൽ പ്രവർത്തിച്ചതും അവിടങ്ങളിൽ ശക്തികേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന മുല്ലാക്കളായിരുന്നു.

മുല്ലാക്കളുടെ പ്രവർത്തനങ്ങൾക്ക് വിലക്കുകളും, പരിമിതികളും നിലവിലുള്ള രാജ്യങ്ങളുമുണ്ട്. സൗദി അറേബ്യപോലെ രാജവാഴ്ചനിലവിലുള്ള രാജ്യങ്ങളിൽ മുല്ലമാരുടെ പ്രവർത്തനങ്ങൾക്ക് പരിമിതികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവിടങ്ങളിൽ രാജാവ് തന്നെ ഒരു മുഫ്തിയെ (ഇസ്ലാമിക ധർമ്മ ശാസ്ത്ര പണ്ഡിതനെ) നിയമിക്കുകയാണ് പതിവ്. ഇവിടങ്ങളിൽ മുല്ലമാർക്ക് യഥേഷ്ടം ഫത്‌വകൾ (മതപരമായ ഉത്തരവുകളും വിധികളും) പുറപ്പെടുവിച്ച് നാശം വിതക്കുവാനുള്ള സ്വാതന്ത്ര്യമില്ല. ഉറച്ച കേന്ദ്രീകൃതഭരണ കൂടങ്ങളുള്ള രാജ്യങ്ങൾ, തീവ്രവാദികളായ മുല്ലമാർ ജനങ്ങളെ ഇളക്കിവിടുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ഈയ്യിടെ ഈജിപ്തിൽ ഭരണകൂടം മതഭ്രാന്തന്മാരായ മുല്ലാക്കളെയും അനുയായികളെയും വളഞ്ഞുപിടിച്ച് തുറങ്കിലടച്ച്കൊണ്ട്, അവിടെ ആഞ്ഞ് വീശിയ മതമൗലികവാദത്തിന് അറുതി വരുത്തിയത് ഇതിന്നൊരുദാഹരണമാണ്. കേന്ദ്രീകൃത ഭരണ നിയന്ത്രണമുള്ള രാജ്യങ്ങളിൽ മാത്രമെ ഇത്തരം നടപടികൾ ഫലപ്രദമാവുകയുള്ളൂ. മതമൗലികവാദികളായ മുല്ലമാരുടെ അതിപ്രസരം നിലവിലുള്ള രാജ്യങ്ങളിലും, ഭരണകൂടങ്ങളിൽ മുല്ലമാർക്ക് സജീവ പങ്കാളിത്തമുള്ള രാജ്യങ്ങളിലും ഒരിക്കലും ശാന്തിയും, സമാധാനവും, നീതിയും, പുരോഗതിയും പുലരുകയില്ലെന്നാണ് ഭൂതകാല ചരിത്രവും അനുഭവങ്ങളും മനസ്സിലാക്കിത്തരുന്നത്. നമ്മുടെ അയൽരാജ്യമായ പാക്കിസ്ഥാൻ ഇതിന്നൊരു ഒന്നാംതരം ഉദാഹരണമാണ്. മുല്ലമാരുടെ സ്വാധീനമുപയോഗിച്ച് അധികാരത്തിലേറുന്ന ഗവൺമെന്റുകൾ മുല്ലാക്കളോട് പ്രീണനനയം കൈക്കൊള്ളുവാൻ നിർബ്ബന്ധിതരാവുന്നു. ശരീഅത്ത് ഭരണത്തിന്റെ പേരിൽ മുല്ലാക്കൾക്ക് ഭരണ വ്യവസ്ഥിതികളിൽ ഉന്നതസ്ഥാനമാനങ്ങളും അവസരങ്ങളും നൽകപ്പെടുന്നു. സിവിൽ കോടതികൾ ശരീഅത്ത് കോടതികളായി മാറ്റപ്പെടുന്നു. സുപ്രീം കോടതി ജഡ്ജിമാരായി മുല്ലാക്കൾ നിയമിതരാവുന്നു. സർക്കാരിന്റെ മുല്ലാ പ്രീണനനയത്തിനുദാഹരണങ്ങളാണിവ. ബേങ്ക് എക്കൗണ്ടുകളിൽ നിന്ന് നേരിട്ട് പിരിച്ചെടുക്കപ്പെടുന്ന 'സക്കാത്ത്' എങ്ങനെ വിനിയോഗിക്കപ്പെടണമെന്ന് തീരുമാനിക്കുന്നതും മുല്ലാക്കളാണ്.

പാക്കിസ്ഥാനിൽ സിയാഉൽഹഖിന്റെ ഭരണ കാലത്ത് ശരീഅത്ത് ഭരണമെന്ന കപടനാമത്തിൽ കർശനഭരണമേർപ്പെടുത്തുകയുണ്ടായി മുല്ലാക്കളുടെ ആശിർവാദത്തോടെ ലോകത്തിലാദ്യമായി ഒരു ഭൗതിക ഭരണകൂടം ഒരു വിഭാഗം മുസ്ലിംകളെ അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കുകയുണ്ടായി. അഹ്മദികൾ നമസ്കരിച്ചാൽ ശിക്ഷിക്കപ്പെടും. ബാങ്ക് വിളിച്ചാൽ തുറങ്കിലടയ്ക്കപ്പെടും. ഇസ്ലാമിക അഭിവാദനങ്ങൾ കൈമാറിയാൽ അറസ്റ്റ് ചെയ്യപ്പെടും. അഹ്മദികൾക്ക് കലിമ ചൊല്ലാൻ പാടില്ല. കലിമകൾ, ആലേഖനം ചെയ്യപ്പെട്ട അഹ്മദിയ്യാ പള്ളികൾ പൊളിക്കപ്പെടും. തമസ്സിന്റെ കാലഘട്ടത്തിൽ ഇസ്ലാമിന്റെ ശത്രുക്കൾപോലും ചെയ്യാനറച്ച് നിന്നിരുന്ന ഹീനകൃത്യങ്ങൾ, മനുഷ്യമനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്ന ധാർഷ്ട്യത്തോടും ശത്രുതയോടും കൂടി ഇവർ നടപ്പിലാക്കി. ഇതെല്ലാം ഇസ്ലാമിന്റേയും അല്ലാഹുവിന്റെയും പേരിലായിരുന്നു ചെയ്തു കൂട്ടിയത്. ഇതിൽ നിന്നും അല്ലാഹുവിനെക്കുറിച്ചും മതത്തെക്കുറിച്ചുമുള്ള ഇവരുടെ സങ്കൽപവും ആത്മാർത്ഥതയും നമുക്ക് ഊഹിക്കാവുന്നതാണ്. മാനവികതയുടെ പ്രവാചകനായിരുന്ന മുഹമ്മദ് നബി(സ) പഠിപ്പിച്ച മാനുഷികമൂല്യങ്ങളിലധിഷ്ഠിതമായ ഇസ്ലാമതത്തിന്റെ നായകന്മാരാരാണോ ഇവർ? അതോ ആരാച്ചാരന്മാരോ?

സിയാഉൽഹഖിന്റെ ഭരണകാലത്ത് ദീർഘദൂരബസ് യാത്രക്കാർക്കിടയിൽ ഒരുമുല്ല നമസ്ക്കരിക്കുവാൻവേണ്ടി ബസ്സ് നിർത്തണമെന്ന് ആവശ്യപ്പെട്ടാൽ ഡ്രൈവർ അത് അനുസരിക്കുവാൻ നിർബന്ധിതനായിരുന്നു. സഹയാത്രികരുടെ അസൗകര്യങ്ങൾ അവഗണിച്ച്കൊണ്ട്, പൊരിയുന്ന ചൂടിലായാലും, മരവിക്കുന്ന തണുപ്പിലായാലും ഇരുപതോ ഇരുപത്തഞ്ചോ മിനിട്ട് നേരം ബസ് റോഡരുകിൽ നിർത്തിക്കൊടുക്കണമായിരുന്നു. കഠിനതടവിന് ശിക്ഷിക്കപ്പെടുമെന്ന ഭയം കാരണം ഡ്രൈവർമാർക്ക് അതനുസരിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമുണ്ടായിരുന്നില്ല. മതമൗലികവാദികളുടെ കരിനിയമങ്ങളായിരുന്നു ഇതെല്ലാം.

യാത്രാവേളകളിലുള്ള പ്രാർത്ഥനാവിധികളെക്കുറിച്ച് അറിയാത്തത് കൊണ്ടായിരുന്നില്ല ഇത്. തങ്ങളുടെ ഇഷ്ടവും ഇച്ഛയും ധാർഷ്ട്യത്തോടെ നടപ്പാക്കി സ്വമതസ്ഥാപനം നടത്തുവാനുള്ള നിർബ്ബന്ധബുദ്ധിയാണ് ഇവരെ ഇതിനൊക്കെ പ്രേരിപ്പിക്കുന്നത്. ഇസ്ലാമിലെ ജിഹാദ് എന്ന പദത്തിന് പുണ്യയുദ്ധമെന്ന് വികലാർത്ഥം കണ്ടെത്തി യുദ്ധക്കൊതിയന്മാരുടെ മതമെന്ന തെറ്റിദ്ധാരണ പ്രചരിപ്പിച്ചതിന്റെ പൂർണ്ണ ഉത്തരവാദിത്വം മുല്ലാവർഗ്ഗത്തിന്റേതാണ്. ജിഹാദിന് രക്തനിറം

*(ശേഷം പേജ് 24 ൽ)*

# പ്രപഞ്ച രഹസ്യങ്ങളുടെ ചുരുളഴിയുമ്പോൾ!!

ഡോ: ഇ. കെ. മുഹമ്മദ്, കോഴിക്കോട്

## അല്ലാഹുവിന്റെ സൃഷ്ടിവൈഭവം പ്രകടമാക്കുന്ന സൗരയൂഥത്തെക്കുറിച്ച്

"ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാൻമാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്" (വി. ഖു. 3:191)

നിഗൂഢരഹസ്യങ്ങളും പേറി അനന്ത വൈപുല്യത്തോടെ നിലകൊള്ളുന്ന ആകാശം സ്രഷ്ടാവിന്റെ വൈഭവം വിളിച്ചോതുന്ന അത്ഭുതങ്ങളുടെ കലവറയാണ്.

പ്രപഞ്ചം ദശലക്ഷക്കണക്കിന് ആകാശ ഗംഗകൾ അടങ്ങിയതാണെന്നും ഓരോ ഗാലക്സിയും അനേകം ദശലക്ഷം നക്ഷത്രങ്ങളും ഗോള വ്യവസ്ഥകളും ഉൾപ്പെട്ടതാണെന്നും നമുക്ക് ശാസ്ത്രം വെളിപ്പെടുത്തിത്തന്ന സത്യമാണ്. നമ്മുടെ ഗോളവ്യവസ്ഥയായ സൗരയൂഥം ഒരു നക്ഷത്രവും (സൂര്യൻ) അതിന് ചുറ്റുമുള്ള ഗ്രഹങ്ങളും ഉപഗ്രഹങ്ങളും അടങ്ങിയതാണ്.

ചിന്ത കൈവന്ന കാലം മുതൽ വാനലോകത്തെക്കുറിച്ച് ചിന്തിക്കാനാരംഭിച്ച മനുഷ്യൻ അതിന്റെ അതിർത്തിയിൽ നിന്നും മനസ്സിലാക്കാനാരംഭിച്ചിരിക്കുന്നു. ഏകദേശം 450 കോടി വർഷങ്ങൾക്ക് മുമ്പാണ് സൗരയൂഥം ഉരുത്തിരിഞ്ഞത്. ഇന്ന് കാണുന്ന പ്രപഞ്ചത്തിന്റെ പ്രാരംഭമായി കണക്കാക്കുന്ന മഹാസ്ഫോടനം നടന്നിട്ട് അതിന്റെ മൂന്നോ നാലോ ഇരട്ടിക്കാലമായി. പ്രപഞ്ചവുമായി തട്ടിച്ചുനോക്കുമ്പോൾ നമ്മുടെ സൗരയൂഥത്തിന് താരതമ്യേന ഇളം പ്രായമാണ്. സൗരയൂഥം രൂപപ്പെടുന്നതിന് മുമ്പ് പൊടിപടലങ്ങളും വാതക ശകലങ്ങളുമെല്ലാം ചേർന്ന അസംഘടിതവും അവ്യവസ്ഥിതവുമായ ഒരു മേഘാവൃതാവസ്ഥയായിരുന്നിരിക്കണം. അപ്പോഴും പ്രപഞ്ചത്തിലെവിടെയോ നക്ഷത്രങ്ങൾ ജനിച്ചുകൊണ്ടും മരിച്ചുകൊണ്ടുമിരിക്കുന്നുണ്ടാവും. അതിപ്പോഴും തുടരുന്നു. ചുറ്റും നടക്കുന്ന ഈ നിർമ്മാണ സംഹാരപ്രക്രിയക്ക് നടുവിലാണ് സൗരയൂഥം ജനിക്കുന്നത്. ഏതോ ബാഹ്യശക്തിയുടെ ഫലമായി വാത കം കറങ്ങാൻ തുടങ്ങി. ആ കറക്കത്തി ൽ വാതകമേഘത്തിന് ഒരു നിശ്ചിത ആകൃതിവരികയും സാന്ദ്രത കുറഞ്ഞ കണങ്ങൾ അതിന്റെ കേന്ദ്ര ഭാഗത്തേക്ക് ഊർന്നു വരികയും ചെയ്തു. ഇതിന്റെ ഫലമായി ഗോളാകൃതി കൈവരുകയും കറങ്ങുന്ന മേഘപാളി ചുരുങ്ങി കൂടുതൽ ദ്രവ്യങ്ങൾ കേന്ദ്രഭാഗത്തേക്ക് ആവാഹിക്കപ്പെടുകയും ചെയ്തു. കറക്കവും സാന്ദ്രതയും ഈ ഗോളത്തെ വമ്പിച്ച ചൂടുള്ളതാക്കി തീർത്തു. ചൂട് മൂന്നര ക്കോടി ഡിഗ്രിയിലെത്തിയപ്പോൾ ഹൈഡ്രജന്റേയും ഡ്യൂട്ടീരിയത്തിന്റേയും അണുക്കൾ പരസ്പരം സംയോജിച്ച് ഹീലിയം ഉണ്ടായി. കോടാനുകോടികൊല്ലങ്ങൾ കൊണ്ട് പൂർത്തിയായ ഈ പ്രക്രിയക്ക് ശേഷം ആ ഗോളം പ്രകാശിച്ചു തുടങ്ങുകയും രശ്മികൾ വികിരണം ചെയ്യാൻ ആരംഭിക്കുകയും ചെയ്തു. അതാണ് നമ്മുടെ സൂര്യൻ.

ജ്വലിച്ചുകൊണ്ടിരുന്ന ഈ ആദിമ നക്ഷത്രത്തിന്റെ അഥവാ സൂര്യന്റെ കേന്ദ്രഭാഗത്ത് നിന്നും ഭാരമേറിയ കണങ്ങൾ ദൂരേക്ക് തെറിച്ചുപോയി. അവ സ്വതന്ത്രമായി സൂര്യന്റെ ബാഹ്യഭാഗത്ത് നിന്നും കറക്കം മൂലം വീണ്ടും തെറിച്ചുപോയി. സ്വതന്ത്രമായ ഭാരമേറിയ ഇത്തരം ദ്രവ്യങ്ങളാണ് പിന്നീട് ഗോളങ്ങളായി മാറിയത്.

സൗരയൂഥത്തിലെ ഏറ്റവും ബഹിർഭാഗം മനസ്സിലാക്കാൻ ശാസ്ത്രജ്ഞന്മാർക്ക് ഏതാണ്ടൊക്കെ കഴിഞ്ഞിട്ടുണ്ട്. സൂര്യപ്രകാശം എത്താത്ത തണുത്ത് കിടക്കുന്ന സൗരയൂഥത്തിന്റെ ഏറ്റവും അകലെയുള്ള ഭ്രമണ വൃത്തത്തിലാണ് ധൂമകേതുക്കൾ കേന്ദ്രീകരിച്ചിരിക്കുന്നത്. വാൽ നക്ഷത്രങ്ങൾ എന്ന് വിളിക്കപ്പെടുന്ന ഇവ വല്ലപ്പോഴും ആകാശത്ത് പ്രത്യക്ഷപ്പെടുന്ന നീണ്ട വാലുള്ള തിളങ്ങുന്ന

വിചിത്ര വസ്തുക്കൾ തന്നെ. ഒന്നും രണ്ടുമല്ല ലക്ഷം കോടി എണ്ണമാണ്. പക്ഷേ വാൽനക്ഷത്രങ്ങളുടെ രൂപത്തിലല്ല ആ ഇരുട്ടിൽ അവയുടെ കിടപ്പ്. കാർബൺ ഡയോക്സൈഡും അമോണിയയും വെള്ളവും ഒക്കെ കൂടി കലർന്ന് ഒരിനം വലിയ മഞ്ഞ് കട്ടകളായിട്ടാണ്. വാൽനക്ഷത്രത്തിന്റെ ശിരോഭാഗത്തിന് ഒന്നര മുതൽ അമ്പത് കിലോമീറ്റർ വരെ വലിപ്പം ഉണ്ടാകും. ഈ മഞ്ഞു കട്ടകൾ എങ്ങനെയാണ് കത്തിജ്വലിക്കുന്ന വാൽ നക്ഷത്രങ്ങളായി മാറുന്നതെന്ന് നോക്കാം.

സൂര്യനിൽ നിന്ന് കോടിക്കണക്കിന് കിലോമീറ്റർ അകലെയാണെങ്കിലും അവയും സൂര്യനെ വലം വയ്ക്കുന്നുണ്ട്. അങ്ങനെ നീങ്ങുമ്പോൾ ആ വഴി പാഞ്ഞ് പോകുന്ന മറ്റേതെങ്കിലും നക്ഷത്രത്തിന്റെ ആകർഷണത്തിൽ പെട്ട് അവയിൽ ചിലത് ഗതിവ്യതിയാനം വന്ന് സൗരയൂഥത്തിനുള്ളിലേക്ക് എത്തുകയും ആകർഷണ ബലത്തിൽ സൂര്യന്റെ അടുത്തേക്ക് വന്നെത്തുകയും ചെയ്യുന്നു. ഓരോ നിമിഷവും അവയുടെ വേഗത വർദ്ധിക്കും. ചൂട് കൊണ്ട് മഞ്ഞുരുകി വെള്ളവും വാതകങ്ങളുമായി ബാഷ്പീകരിച്ച് അവ ചിലപ്പോൾ ഒന്നര ലക്ഷം കിലോമീറ്റർ ദൈർഘ്യം വരെയാകും. ഇത് പൊടിയും ബാഷ്പവും ചേർന്ന് വലിയൊരു വാലായി രൂപപ്പെടും. സൂര്യൻ എതിർ ദിശയിൽ നിൽക്കുമ്പോൾ ഈ ദീർഘമേറിയ വാലിലെ പൊടിപടലങ്ങളിൽ സൂര്യപ്രകാശം തട്ടി വെട്ടിതിളങ്ങും. ഇതാണ് വാൽനക്ഷത്രത്തിന്റെ ജ്വലിക്കുന്ന വാലിന് കാരണം. ചിലപ്പോൾ അവ സൂര്യന്റെ അരികിൽ എത്തി അവ ഇല്ലാതാകും. മറ്റ് ചിലപ്പോൾ സൂര്യനെ വലം വെച്ചു അതിന്റെ ദീർഘ ഭ്രമണവൃത്തത്തിൽ അപ്രത്യക്ഷമാകും. സൗരയൂഥത്തിനപ്പുറം നക്ഷത്രങ്ങളാണ്. സൂര്യനേക്കാൾ വലതും ചെറുതുമായ കോടാനുകോടി നക്ഷത്രങ്ങൾ അവയിൽ പല സൂര്യന്മാർക്കും ചുറ്റും ഗ്രഹങ്ങൾ കറങ്ങുന്നുണ്ടാകും. അതി ൽ ചിലതിലെങ്കിലും ഭൂമിയിലെപ്പോലെ മനുഷ്യരും മറ്റ് ജീവജാലങ്ങളും ഉണ്ടായേക്കുമെന്ന് ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. ഖുർആൻ ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

“ഏഴ് ആകാശങ്ങളെയും അതുപോലെയുള്ള അതിന്റെ ഭൂമിയെയും സൃഷ്ടിച്ചവനത്രേ അല്ലാഹു” (65:13)

“ആകാശങ്ങളുടെയും ഭൂമിയുടെയും അതു രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെയും സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽപ്പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ച് കൂട്ടാൻ അവൻ കഴിവുറ്റവനത്രെ. (42:30)

### തമോദ്വാരങ്ങൾ

കൗതുകമുണർത്തുന്ന ബഹിരാകാശ പ്രതിഭാസമാണ് തമോദ്വാരങ്ങൾ. അഥവാ ബ്ലാക്ക് ഹോളുകൾ. പേര് കേട്ടാൽ ദുരൂഹത തോന്നുമെങ്കിലും വാസ്തവത്തിൽ അവ നക്ഷത്ര പരിണാമ ചക്രത്തിന്റെ ഒടുവിലായി രൂപപ്പെടുന്ന അതിസാന്ദ്ര ദ്രവ്യ ഗോളങ്ങളത്രേ. ഭീമൻ നക്ഷത്രങ്ങളുടെ എരിഞ്ഞ് തീർന്ന ദ്രവ്യം ഗുരുത്വാകർഷണ നിപാതത്തിന് (Degeneration) വിധേയമായി ചുരുങ്ങുമ്പോഴാണ് തമോദ്വാരങ്ങൾ ഉണ്ടാകുന്നത്. നമുക്ക് ഊഹിക്കാൻ കഴിയുന്നതിലേറെ ദ്രവ്യസാന്ദ്രതയും ഗുരുത്വാകർഷണവും തമോദ്വരങ്ങൾക്കുണ്ട്. വമ്പിച്ച ഗുരുത്വാകർഷണം കാരണം സ്വന്തം പ്രകാശത്തെപ്പോലും പ്രസരിപ്പിക്കാതെ പ്രപഞ്ചത്തിലെ ഒരു അദൃശ്യ സാന്നിദ്ധ്യമായാണ് തമോദ്വാരങ്ങൾ കഴിയുന്നത്.

ഭൂമിയേക്കാൾ കോടിക്കണക്കിന് മടങ്ങ് വരുന്ന ദ്രവ്യം മുഴുവൻ ഏതാനും കിലോമീറ്റർ വ്യാസം വരുന്ന ഗോളത്തിൽ കേന്ദ്രീകരിച്ചാൽ ഉണ്ടാകുന്ന അവസ്ഥ സങ്കൽപ്പിച്ച് നോക്കുക. തന്നിനിമിത്തം ഉളവാകുന്ന അതിശക്തമായ ഗുരുത്വാകർഷണമാണ് ഇവയുടെ പ്രത്യേകത. യാതൊരു വിധ വികിരണവും പ്രകാശവും ഈ ആകർഷണ വലയം ഭേദിച്ച് പുറത്ത് വരുന്നില്ല. മാത്രമല്ല സമീപസ്ഥമായ വസ്തുക്കൾ എല്ലാം തന്നെ അതിലേക്ക് ചെന്ന് പതിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് താമോദ്വാരങ്ങൾ എന്ന് പേർ വീണത്.

പ്രകാശം പ്രസരിപ്പിക്കാത്തത് കാരണം അതിശക്ത ദൂരദർശിനി ഉപയോഗിച്ചാലും തമോദ്വാരത്തെ കണ്ടെത്താൻ കഴിയില്ല. വാന നിരീക്ഷകർ പ്രപഞ്ചത്തിലെ ഇരുട്ടിൽ അദൃശ്യ വസ്തുക്കളെ തേടി നടക്കവേ, പ്രപഞ്ചം നിറയെ എണ്ണമറ്റ തമോദ്വാരങ്ങൾ വിന്യസിപ്പിക്കപ്പെട്ടിരിക്കുന്നുവെന്ന അത്ഭുതകരമായ വസ്തുത തിരിച്ചറിയുകയുണ്ടായി. ഒരു സാധാരണ നക്ഷത്രത്തിന്റെ പരിണാമത്തിന്റെ അവസാന സന്ധിയിലാണ് അത് ബ്ലാക്ക് ഹോളായി തീരുന്നത്. അതായത് നക്ഷത്രത്തിന്റെ അണുതാപീയ പ്രവർത്തനങ്ങൾ നിലക്കുകയും ഗുരുത്വാകർഷണം മേൽകൈ നേടുകയും ചെയ്യുമ്പോൾ വമ്പിച്ച ഗുരുത്വാകർഷണത്താൽ ദ്രവ്യ നിപാതത്തിന് വിധേയമായി ദ്രവ്യം തീർത്തും നാമാവശേഷമായി ആകർഷണ ശക്തിമാത്രം നിലനിൽക്കുന്നു. ഇതാണ് ബ്ലാക്ക് ഹോൾ.

പ്രപഞ്ചം ഉൾക്കൊള്ളുന്ന ദ്രവ്യത്തിന്റെ സിംഹഭാഗവും നമുക്ക് അപരിചിതവും അദൃശ്യവുമായ രൂപത്തിൽ എങ്ങോ മറഞ്ഞ് കിടക്കുന്നു. അതുപോലെ തന്നെയാണ് വിജ്ഞാനവും. ഗുപ്തമായ അത് മനുഷ്യന്റെ തീവ്രശ്രമത്തിൽ ദൈവേച്ഛയോടെ കണ്ടെത്തുകയാണ് ചെയ്യുന്നത്. അതുവരെ മറഞ്ഞ് കിടന്ന രഹസ്യങ്ങൾ വെളിപ്പെടുമ്പോൾ നാം അറിയാതെ ദൈവത്തിന് സ്തോത്രം ചൊല്ലിപ്പോവുന്നു. നബി കരിം (സ) അരുൾ ചെയ്യുന്നു:

“ആരാണോ വിജ്ഞാനത്തിന്റെ പാതയിൽ സഞ്ചരിക്കുന്നത് അല്ലാഹു അവർക്ക് സ്വർഗത്തിലേക്കുള്ള വഴി എളുപ്പമാക്കിക്കൊടുക്കും. വിജ്ഞാന അന്വേഷിയുടെ പ്രവൃത്തിയിൽ സന്തോഷഭരിതരായ മാലാഖമാർ അവരുടെ ചിറകുകൾ അവർക്ക് വിരിച്ച് കൊടുത്ത് ആകാശങ്ങളിലും ഭൂമിയിലുള്ളവരും ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളും വിജ്ഞാനിക്ക് വേണ്ടി ദൈവത്തിന്റെ പക്കൽ പൊറുക്കലിനെ തേടും.”

*(അബൂദാവൂദ്, തിർമിദി)*

# പടിഞ്ഞാറിനെ ലക്ഷ്യം വെച്ച് ഒരു പട്ടണം ഒരുങ്ങുന്നു

**മുഹമ്മദ് ഉമർ എച്ച്. ഏ.**

## ലണ്ടനിൽ വെച്ച് നടന്ന അഹ്മദിയ്യാ ജമാഅത്തിന്റെ അന്തർദേശീയ സമ്മേളനത്തിൽ പങ്കെടുത്ത ലേഖകൻ ജമാഅത്തിന്റെ ആഗോള പ്രവർത്തനങ്ങൾ വിവരിക്കുന്നു.

ഒരു കാലത്ത് സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ ആസ്ഥാനമായിരുന്നു ലണ്ടൻ. കോളോണിയലിസത്തിന്റെ അവസാനത്തോടെ ബ്രിട്ടീഷ് സാമ്രാജ്യം അതിന്റെ സ്വന്തം രാജ്യാതിർത്തിയിലേക്ക് ചുരുങ്ങി. പടിഞ്ഞാറിന്റെയും കിഴക്കിന്റെയും സംഗമസ്ഥാനം എന്നറിയപ്പെടുന്ന ലണ്ടൻ പട്ടണം പ്രവാസികളായ ലോക നേതാക്കന്മാരുടെ അന്തർദേശീയ കേന്ദ്രവും കൂടിയാണ്. ലണ്ടൻ പട്ടണം സൂര്യനസ്തമിക്കാത്ത മറ്റൊരു സാമ്രാജ്യത്തിന്റെ കേന്ദ്രമാവുകയാണ്. ഭൂമിയുടെ കോണുകളോളമുള്ള 176 രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഇന്ന് നിയന്ത്രിക്കപ്പെടുന്നത് പ്രവാസ കേന്ദ്രമായ ലണ്ടനിൽ നിന്നാണ്. 1984 ൽ ഖലീഫത്തുൽ മസീഹ് നാലാമൻ പാക്കിസ്ഥാനിൽ നിന്നും ലണ്ടനിലേക്ക് ഹിജ്റത്ത് ചെയ്ത് വന്നതു മുതൽ ജമാഅത്തിന്റെ ലണ്ടനിലെ വാർഷിക സമ്മേളനങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ അന്തർദേശീയ സമ്മേളനങ്ങളായി മാറുകയായിരുന്നു. ഖലീഫത്തുൽ മസീഹ് അഞ്ചാമൻ മിർസാ മസ്റൂർ അഹ്മദിന്റെ (അയ്യദഹു) നേതൃത്വത്തിൽ 37-ാമത് യു. കെ



*അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള ഇമാം ഖലീഫത്തുൽ മസീഹ് മിർസാ മസ്റൂർ അഹ്മദ് സാഹിബിനെ (അയ്യദഹു) ലണ്ടനിൽ വെച്ച് ലേഖകൻ സന്ദർശിച്ചപ്പോൾ.*

അഹ്മദിയ്യാ സമ്മേളനമാണ് ജൂലായ് അവസാനവാരത്തിൽ നടന്നത്. ഹുസൂർ തിരുമനസ്സ് ഖലീഫയായതിന് ശേഷം നടക്കുന്ന കന്നി സമ്മേളനത്തിൽ തന്നെ ആ മഹാത്മാവിന്റെ സവിധം പൂകുവാനും കരംഗ്രഹിക്കുവാനും കൂടിക്കാഴ്ച നടത്താനും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ ഈ ലേഖകന് അവസരം ലഭിക്കുകയുണ്ടായി.

2003 ജൂലായ് 23-ാം തീയതി രാവിലെ പത്ത് മണിക്ക് മദ്രാസിൽ നിന്നും ശ്രീലങ്കൻ വിമാനം വഴി ഞാൻ യാത്ര പുറപ്പെട്ടു. 11 മണിക്ക് കൊളംമ്പോയിലെത്തി. അവിടെ നിന്ന് ഉച്ചക്ക് ഒന്നര മണിക്ക് പുറപ്പെട്ടു യു. കെ. സമയം രാത്രി 8 മണിക്ക് (ഇന്ത്യൻ സമയം രാത്രി 12. 30ന്) ലണ്ടനിലെ ഹിത്റോ വിമാനത്താവളത്തിലെത്തി. അവിടെ എന്റെ സഹോദരീ ഭർത്താ

വും സഹോദരിയും മരുമക്കളും സ്വീക രിക്കാനെത്തിയിരുന്നു. അന്നുരാത്രി സൗത്താളിലുള്ള അവരുടെ വീട്ടിൽ താമസിച്ച് പിറ്റേന്നു ജമാഅത്തിന്റെ ഏർപ്പാടനുസരിച്ച് ടിൽഫോർഡിലുള്ള ഇസ്‌ലാമാബാദിലേക്ക് പുറപ്പെടുകയും ഒരു മണിക്കൂറിനകം അവിടെ എത്തി ച്ചേരുകയും ചെയ്തു

## ഇസ്‌ലാമാബാദ്

ലണ്ടനിൽ നിന്നും 64 കി. മി. ദൂരത്ത് സ്ഥിതിചെയ്യുന്ന ടിൽഫോർഡിൽ ഇസ്‌ലാമാബാദ് എന്ന് നാമകരണം ചെയ്യപ്പെട്ട 25 ഏക്കർ വിശാലമായ സ്ഥലം ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ഹിജ്റത്തിനു ശേഷം വാങ്ങിയതാണ്. ജമാഅ ത്തിന്റെ ചില ഓഫീസുകളും അർറ ഖീം എന്ന പേരിൽ എല്ലാ സംവിധാന ങ്ങളുമുള്ള ആധുനിക പ്രസ്സും ചില നാസിർമാർക്കുള്ള താമസ സൗകര്യ ങ്ങളുള്ള കെട്ടിട സമുച്ചയങ്ങളും അവി ടെയുണ്ട്. യു.കെ. ജമാഅത്തിന്റെ വാർഷിക സമ്മേളനങ്ങളും അവിടെ വെച്ചു തന്നെയാണ് നടന്നുവരുന്നത്.

ഇത് യു. കെ. ജമാഅത്തിന്റെ മു പ്പത്തി ഏഴാം വാർഷിക സമ്മേളനമാ ണെങ്കിലും 1984 ലെ ഹിജ്റത്തിനു ശേഷം അഞ്ചാം ഖലീഫത്തുൽ മസീ ഹിന്റെ സാന്നിധ്യം നിമിത്തം ഈ സമ്മേളനം ഒരു അന്താരാഷ്ട്ര രൂപം കൈകൊള്ളുകയുണ്ടായി. കഴിഞ്ഞ വർഷം 78 രാജ്യങ്ങളിൽ നിന്നായി 19,000 പ്രതിനിധികളാണു പങ്കെടുത്തി രുന്നതെങ്കിൽ ഈ വർഷം 81 രാജ്യങ്ങ ളിൽ നിന്നായി 25,000 ത്തിൽപരം പ്ര തിനിധികൾ പങ്കെടുത്തു. അങ്ങനെ ഓരോ വർഷ വും അംഗസംഖ്യ വർദ്ധി ച്ചുവരികയാണ്.

ജൂലായ് 25-ാം തീയതി മുതൽ 27 -ാം തീയതി വരെ നടന്ന വാർഷിക സമ്മേളനത്തിന്റെ റിപ്പോർട്ടു കഴിഞ്ഞ ലക്കം സത്യദൂതനിൽ പ്രസിദ്ധീകരി ച്ചിരുന്നു.

## ഇന്റർനേഷനൽ തബ്‌ലീഗ് തർബിയത്ത് സെമിനാർ

ജൽസാ സാലാനയോടനുബന്ധിച്ച് 2003 ജൂലായ് 24-ാം തീയതി രാവിലെ 9. 30 മുതൽ 5.30 വരെ മൂന്നാം ഇന്റർനേ ഷനൽ തബ്‌ലീഗ്, തർബിയത്ത് സെമി നാർ നടന്നു. ചെയർമാൻ മൗലാനാ അത്താഉൽ മുജീബ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രാരംഭ സമ്മേളനത്തിൽ യു. കെ, ജർമ്മനി, അയർലാന്റ്, മൗറീഷ്യസ്, യു. എസ്. എ, മലേഷ്യ, ഹോളണ്ട് എന്നീ ജമാ അത്തുകളിൽ നിന്നുള്ള പ്രതിനിധി കൾ തങ്ങളുടെ അഭിപ്രായങ്ങൾ രേഖ പ്പെടുത്തുകയുണ്ടായി.

ഉച്ചഭക്ഷണത്തിനുശേഷം ഡോ. കരീമുല്ലാഹ് സാഹിബ് റിസ്‌വിയുടെ അദ്ധ്യക്ഷതയിൽ നടന്ന രണ്ടാമത്തെ സെഷനിൽ ഗയാനാ, ഗേമ്പിയ, ബെനിൻ, നോർവേ, സ്വിറ്റ്സർലാന്റ് എന്നീ ജമാഅത്തുകളിൽ നിന്നുള്ള പ്രതിനിധികൾ പ്രസംഗിച്ചു. പ്രസ്തുത പ്രസംഗങ്ങളിൽ നിന്നും അഭിപ്രായ പ്രകടനങ്ങളിൽ നിന്നും ആഗോളാടി സ്ഥാനത്തിൽ നടന്നുവരുന്ന ജമാഅ ത്തിന്റെ ഉജ്ജ്വലവും വിജയകരവും ആയ അതിമഹത്തായ പ്രവർത്തനങ്ങ ളുടെ ഏകദേശ രൂപം പ്രകടമായിരു ന്നു. അന്താരാഷ്ട്ര തലത്തിൽ പ്രചാര ണ, ശിക്ഷണ രംഗങ്ങളിൽ ഉണ്ടായ പുരോഗതികളെക്കുറിച്ചു അവലോ കനം നടത്തുകയും ഇതുസംബന്ധിച്ച ഭാവി പരിപാടികളും സെമിനാറിൽ ആസൂത്രണം ചെയ്യപ്പെടുകയുണ്ടായി.

## ഖലീഫത്തുൽ മസീഹു മായുള്ള കൂടിക്കാഴ്ച

മനുഷ്യ ജീവിതത്തിൽ എന്നെന്നും അനുസ്മരണീയവും അനർഘവും ആയ ചില നിമിഷങ്ങളുണ്ട്. അവനെ പ്പോഴും അത് അയവിറക്കിക്കൊണ്ട് ആനന്ദവും സംതൃപ്തിമടയുന്നത് സഹജമാണ്. ലോകത്തുള്ള കോടി ക്കണക്കായ അഹ്മദികളിൽ ഓരോ ആളുടെയും ഹൃദയത്തിൽ അത്യന്തം ബഹുമാനാദരങ്ങളോടെ കുടികൊള്ളു ന്ന ആത്മീയ നേതാവായ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫ ത്തുൽ മസീഹ് അഞ്ചാമനുമായുള്ള ഈ ലേഖകന്റെ കൂടിക്കാഴ്ച ജീവിത ത്തിൽ എന്നെന്നും അവിസ്മരണീയ മായ അനർഘ നിമിഷങ്ങളായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്ത ഇരുപത്ത യ്യായിരത്തിൽ പരം അഹ്മദികളെ തനിച്ചും കൂട്ടായും കൂടിക്കാഴ്ച നട ത്തുക എന്നത് അത്യന്തം പ്രയാസക രമായ കാര്യമാണെങ്കിലും അതിന്നി വിടെ ഏർപ്പെടുത്തിയിരുന്ന സംവി ധാനം സ്തുത്യർഹമായിരുന്നു. വിനീതന്നു കൂടിക്കാഴ്ചക്കു അനുവദി ക്കപ്പെട്ടത് ആഗസ്റ്റ് ഒന്നാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6.30 ന്നായിരുന്നു. ഈ വിനീത ദാസൻ തന്റെ എല്ലാമെല്ലാമായ യജമാനന്റെ തിരുസന്നിധിയിൽ ചെന്നപ്പോൾ ഹുസൂർ തിരുമനസ്സ് സുസ്മേരവദ നനായി സസ്നേഹം എഴുന്നേറ്റുനിന്നു ഹസ്തദാനം നൽകി ഇരിക്കാൻ പറ ഞ്ഞു. നാം എം. ടി. എ. യിലോ ഫോ ട്ടോയിലോ കാണുന്നതിലുപരി ഹുസൂ റിന്റെ മുഖാരവിന്ദം വളരെയേറെ ശോഭയും ആത്മീയ തേജസ്സും ദൈവി ക പ്രകാശവും നിറഞ്ഞതായിരുന്നു. ഹുസൂർ കേരളത്തിലെ പ്രവർത്തന ങ്ങളെക്കുറിച്ച് വിശദമായി അന്വേഷി ച്ചറിഞ്ഞു. 98% സാക്ഷരതയുള്ള കേര ളത്തിൽ അഹ്മദികൾ 100% സാക്ഷര രാണെന്നും ബൈഅത്തു ചെയ്യുന്ന ഓരോ ആളും അഹ്മദിയ്യത്തിനെക്കു റിച്ച് കൂലങ്കുഷമായി പഠിച്ചും സാഹി ത്യങ്ങൾ പാരായണം ചെയ്തുമാണ് ജമാഅത്തിൽ ചേരുന്നതെന്നും അതി ന്നായി കേരള ജമാഅത്ത് പ്രസിദ്ധീക രണ രംഗത്ത് ചെയ്യുന്ന സേവനങ്ങളെ ക്കുറിച്ച് ഹുസൂർ തിരുമനസ്സിനെ അറി യിക്കുകയും കേരള ജമാഅത്തിൽ നിന്നും പുറപ്പെടുന്ന സത്യദൂതൻ, മിനാരത്ത്, സത്യമിത്രം, അന്നൂർ, അൽഹഖ് എന്നീ പത്രമാസികകൾ അല്പം വിശദീകരണത്തോടുകൂടി ഹുസൂറിന്റെ സന്നിധിയിൽ സമർപ്പി ക്കുകയുമുണ്ടായി. ഈയുള്ളവൻ എത്രകാലമായി മുബല്ലിഗായി പ്ര വർത്തിക്കുന്നതെന്ന് ഹുസൂർ ആരാ ഞ്ഞപ്പോൾ ഹൈദരാബാദ്, ബോംബെ, മദ്രാസ് എന്നീ ജമാഅത്തുകളിൽ സേവനമനുഷ്ഠിച്ച് ഇപ്പോൾ 13 വർഷ മായി കേരളത്തിൽ പ്രവർത്തിച്ചുവരി കയാണെന്നും അല്ലാഹുവിന്റെ അനു

ഗ്രഹത്താൽ 1961 ൽ മദ്രസ അഹ്മദിയ്യ യിൽ നിന്നും വിദ്യാഭ്യാസം പൂർത്തി യാക്കിയതിനുശേഷം 42 വർഷങ്ങ ളായി മുബല്ലിഗ് ഇൻ ചാർജ്ജായി പ്രവർത്തിച്ച് വരികയാണെന്നും സവി നയം അറിയിച്ചു. ഹുസൂർ അയ്യദഹു ല്ലാഹു വളരെയധികം സ്നേഹഭാവ ത്തോടെ ഈയുള്ളവനെ നിർന്നിമേഷ നായി വീക്ഷിച്ചുകൊണ്ടിരുന്നു. കേര ളത്തിലെ പ്രവർത്തനങ്ങളെക്കുറിച്ചറി യിച്ചപ്പോൾ മാശാഅല്ലാഹ്, ബഹുത് ഖുബ് എന്നീ പ്രശംസാ വചനങ്ങൾ ഉച്ചരിക്കുകയുണ്ടായി. അവസാനം, ഹുസൂറുമൊത്ത് ഫോട്ടോ എടുക്കു കയും ഈ വിനീതനെ ആലിംഗനം ചെയ്തനുഗ്രഹിക്കുകയുമുണ്ടായി. എന്റെ ജീവിതത്തിൽ എന്നെന്നും സ്മരണീയമായ അനർഘനിമിഷങ്ങ ളായിരുന്നു ഈ കൂടിക്കാഴ്ച.

### മിഷ്യനറിമാരുടെ യോഗം

ഹുസൂറുമായുള്ള ഈ കൂടിക്കാ ഴ്ചക്കു തലേന്ന് അതായത് ജൂലായ് 31 -ാം തീയതി വൈകുന്നേരം 4. 30 മണിക്ക് ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽ നിന്നു സന്നിഹിതരായ മുബ ല്ലിഗ്മാരുടെ ഒരു പ്രത്യേകയോഗം ഹസ്റത്ത് അമീറുൽ മുഅ്മിനീൻ തിരുമനസ്സിന്റെ അനുഗൃഹീത അദ്ധ്യ ക്ഷതയിൽ നടന്നു. ആദ്യമായി ഹുസൂർ എല്ലാ മുബല്ലിഗ് മാരെയും പ്രത്യേകം പ്രത്യേകം പരിചയപ്പെട്ടു തദവസരത്തിൽ 95 മുബല്ലിഗ്മാർ സന്നിഹിതരായിരുന്നു. ഹുസൂർ തിരു മനസ്സിന്റെ ചോദ്യത്തിനുത്തരമായി കേരളത്തിൽ 50 ജമാഅത്തുകളു ണ്ടെന്നും ഓരോ ജമാഅത്തും സ്വയം ധനത്യാഗം ചെയ്തു മസ്ജിദു നിർമ്മി ക്കുകയുണ്ടായെന്നും ഈ വിനീതൻ അറിയിച്ചു. അവസാനമായി ഹുസൂർ ചെയ്ത ഹ്രസ്വ പ്രസംഗത്തിൽ നവ അഹ്മദികളുടെ ശിക്ഷണത്തെയും സംരക്ഷണത്തെയും കുറിച്ച് മാർഗ്ഗ നിർദ്ദേശം നൽകി. നവ അഹ്മദികളെ ശാഖാ സംഘടനകളുമായി സംയോജി പ്പിക്കുകയും അവരെ ധനത്യാഗ രംഗത്ത് പങ്കുചേർക്കുകയും ചെയ്യേ ണ്ടുന്ന ആവശ്യത്തെക്കുറിച്ച് ഉണർ ത്തുകയുണ്ടായി. അതേ പ്രകാരം ശാഖാ സംഘടനകൾ നടത്തുന്ന ദീനീ പരീക്ഷകളിൽ എല്ലാവരെയും പങ്കെ ടുപ്പിക്കേണ്ട കാര്യത്തെക്കുറിച്ച് ഊന്നി പ്പറയുകയുണ്ടായി.

### യു. കെ. യിൽ അഹ്മദിയ്യത്തിന്റെ തുടക്കം

ഇന്ത്യക്കു പുറത്ത് വിദേശത്ത് ആദ്യ മായി 1913 ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കാലത്താണ് ഇംഗ്ല ണ്ടിൽ ഹസ്റത്ത് മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ് മുഖേന ജമാഅത്ത് സ്ഥാപിതമായത്. യു. കെ. അഹ്മദിയ്യാ മിഷ്യനു വേണ്ടി 1920 ആഗസ്റ്റ് മാസത്തിൽ തെക്കു പടിഞ്ഞാ റൻ ലണ്ടനിൽ ഉള്ള സൗത്ത് ഫീൽഡിൽ ഒരേക്കർ നിലം വാങ്ങി. 1920 ഒക്ടോബർ 24-ാം തീയതി ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) മസ്ജിദിനായി ശിലാസ്ഥാപനം നട ത്തി. 1926 ഒക്ടോബറിൽ മസ്ജിദു ഉദ്ഘാടനം ചെയ്യപ്പെട്ടു. ലണ്ടനിൽ ഒന്നാമതായി സ്ഥാപിതമായ ഈ മസ് ജിദിന്റെ പേര് ബൈത്തുൽ ഫസ്ൽ എന്നാണെങ്കിലും പൊതുവിൽ ലണ്ടൻ മോസ്ക്ക് എന്ന പേരിലാണറിയപ്പെടു ന്നത്. ഈ മസ്ജിദിനോടനുബന്ധിച്ച് വിശാലമായ മഹ്മൂദ് ഹാളും വിവിധ നിസാറത്തുകളുടെ ഓഫീസുകളും സ്ഥിതിചെയ്യുന്നു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ഹിജ്റത്തിനുശേഷം ഇവിടെ അഹ്മദിയ്യാ ജമാഅത്ത് അംഗ സംഖ്യയിലും മറ്റെല്ലാ വിധത്തിലും പുരോഗമിച്ചുകൊണ്ടിരുന്നതിന്റെ ഫല മായി ലണ്ടൻ മസ്ജിദിൽ നിന്നും 64 കി. മി. ദൂരത്ത് ടിൽഫോർഡിൽ 25 ഏക്കർ നിലം വാങ്ങുകയും അതിനു ഇസ്ലാമാബാദ് എന്നു നാമകരണം ചെയ്യപ്പെടുകയുമുണ്ടായി. കഴിഞ്ഞ വർഷം ഈ സ്ഥലത്തോടനുബന്ധിച്ച് 7 ഏക്കർ നിലം കൂടി വാങ്ങുകയും ചെയ്തു.

### ബൈത്തുൽ ഫുത്തുഹ്

ലണ്ടൻ പട്ടണത്തിന്റെ പ്രാന്ത പ്രദേ ശമായ മാർടൻ എന്ന സ്ഥലത്ത് അഞ്ചുവർഷങ്ങൾക്കു മുമ്പ് 5 ഏക്കർ 20 സെന്റു വിശാലമായ ഭൂമിയും കെട്ടി ടങ്ങളും വിലക്കു വാങ്ങി. അതിലുള്ള എല്ലാ കെട്ടിടങ്ങളും ആധുനിക രീതി യിൽ സജ്ജീകരിച്ചിരിക്കുകയാണ്. കൂടാതെ അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്താൽ അതിവിശാലവും പ്രൗഢ ഗംഭീരവും മനോഹരവുമായ ഒരു മസ്ജിദ് അവിടെ നിർമ്മിക്കുകയും അതിനു ബൈത്തുൽ ഫുത്തുഹ് എന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തു. പത്രമാസികകൾ ഈ മസ്ജിദിനെ Britain's Largest Mosque എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. മസ്ജിദിന്റെ രണ്ടു നിലകെട്ടിടത്തിന്റെ താഴെ നിലയിലും വിശാലമായ ഹാളു ണ്ട്. അങ്ങനെ മൂന്നു ഹാളുകളിലു മായി 5000 പേർക്ക് നമസ്കരിക്കുവാ നുള്ള എല്ലാ സജ്ജീകരണങ്ങളുമുണ്ട്. ഈ മസ്ജിദിനോടനുബന്ധിച്ച് കോൺഫറൻസ് ഹാൾ, ഓഡിറ്റോറി യം, ലൈബ്രറി, ലങ്കർഖാന, വിവിധ നിസാറത്തുകളുടെ ഓഫീസുകൾ, ശാഖാ സംഘടനകൾക്കുള്ള പ്രത്യേ കം പ്രത്യേകം ഓഫീസുകൾ എന്നിവ ഉണ്ട്. 25 മീറ്റർ ഉയരത്തിൽ ആകർഷ ണീയമായ മിനാരത്ത നിർമ്മാണ ത്തിന്റെ അവസാന ഘട്ടത്തിലാണ്. മസ്ജിദിന്റെ തറ വിസ്തീർണ്ണം രണ്ടാ യിരം ചതുരശ്ര മീറ്റർ അതായത് 21, 800 ച. അടിയാണ്. ഇവിടെത്തന്നെ യാണ് എം. ടി. എ സ്റ്റുഡിയോവും പ്രസ്സും സ്ഥാപിക്കപ്പെടുന്നത്. ഈ മസ്ജിദിന്റെയും അതിനോടനുബ ന്ധിച്ച എല്ലാ സംവിധാനങ്ങളുടെയും ഉദ്ഘാടന മഹാമഹം 2003 ഒക്ടോബർ 5-ാം തീയതി നടക്കുകയാണ്. ബ്രിട്ട നിലെ ഇസ്ലാമിക ചരിത്രത്തിൽ അവി സ്മരണീയമായി മാറുന്ന ഈ സുദിനം സമുചിതം ആഘോഷിക്കാൻ ഇൻശാ അല്ലാഹ് അഹ്മദിയ്യാ ജമാഅത്ത് ഒരു ക്കങ്ങൾ പൂർത്തിയാക്കിവരുന്നു.

ഇപ്പോൾ യു. കെ. യിൽ മസ്ജിദു ഫസൽ, ഇസ്ലാമാബാദ്, ബൈത്തുൽ ഫുത്തുഹ് എന്നീ കേന്ദ്രങ്ങൾ കൂടാ തെ താഴെപ്പറയുന്ന പന്ത്രണ്ടു പ്രദേശ ങ്ങളിൽ മസ്ജിദും മിഷ്യൻ ഹൗസും

*(ശേഷം പേജ് 29 ൽ)*

ലേഖനം

# ശ്രീകൃഷ്ണനോ ശ്രീരാമനോ ആരാണ് മുൻഗാമി? - II

പ്രൊഫ. രുദ്രദേവ് ശാസ്ത്രി

**കൗതുകകരമായ പുരാണകഥകളെ അടിസ്ഥാനമാക്കി കൊണ്ട് ശ്രീകൃഷ്ണനാണ് ശ്രീരാമനേക്കാൾ മുമ്പേ ജീവിച്ചിരുന്ന മഹാത്മാവ് എന്ന് ലേഖകൻ സമർത്ഥിക്കുന്നു.**

കൃഷ്ണൻ രാമന് മുമ്പാണ് ജീവിച്ചിരുന്നത് എന്ന് തെളിയിക്കാൻ പുരാണകഥകളിലേക്ക് തിരിയാം.

1. മനുവിന്റെ പിതാവായ വൈവസ്വത മനു സ്ഥാപിച്ച സൂര്യവംശത്തിലാണ് രാമൻ ജനിച്ചത്. മനുവിനെ സംബന്ധിച്ച് ഭാഗവതത്തിൽ നാം വായിക്കുന്നു. കൃഷ്ണ ഭക്തനായ സത്യവ്രതൻ എന്ന് പേരായ രാജർഷി (ഋഷിയായ രാജാവ്) വൈവസ്വതന്റെ മകനായ മനുവായി അവതരിക്കുന്നു. ഇത് മനുവിന്റെ രണ്ടാം അവതാരമായി കണക്കാക്കപ്പെടുന്നു. പക്ഷേ ഇത് പുനരവതാരമായി കണക്കാക്കേണ്ടതില്ല. വാഗ്ദത്ത മസീഹ് ഹസ്റത്ത് അഹ്മദ് വിവരിച്ചത് പോലെ രണ്ടാം വരവ് എന്നത് മുമ്പു വന്ന മതപുരുഷന്റെ സ്ഥൂലാകാരത്തോടെയുള്ള പുനർജനനമോ ആത്മീയമായ പരകായ പ്രവേശനമോ അല്ല. പൂർവ്വ ഗാമിയുടെ ജീവിത ദൗത്യത്തിന് സമാനമായതോ സഹായകരമായതോ ആയ ദിവ്യദൗത്യങ്ങളുമായി വരുന്ന പിൻഗാമിയുടെ ദൗത്യത്തെയാണ് രണ്ടാം വരവ് എന്നത്കൊണ്ട് വിവക്ഷിക്കപ്പെടുന്നത്.

(2). മനുവിന്റെ ഭാര്യയുടെ പേര് ശ്രദ്ധ എന്നായിരുന്നു. അവർക്ക് പത്ത് പുത്രന്മാരുണ്ടായിരുന്നു. ഇക്ഷ്വാകു, നൃഗൻ, ശര്യാതൻ, ദിഷ്ഠൻ, ധൃഷ്ടൻ, കരൂഷൻ, പൃഷധ്രൻ, നഭാഗൻ, കൃഷ്യൻ, കവി - ഈ പത്ത് പുത്രൻരെ വിവരിക്കുന്ന പുരാണങ്ങളിൽ താഴെ പറയും വിധം ഒരു കഥയും വിവരിക്കുന്നുണ്ട്.

മനുവിന് ആദ്യം സന്താനങ്ങളില്ലായിരുന്നു. സന്താന ലാഭത്തിനു വേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു തന്റെ മിത്രങ്ങളോടും പ്രാർത്ഥിക്കാൻ വേണ്ടി അപേക്ഷിച്ചു. അവസാനം മനുവിന് സന്താന ലബ്ധിയുണ്ടായി. അതൊരു പെൺകുട്ടിയായിരുന്നു മനുവിന്റെ ആത്മ മിത്രമായിരുന്നു. വസിഷ്ഠൻ. മനു അദ്ദേഹത്തോട് പറഞ്ഞു 'ഞാൻ ഒരു പുത്രനുവേണ്ടിയായിരുന്നു പ്രാർത്ഥിച്ചത്. പക്ഷേ എനിക്ക് ലഭിച്ച ത് ഒരു പുത്രിയെയാണ് ഞാൻ ഇപ്പോ ശ്േ എന്താണ് ചെയ്യേണ്ടത്?' വസിഷ്ഠൻ അദ്ദേഹത്തോട് കൃഷ്ണ നെ ധ്യാനിക്കാൻ ഉപദേശിച്ചു. അതി ന്റെ ഫലമായി കൃഷ്ണൻ പ്രസാദിക്കുകയും മനുവിന് ലഭിച്ച പെൺകുട്ടിയുടെ ലിംഗം മാറ്റി സദ്യുമ്നൻ എന്ന് പേരുള്ള ആൺകുട്ടിയാവുകയും ചെയ്തു. യുവാവായപ്പോൾ സദ്യുമ്നൻ നായാട്ടിനായി ഒരു മലയിലേക്ക് പോയി. ശിവനാൽ ശാപഗ്രസ്തമായ പർവ്വതമായിരുന്നു അത്. സദ്യുമ്നൻ അവിടെയെത്തിയപ്പോൾ വീണ്ടും ലിംഗം മാറി സ്ത്രീയായിത്തീർന്നു. സോമന്റെ (ചന്ദ്രൻ) പുത്രനായ ബുധൻ ഈ കന്യകയെ കണ്ടു അവർ പ്രണയബദ്ധരായി. അവർക്ക് പുരൂരവസ് എന്ന് പേരായ ഒരു പുത്രൻ ജനിക്കുകയും ചന്ദ്രവംശത്തിന് തുടക്കമിടുകയും ചെയ്തു. മനു വീണ്ടും കൃഷ്ണനെ സമീപിച്ചു. സങ്കടമുണർത്തിച്ചു. ഓരോ മാസത്തിന്റെ അവസാനത്തിലും തന്റെ സന്താനത്തെ ആണാക്കി മാറ്റി പ്രശ്നം പരിഹരിച്ചു. പക്ഷേ സംതൃപ്തനാകാത്ത മനു കൃഷ്ണ ധ്യാനം തുടർന്നു. അവസാനം പത്ത് പുത്രന്മാരാൽ അനുഗൃഹീതനായി.

3. മനുവിന്റെ പത്ത് പുത്രന്മാരിൽ ഒരാൾ പൃഷധ്രൻ ആയിരുന്നു.

അദ്ദേഹം മനുവിന്റെ ഗോസമ്പത്തിന് അവകാശയിയായി തീരുകയും ഗോപാലൻ (പശുപരിപാലകൻ) എന്ന അഭിധാനത്തിൽ അറിയപ്പെടുകയും ചെയ്തു. ഒരു ദിവസം രാത്രി തന്റെ ഗോശാലയിൽ ഒരു പുലി പ്രവേശിക്കുകയുണ്ടായി. ഊരിയ വാളുമായി പൃഷധ്രൻ പുലിയെ നേരിട്ടു. അദ്ദേഹം പുലിക്കെതിരെ വാൾ ആഞ്ഞു വീശിയപ്പോൾ പുലി ചാടി രക്ഷപ്പെടുകയും ആ വാൾ പശുവിന്റെ കഴുത്തിൽ പതിക്കുകയും പശു കൊല്ലപ്പെടുകയും ചെയ്തു. പശുഹത്യയാൽ ദു:ഖിതനായ പൃഷധ്രൻ ദുഖ നിവർത്തിക്കായി കൃഷ്ണന് നേരെ ഭക്തിപൂർവ്വം തിരിഞ്ഞു.

4. മനുവിന്റെ മൂന്നാമത്തെ പുത്രനായിരുന്നു ശര്യാതി. ഒരു ദിവസം വനത്തിൽ സുകന്യ എന്ന കൗമാരക്കാരിയായ തന്റെ പുത്രിയോടൊപ്പം പക്ഷികളെ പിന്തുടർന്നും പൂക്കൾ ഇറുത്തും കളിച്ചുകൊണ്ടിരുന്ന ശര്യാതിയുടെ പുത്രി നിലത്ത് മണ്ണിൽ തിളങ്ങിക്കൊണ്ടിരിക്കുന്ന രണ്ട് വസ്തുക്കൾ കണ്ടു. ആ ബാലിക മരക്കൊമ്പ് കൊണ്ട് മണ്ണ് നീക്കി അത് പുറത്തെടുക്കാൻ ശ്രമിച്ചു. അത് വാസ്തവത്തിൽ ച്യവന മഹർഷിയുടെ കണ്ണുകളായിരുന്നു. ധ്യാന നിലീതനായ മഹർഷി മണ്ണിന്റെ പുറ്റിന്നിടയിൽ മൂടപ്പെട്ടു കിടക്കുകയായിരുന്നു. പെൺകുട്ടിയാൽ തപസ്സ് മുടക്കപ്പെട്ട മുനി കോപിഷ്ഠനായി. നാട്ടിൽ അനർത്ഥങ്ങളുണ്ടായി. ശര്യാതിക്ക് ശാപമോക്ഷം കിട്ടാൻ ഒരു വഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ. തന്റെ കന്യകയായ മകളെ മുനിക്ക് സമർപ്പിക്കലായിരുന്നു അത്. അങ്ങിനെ സുന്ദരിയായ സുകന്യ ച്യവനന്റേതായി മാറി. സുകന്യ പതി ശുശ്രൂഷയാൽ തന്റെ സ്വഭാവമഹിമ തെളിയിച്ചു. വൃദ്ധനായ ച്യവനൻ ശര്യാതിയുടെ പുത്രിയെ വളരെയേറെ ഇഷ്ടപ്പെടുകയും തനിക്ക് യൗവനം വീണ്ടു കിട്ടണമെന്ന് ആഗ്രഹിക്കുകയും ചെയ്തു. അദ്ദേഹം തന്റെ ആഗ്രഹ നിവർത്തിക്കായി ശ്രീകൃഷ്ണനോട് പ്രാർത്ഥിച്ചു. പർവ്വത മുകളിലെ അരുവിയിൽ സ്നാനം ചെയ്താൽ യൗവന പ്രാപ്തിയുണ്ടാവുമെന്ന് ച്യവനന് വരം നൽകപ്പെട്ടു. അദ്ദേഹം അങ്ങിനെ ചെയ്തു യൗവനം വീണ്ടെടുത്തു. പിന്നീട് ശര്യാതി തന്റെ മക്കളെ സന്ദർശിക്കാൻ ചെന്നപ്പോൾ മകൾ ഒരു യുവാവുമായി രമിക്കുന്നതാണ് കണ്ടത്. ച്യവന മുനിയെ ഉപേക്ഷിച്ചുവെന്ന് കരുതിയ പിതാവ് കോപിഷ്ഠനായി. കൃഷ്ണനെയും അശ്വിനി കുമാരനേയും ആരാധിച്ചത് കൊണ്ട് ലഭിച്ച വരദാനത്തെക്കുറിച്ച് പറഞ്ഞ് അച്ഛന്റെ കോപത്തെ സുകന്യ ശമിപ്പിക്കുകയുണ്ടായി. ഈ അശ്വിനി കുമാരനാണ് ഋഗ്വേദത്തിലെ അശ്വവനൻ. ഹ്യൂഗോ വിൻക്ളർ വായിച്ചെടുത്ത ബോഗ്ഴോകിയിലെ ലിഖിതങ്ങളിലെ നസാത്തായും ഈ അശ്വവനൻ തന്നെയാണ്. ഈ കഥയിലും കൃഷ്ണ പൂജയുടെ കഥയുണ്ട്.

**അംശുമാൻ കൃഷ്ണനെ പ്രാർത്ഥിച്ചു. ഗംഗാനദിയെ ഒഴുക്കി വിട്ടാൽ ചാമ്പലായ ഭടന്മാർ പുനർജ്ജീവിക്കപ്പെടുമെന്ന് കൃഷ്ണന്റെ അരുളപ്പാടുണ്ടായി. അതിൽ പിന്നെ അംശുമാന്റെ ഗംഗയെ പ്രസ്തുത സ്ഥലത്തേക്ക് ഒഴുക്കിവിടാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും നിഷ്ഫലമാവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ പുത്രനും ഗംഗയുടെ ഗതിമാറ്റാനായില്ല. അംശുമാന്റെ പൗത്രൻ ഭഗീരഥൻ ഈ ശ്രമത്തിൽ വിജയിക്കുകയുണ്ടായി.**

5. മനുവിന്റെ മറ്റൊരു പുത്രനാണ് നഭാഗൻ അദ്ദേഹത്തിന്റെ പുത്രനാണ് അംബരീഷ്. കൃഷ്ണനോടുള്ള ഭക്തി കാരണം ബ്രാഹ്മണ ശാപത്തിൽ നിന്നും സർവ്വ കാലത്തേക്കും മോചിതനായിക്കൊണ്ടുള്ള വരം ലഭിച്ചയാളാണ് അംബരീഷ്

6. ഭാഗവതത്തിൽ (9:7) ശ്രീരാമന്റെ പൂർവ്വ പിതാക്കന്മാർ കൃഷ്ണ ഭക്തരായിരുന്നു എന്ന് കാണാം. ശ്രീകൃഷ്ണന് ശേഷം വളരെ കഴിഞ്ഞാണ് രാമൻ ജീവിച്ചിരുന്നത് എന്നതിന് ഇത് തെളിവാണ്. ഈ കഥ ഇങ്ങിനെയാണ്. ശ്രീരാമന്റെ പൂർവ്വികരിൽ സഗരൻ എന്ന് പേരുള്ള ഒരു രാജാവ് അശ്വമേധയാഗം സംഘടിപ്പിക്കുകയുണ്ടായി. അശ്വത്തെ അഴിച്ചു വിട്ടു അത് പരിക്കേൻ ക്കാതെ തിരിച്ചെത്തുമ്പോൾ തന്റെ സാർവ്വഭൗമത്വം അംഗീകരിച്ചതായി കണക്കാക്കുമായിരുന്നു. തന്റെ അധീശത്വം ലോകം അംഗീകരിക്കാൻ സഗരൻ നടത്തിയ അശ്വമേധത്തിലെ യാഗാശ്വത്തെ മഹാതന്ത്രശാലിയായിരുന്ന പുരന്ദരൻ ബന്ധിച്ചു. അശ്വത്തെ തന്റെ സ്വന്തം പരിധിയിൽ വെക്കുന്നതിന് പകരം കപില മഹർഷി തന്റെ ധ്യാനവും ജപവും നടത്തിക്കൊണ്ടിരിക്കുന്ന വനത്തിലെ ആശ്രമത്തിനടുത്ത് കൊണ്ടുപോയി കെട്ടി. യാഗാശ്വത്തെ പിന്തുടർന്ന ഭടന്മാർ അശ്വത്തെ കാണാതെ അവിടെയും ഇവിടെയും തിരഞ്ഞു. ഭടൻമാർ ഒടുവിൽ കപില മഹർഷിയുടെ ആശ്രമത്തിന്നടുത്തെത്തി. തന്റെ തപസ്സിന് വിഘ്നം നേരിട്ടപ്പോൾ മുനി ഭടന്മാർ മുഴുവനും വെന്തു വെണ്ണീരാവട്ടെ എന്നു ശപിച്ചു. ഇതിനകം അംശുമാന്റെ നേതൃത്വത്തിൽ സഗര രാജാവ് അശ്വത്തെ തിരയാൻ അറുപതിനായിരം ഭടന്മാരെ അയച്ചിരുന്നു. ജ്ഞാനിയായ അംശുമാൻ കപില മുനി കാട്ടിൽ തപസ്സിലാണെന്ന് മനസ്സിലാക്കി. അദ്ദേഹം അടയാളം നോക്കി തപസ്സനുഷ്ഠിക്കുന്ന ഭാഗത്തേക്ക് പോയി നോക്കിയപ്പോൾ കത്തിക്കരിഞ്ഞ കരിക്കഷ്ണങ്ങളാണ് കണ്ടത്. അംശുമാൻ കൃഷ്ണനെ പ്രാർത്ഥിച്ചു. ഗംഗാനദിയെ ഒഴുക്കി വിട്ടാൽ ചാമ്പലായ ഭടന്മാർ പുനർജ്ജീവിക്കപ്പെടുമെന്ന് കൃഷ്ണന്റെ അരുളപ്പാടുണ്ടായി.

അതിൽ പിന്നെ അംശുമാന്റെ ഗംഗയെ പ്രസ്തുത സ്ഥലത്തേക്ക് ഒഴുക്കിവിടാനുള്ള ശ്രമങ്ങൾ നടത്തിയെങ്കിലും നിഷ്ഫലമാവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ പുത്രനും ഗംഗയുടെ ഗതിമാറ്റാനായില്ല. അംശുമാന്റെ പൗത്രൻ ഭഗീരഥൻ ഈ ശ്രമത്തിൽ വിജയിക്കുകയുണ്ടായി. ആ കാലം മുതൽ ഗംഗ ഭാഗീരഥി നദി എന്നാണ് അറിയപ്പെടുന്നത്. ആ പേരിൽ തന്നെയാണ് ബംഗാളിൽ ഗംഗാനദി ഇന്നും അറിയപ്പെടുന്നത്.

രാമചന്ദ്രനെക്കുറിച്ചുള്ള ഏറ്റവും പുരാതന രേഖയായ വാത്മീകിയുടെ രാമായണത്തിലും തുളസി ദാസിന്റെ 'രാമായണ'ത്തിലുംപ്രശസ്ത സംസ്കൃത നാടകമായ 'ഉത്തര രാമ ചരിത'ത്തിലും ഈ കഥയുണ്ട്. തന്റെ പൂർവ്വികരുമായി ബന്ധപ്പെട്ട ഈ കഥ ശ്രീരാമചന്ദ്രൻ തന്റെ വനവാസകാലത്ത് സീതയോട് പറയുകയും പ്രണാമങ്ങളർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്.

(7) വാത്മീകി എഴുതിയ രാമായണത്തിലും കൃഷ്ണന്റെ കഥക്ക് പ്രാമുഖ്യം നൽകിയിട്ടുണ്ട്. രാമായണ രചന സംഭവിച്ചത് ഇങ്ങിനെയാണ്. ഒരിക്കൽ തമസാ നദിയുടെ തീരത്തുകൂടെ വാത്മീകി നടക്കുമ്പോൾ അദ്ദേഹം അവിടെ ഒരു 'നിഷാദനെ' കണ്ടു. (നിഷാദൻ എന്നത് ഒരു കാട്ടാള ഗോത്രത്തെ സൂചിപ്പിക്കുന്നു) അവൻ മരത്തിൽ വിശ്രമിക്കുകയായിരുന്ന ക്രൗഞ്ച മിഥുനങ്ങളിലൊന്നിനെ അമ്പെയ്ത് വീഴ്ത്തി. ഈ മിഥുന പക്ഷികളൊന്നിന്റെ വേർപാടിൽ ഏകയായ പക്ഷി ദു:ഖിതയായി. ഈ ദാരുണ രംഗം വാത്മീകിയെ ആകുലചിത്തനാക്കി. ആ ദു:ഖം കാവ്യമായൊഴുകി. അതാണ് സംസ്കൃതത്തിൽ പ്രകാശിതമായ രാമായണം.

പുരാണത്തിലെ മറ്റൊരു കഥയിൽ 'നിഷാദം' എന്നൊരു പദം നാം കാണുന്നു. ഭാഗവതത്തിലെ ഒരു കഥ ഇങ്ങിനെയാണ്. ഒരിക്കൽ ഒരു രാജാവ് തന്റെ തുട കടഞ്ഞ് ഒരു പുത്രനെ സൃഷ്ടിച്ചു. കറുത്ത നിറവും ചെമ്പൻ മുടിയും തിളങ്ങുന്ന കണ്ണുമായിട്ടായിരുന്നു ആ കുഞ്ഞ് ജനിച്ചത്. ഈ കുഞ്ഞ് ഒരിക്കൽ കൃഷ്ണന്റെ മുമ്പിൽ കൊണ്ടുവരപ്പെട്ടു. കൃഷ്ണൻ അവനോട് ഇരിക്കാൻ ('നിഷിദ്' എന്നാൽ ഇരിക്കുക) പറഞ്ഞു. കൃഷ്ണനുമായുള്ള ഈ ബന്ധം മുതൽ അവൻ നിഷാദൻ എന്ന പേരിൽ അറിയപ്പെട്ടു. തുടർന്ന് അദ്ദേഹത്തിന്റെ ഗോത്രവും ആ പേരിൽ അറിയപ്പെടാൻ തുടങ്ങി.

മറ്റൊരു കഥ വനവാസകാലത്ത് രാമനും സീതയും ലക്ഷ്മണനും നിഷാദപതിയായ ഒരു രാജാവിന്റെ അതിഥികളായി താമസിക്കുന്നതാണ്.

ഈ കഥകൾ സൂചിപ്പിക്കുന്നതും 'നിഷാദം' എന്ന പദം ആരംഭിക്കുന്നത് ശ്രീകൃഷ്ണന്റെ കാലത്ത് ഒരു വ്യക്തിയിൽ നിന്നാണെന്നാണ്. രാമന്റെ കാലമെത്തുമ്പോഴേക്കും അതൊരു വലിയ ജനസമൂഹമായി മാറിക്കഴിഞ്ഞിരുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാവുന്നത് ശ്രീരാമചന്ദ്രന് എത്ര യോ മുമ്പ് ശ്രീകൃഷ്ണൻ ജീവിച്ചിരുന്നു എന്നതിന് ഇത് വ്യക്തമായ തെളിവ് നൽകുന്നു.

(8) സൂര്യ രാജാക്കന്മാർക്കിടയിൽ രാമന്റെ പൂർവ്വികരായ ഇക്ഷ്വാകു എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ വികുക്ഷിയെ സംബന്ധിക്കുന്ന കഥ ഇങ്ങിനെയാണ്. ഒരു ദിവസം അദ്ദേഹം തന്റെ വേട്ട മുതൽ ദൈവത്തിന് സമർപ്പിക്കുമെന്ന പ്രതിജ്ഞയോടെ വേട്ടക്കിറങ്ങി. അദ്ദേഹം വേട്ട ചെയ്ത മൃഗങ്ങളിലൊന്ന് ഒരു മുയലായിരുന്നു. കഠിനമായ വിശപ്പിനാൽ ദൈവത്തിനുള്ള നേർച്ച മറന്നു. ആ മുയലിന്റെ ചില ഭാഗങ്ങൾ അദ്ദേഹം ഭക്ഷിച്ചു. പക്ഷേ ദൈവത്തിന് സമർപ്പിക്കുന്ന മൃഗങ്ങളെ ബലിവേദിയിൽ വെക്കുന്നതിന് മുമ്പേ ഭക്ഷിക്കുക എന്നത് ആചാര വിരുദ്ധമായിരുന്നു. ഈ പ്രവൃത്തി അദ്ദേഹത്തെ രൂക്ഷമായ വിമർശനത്തിന് പാത്രമാക്കി 'ശശാദൻ' (മുയലിനെ തിന്നുന്നവൻ) എന്നൊരു പരിഹാസ പേരിന് പാത്രമാക്കുകയും ചെയ്തു. (ഭാഗവതം 9:6:11) ഈ വിമർശനത്തിൽ നിന്നും രക്ഷ പ്രാപിക്കാൻ വികുക്ഷി കൃഷ്ണനെയാണ് അഭയം പ്രാപിക്കുന്നത്. കൃഷ്ണന്റെ കൃപ ഒന്നുകൊണ്ട് മാത്രം വികുക്ഷി നിന്ദയിൽ നിന്നും രക്ഷപ്പെട്ടു.

9. ഭാഗവത (9:14) ത്തിലും മറ്റും പുരൂരവസ്സിനേയും ഉർവ്വശിയേയും സംബന്ധിച്ച് വളരെ കൗതുകകരമായ ഒരു കഥയുണ്ട് കാളിദാസൻ വിക്രമോർവ്വശീയം എന്ന നാടകത്തിൽ ഈ കഥ ഇതിവൃത്തമായി സ്വീകരിച്ച് അനശ്വരമാക്കുകയുണ്ടായി. ഭാഗവതത്തിൽ പറഞ്ഞ ഈ കഥ - ഇങ്ങിനെയാണ്.

ആയിരം തലയുള്ള പുരുഷനിൽ നിന്നും (കൃഷ്ണൻ) ഒരു താമര പുറത്തേക്ക് വന്നു. ഈ താമരയിൽ നിന്നും ബ്രഹ്മാവ് ജനിച്ചു. ബ്രഹ്മാവിന്റെ ഒരു പുത്രനാണ് അത്രി. അദ്ദേഹത്തിന്റെ നയനത്തിൽ നിന്നും സോമൻ (ചന്ദ്രൻ) എന്നൊരു പുത്രൻ ജനിച്ചു. സോമൻ ദേവഗുരുവായ ബൃഹസ്പതിയുടെ അതീവ സുന്ദരിയായ ഭാര്യ താരയേയും കൊണ്ട് കടന്നു കളഞ്ഞു. സോമനിൽ നിന്നും ഭാര്യയെ വീണ്ടെടുക്കാൻ ബൃഹസ്പതി ആദ്യമാദ്യം അനുനയത്തിന്റെ മാർഗ്ഗം സ്വീകരിച്ചെങ്കിലും സോമൻ വഴങ്ങിയില്ല. ഈ സംഭവം അസുരന്മാരും ദേവന്മാരും തമ്മിലുള്ള വമ്പിച്ച യുദ്ധത്തിന് ഹേതുവായിത്തീർന്നു. നിരവധി പേർ കൊല ചെയ്യപ്പെട്ടു യുദ്ധം കൊടുംബിരി കൊള്ളവെ അംഗിരസ് എന്ന മഹർഷി ഇരുകൂട്ടരും തമ്മിൽ സമാധാനമുണ്ടാക്കാൻ മുൻകയ്യെടുത്തു. അദ്ദേഹം ബ്രഹ്മാവിനെ സമീപിച്ചു. സോമന്റെ ലജ്ജാകരവും സംസ്കാര ശൂന്യവുമായ പ്രവൃത്തിക്കെതിരെ ശക്തമായി താക്കീത് ചെയ്തു. അങ്ങിനെ വമ്പിച്ച സമ്മർദ്ദങ്ങളുടെ ഫലമായി സോമൻ താരയെ ഭർത്താവായ ബൃഹസ്പതിക്ക് തിരിച്ചു നല്കി. പക്ഷേ താര ഗർഭിണിയാണെന്ന് കണ്ടെത്തിയ ബൃഹസ്പതി ക്ഷുഭിതനായി. ഗർഭഛിദ്രം നടത്താൻ നിർബന്ധിച്ചു. പക്ഷേ ഗർഭകാലം തികഞ്ഞുപോയിരുന്നു. രണ്ടോ മൂന്നോ ദിവസങ്ങൾക്ക് ശേഷം താര പ്രസവിച്ചു. കുഞ്ഞ് അതീവ സുന്ദരനായിരുന്നു. ബൃഹ

സ്പതിക്ക് അതിനെ കൊല്ലാൻ മനസ്സു വന്നില്ല. തന്റെ സ്വന്തം ബീജത്തിൽ നിന്നു ഉള്ളവനാണെന്ന ഭാവേന ബൃഹസ്പതി കുഞ്ഞിനെ വളർത്തി. അവനെ സ്വന്തം വലയത്തിലൊതുക്കി. പക്ഷേ സോമൻ വിട്ടില്ല. കുഞ്ഞിന്റെ മീതെ അവകാശവാദമുന്നയിച്ചു. അവർ തമ്മിൽ ചൂടുപിടിച്ച വാദപ്രതിവാദം നടന്നു. തന്നെ പ്രതി അപമാനകരമായ വഴക്ക് തുടരുന്നതിൽ ഖിന്നനായ താരയുടെ പുത്രൻ സത്യം സ്വയം വെളിപ്പെടുത്താൻ അമ്മയോട് ആവശ്യപ്പെട്ടു. ബ്രഹ്മാവും അവളോട് സത്യം പറയാൻ നിർബന്ധിച്ചു. അവസാനം സോമനാണ് കുഞ്ഞിന്റെ പിതാവെന്ന് താര തുറന്ന് പറഞ്ഞു.

ബ്രഹ്മാവ് ഈ കുഞ്ഞിന് ബുധൻ എന്ന് പേരു വിളിച്ചു. ബുധൻ വളർന്നു വലുതായപ്പോൾ മനുവിന്റെ പുത്രിയായ ഇളയിൻ അനുരക്തനായി. ഇത് മറ്റൊരു കഥയുടെ തുടക്കമാണ് - ഈ ദമ്പതികൾക്ക് പുരൂരവസ്സ് എന്ന പുത്രൻ ജനിക്കുകയുണ്ടായി. അക്കാലത്തെ പുരുഷസൗന്ദര്യത്തിന്റെ മൂർത്തി മദ്ഭാവമായിരുന്നു പുരൂരവസ്സ്. അദ്ദേഹത്തിന്റെ സൗന്ദര്യത്തിന്റെ കേളി വിശ്വം മുഴുവനും മാത്രമല്ല ദേവലോകത്തും വ്യാപിച്ചു. ഇന്ദ്രലോകത്തെ അപ്സര കന്യകയായിരുന്ന ഉർവ്വശി പുരൂരവസ്സിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടയായി. അവളുടെ രഹസ്യ വികാരങ്ങൾ ആളിക്കത്താൻ തുടങ്ങി. ഊർവ്വശിയുടെ ഈ പ്രണയ കഥ ശതപഥ ബ്രാഹ്മണത്തിൽ വിവരിച്ചിരിക്കുന്നു. ഈ കഥാബീജമാണ് കാളിദാസന് വിക്രമോർവ്വശീയം എഴുതുവാൻ പ്രേരണ നൽകിയത്.

ഉർവ്വശിയുടെ പ്രേമവിവശത അവൾക്ക് ചുറ്റുമുള്ളവർ തിരിച്ചറിഞ്ഞു. ഹൃദയരഹസ്യം തുറന്നു പറയാൻ അവർ നിർബന്ധിച്ചു. ഉർവ്വശിക്ക് തന്റെ നിഗൂഢ പ്രേമത്തിന്റെ ചുരുളഴിക്കാൻ മനസ്സില്ലായിരുന്നു. പ്രണയോന്മാദത്തിൽ മദോന്മത്തയായ ഉർവ്വശിയുടെ അധരത്തിൽ പുരുരവസ്സിനോടുള്ള പ്രേമത്തെപ്പറ്റി അറിയാതെ ചില വചനങ്ങൾ അടർന്നു വീണു. അവസാനം അപ്സര കന്യക

**അക്കാലത്തെ പുരുഷസൗന്ദര്യത്തിന്റെ മൂർ ത്തി മദ്ഭാവമായിരുന്നു പുരൂരവസ്സ്. അദ്ദേഹത്തിന്റെ സൗന്ദര്യത്തിന്റെ കേളി വിശ്വം മുഴുവനും മാത്രമല്ല ദേവലോകത്തും വ്യാപിച്ചു. ഇന്ദ്രലോകത്തെ അപ്സര കന്യകയായിരുന്ന ഉർവ്വശി പുരൂരവസ്സിന്റെ സൗന്ദര്യത്തിൽ ആകൃഷ്ടയായി. അവളുടെ രഹസ്യ വികാരങ്ങൾ ആളിക്കത്താൻ തുടങ്ങി. ഊർവ്വശിയുടെ ഈ പ്രണയ കഥ ശതപഥ ബ്രാഹ്മണത്തിൽ വിവരിച്ചിരിക്കുന്നു.**

യായ ഉർവ്വശി പ്രണയ സാഫല്യത്തിനായി ഭൂമിയിലെത്തി. അവളോടൊപ്പം രണ്ട് ആട്ടിൻകുട്ടികളുമുണ്ടായിരുന്നു. കണ്ടമാത്രയിൽ തന്നെ പുരൂരവസ്സ് അപ്സര കന്യകയുമായി അനുരാഗബദ്ധനായി. താനുമായി ഒന്നിച്ചു ജീവിക്കാൻ ഉർവ്വശി പുരുരവസ്സിനോട് മൂന്ന് ഉപാധികൾ മുന്നോട്ട് വെച്ചു. തന്റെ സ്വന്തം കുഞ്ഞുങ്ങളെപ്പോലെ ഈ ആട്ടിൻ കുട്ടികളെ നോക്കി വളർത്തണം. താൻ നെയ്യ് മാത്രമേ ഭക്ഷിക്കൂ. മൈഥുന വേളയിലല്ലാതെ മറ്റൊരവസരത്തിലും മുഴുവൻ വസ്ത്രത്തോടെയല്ലാതെ എന്റെ മുന്നിലെത്തരുത്.

ഈ മൂന്ന് ഉപാധികളും പാലിച്ചുകൊണ്ട് അവർ സുഖമായി ദാമ്പത്യജീവിതം നയിച്ചു. എന്നാൽ ഇന്ദ്രൻ തന്റെ ഇഷ്ട ഭാജനമായ അപ്സര നർത്തകിയുടെ നഷ്ടത്തിൽ ദു:ഖിതനായിരുന്നു. ഇന്ദ്രൻ ഗന്ധർവ്വന്മാരുടെ ഒരു യോഗം വിളിച്ചു ചേർത്തു ഉർവ്വശിയെ തിരികെ കൊണ്ടുവരാൻ പ്രേരിപ്പിക്കണമെന്ന് അഭ്യർത്ഥിച്ചു. അങ്ങിനെ ഒരു നിഗൂഢ പദ്ധതിയുമായി ഈ ഗന്ധർവ്വന്മാർ ഭൂമിയിലെ കുരുക്ഷേത്രത്തിനടുത്തുള്ള സരസ്വതി നദിയുടെ കരയിൽ വന്നു. ഉർവ്വശിയുടെ ആടുകളെ രാത്രിയിൽ മോഷ്ടിച്ചു കൊണ്ടുപോകാൻ രഹസ്യത്തിൽ തുനിഞ്ഞു. ഉർവ്വശിയുടെ നിലവിളി കേട്ട് പുരൂരവസ്സ് നിദ്രവിട്ടുണർന്നു. അദ്ദേഹം അർദ്ധവസ്ത്രനായി ദ്രുതഗതിയിൽ ഉർവ്വശിയുടെ മുന്നിൽ വന്നു നിന്നു. അതോടെ അവർ തമ്മിലുള്ള മൂന്ന് കരാറിൽ ഒന്ന് ലംഘിക്കപ്പെട്ടു. ദാമ്പത്യം അവസാനിപ്പിച്ച് ഉർവ്വശി ഗന്ധർവ്വന്മാരോടൊപ്പം ദേവലോകത്തേക്ക് പോയി. വിരഹത്താൽ ദു:ഖാകുലനായ പുരൂരവസ്സ് അഞ്ച് സ്തോത്രങ്ങൾ രചിച്ചു. ഇത് ഋഗ്വേദത്തിൽ 10-ാം മണ്ഡലത്തിൽ ശ്ലോകങ്ങളായി ചേർത്തിട്ടുണ്ട്. ഭാഗവതത്തിൽ 9:14, 34 മുതൽ 38 വരെയുള്ള സമാന ശ്ലോകങ്ങളും കാണാം. വർഷത്തിൽ ഒരിക്കൽ വരാമെന്ന വാഗ്ദാനവും നൽകി ഉർവ്വശി ഗന്ധർവ്വന്മാരോടൊപ്പം ദേവലോകത്തേക്ക് യാത്രയായി. പന്ത്രണ്ട് മാസം കഴിഞ്ഞപ്പോൾ പുരൂരവസ്സ് ഉർവ്വശിയെ കാണുവാൻ നിശ്ചിത സ്ഥലത്തെത്തി. ഉർവ്വശിയെ കാണാൻ വന്ന പുരൂരവസ്സിനോട് ഗന്ധർവ്വന്മാരെ സമീപിക്കാനാണ് ഉർവ്വശി പറഞ്ഞത്. എന്നാൽ ഗന്ധർവ്വന്മാർ ഒരു തന്ത്രം പ്രയോഗിച്ചു അവർ ഉർവ്വശിക്ക് പകരം പുരുവസ്സിന് ഒരു അഗ്നിസ്ഥൂലി (മതകർമ്മങ്ങൾക്ക് അഗ്നി സൂക്ഷിക്കുന്ന പാത്രം) പ്രദാനം ചെയ്തു. ചിത്തഭ്രമിയായി തീർന്ന പുരൂരവസ്സ് ഉർവ്വശിയാണെന്ന ധാരണയിൽ അഗ്നിസ്ഥൂലിയുമെടുത്ത് തിരിച്ചു പോയി. അരണികൊണ്ട് അത് സ്പർശിച്ചപ്പോൾ ജാത വേദസ്സ് (അഗ്നി) എന്ന പുത്രൻ സൃഷ്ടിക്കപ്പെടുകയും ചെയ്തു.

ഈ സന്ദർഭത്തിൽ വിഷയം പൊടുന്നനെ മാറുകയാണ്. അതായത് ത്രേതായുഗത്തിന്റെ ആരംഭത്തെക്കുറിച്ചാണ് പിന്നീട് പുരാണങ്ങൾ പറയുന്നത്. രാജാവ് രണ്ട് അരണിക്കോൽ ഉണ്ടാക്കി അരണി കടഞ്ഞ് അഗ്നിയു

ണ്ടാക്കി. ഈ അഗ്നിയെയാണ് 'ത്രേതാ' എന്ന് പറയുന്നത്. ഈ പരാമർശം ഒരു സംസ്കൃതിയുടെ ആരംഭത്തെ കുറിക്കുന്നു. ഇത് ഒരു അലങ്കാരോക്തിയാണെന്ന് മനസ്സിലാകുന്നു. അതായത് തേത്രായുഗത്തിന്റെ ആരംഭം.

ഈ സംസ്കാരത്തിന്റെ സ്ഥാപകൻ പുരുരവസ്സാണ്. ഈ കഥയിൽ ഉർവ്വശി പുരൂരവസ്സിനോട് കൃഷ്ണനെ ധ്യാനിക്കാനാണ് ആവശ്യപ്പെടുന്നത്. ഈ യുഗത്തിന്റെ ആരംഭത്തിൽ തന്നെ കൃഷ്ണ പൂജ ഉണ്ടായിരുന്നു എന്ന് ഇത് മുഖേന തെളിയുന്നു. ത്രേതായുഗത്തിലാണല്ലോ ശ്രീരാമനെ പ്രതിഷ്ഠിച്ചിട്ടുള്ളത്. അതുകൊണ്ട് ശ്രീരാമന് അതായത് തേത്രായുഗത്തിന്റെ തുടക്കത്തിന് മുമ്പ് തന്നെ ശ്രീകൃഷ്ണൻ ഉണ്ടായിരുന്നുവെന്ന് നമുക്ക് നിസ്സംശയം പറയാൻ സാധിക്കും.

മറ്റൊരു കൗതുകകരമായ കാര്യം കൃഷ്ണ പൂജാവേളയിൽ പുരൂരവസ്സ് താഴെ പറയുന്ന സത്യങ്ങൾ പറയുകയുണ്ടായി. 1. ആദ്യത്തിൽ വേദം ഒന്നായിരുന്നു. 2. ഒരു ദൈവമായിരുന്നു. 3. ഒരു അഗ്നിയായിരുന്നു. 4. ഒരു വരുണനായിരുന്നു.

പുരൂരവസ്സ് ത്രേതായുഗം സൃഷ്ടിച്ചപ്പോൾ അഗ്നി മൂന്നു വിധമായിരുന്നു. 1. ബ്രഹ്മചാരികൾ ഉപയോഗിക്കുന്ന അഗ്നി. 2. വീടുകളിൽ ഉപയോഗിക്കുന്ന അഗ്നി. 3. ഋഷികൾ ഉപയോഗിക്കുന്ന അഗ്നി. ഇങ്ങിനെ മൂന്ന് അഗ്നികളെ (ത്രേതാഗ്നി) യെക്കുറിച്ച് വേദങ്ങൾ പറയുന്നു. ത്രേത എന്നത് പ്രത്യേക സംസ്കാരത്തെ ക്കുറിച്ചാണ് പറയുന്നത്. ഈ അർത്ഥത്തിലാണ് മാണ്ഡൂക്യോപനിഷത്തിൽ വിവരിക്കുന്നത്. ഹിന്ദു ജ്യോതിശാസ്ത്രത്തിൽ 'തേത്രാ' എന്നത് പുരാണങ്ങളിലെ ശ്രീരാമചന്ദ്രൻ ജനിച്ച ത്രേതായുഗവുമായി വ്യത്യാസമുണ്ട്. രണ്ടും വ്യത്യസ്ത അർത്ഥത്തിലാണ് പ്രയോഗിച്ചത്. അഗ്നിയാരാധനയുടെ സംസ്കാരം ആരംഭിക്കുന്ന 'ആ ത്രേതാ' യുടെ കാലവുമായി ശ്രീരാമനെ ബന്ധിപ്പിക്കുന്നത് ആശയക്കുഴപ്പമുണ്ടാക്കുന്നു. അത് ത്രേതാഗ്നിയുടെ സംസ്കാരത്തെ ദ്യോതിപ്പിക്കുന്ന ഘട്ടമാണ്. ശ്രീരാമന്റെ ത്രേതായുഗം വേറൊന്നാണ്.

സുപ്രസിദ്ധ സംസ്കൃത നിഘണ്ടുവായ അമരകോശത്തിൽ 'ത്രേതാ' എന്നതിന് മൂന്ന് വിധത്തിലുള്ള അഗ്നി എന്നാണ് അർത്ഥം കൊടുത്തിട്ടുള്ളത്. ഇത് സ്വതന്ത്രമായി ഭാഷാ പണ്ഡിതന്മാർ തിരിച്ചറിഞ്ഞിട്ടുണ്ട്. മാത്രമല്ല മറ്റു പല ഭാഷാ പ്രയോഗങ്ങളിലുമായി ഈ പദം സമാസിച്ച് ഉപയോഗിച്ചപ്പോൾ വിവിധ തരത്തിലുള്ള അർത്ഥങ്ങൾ ലഭിച്ചതായി വിവിധ ഗ്രന്ഥങ്ങളിൽ പണ്ഡിതന്മാർ കണ്ടെത്തിയിട്ടുണ്ട്. പ്രയോഗികമായി ഇത്തരം ഉദാഹരണങ്ങൾ മറ്റു ഭാഷകളിൽ അനവധി കാണാം. Light, എന്ന പദം സമാസിച്ചെഴുതിയ സംയുക്ത പദങ്ങളുടെ അർത്ഥം നോക്കുക. ഇതിനെല്ലാം വ്യത്യസ്തമായ അർത്ഥങ്ങളാണ്.

നമുക്ക് ഈ ചർച്ച ഇവിടെ ഇങ്ങിനെ ഉപസംഹരിക്കാം.

1. പുരാണങ്ങളുടെ അടിസ്ഥാനത്തിലുള്ള രാമന്റെ കാലനിർണയം ആധുനിക ശാസ്ത്ര ഗവേഷണത്തെ സംബന്ധിച്ചിടത്തോളം നിരർത്ഥകമാണ്. ഗവേഷണങ്ങൾ തെളിയിക്കുന്നതെന്തെന്നാൽ ആ കാലം മനുഷ്യൻ എന്ന ജീവിക്ക് ഭൂമിയിൽ ജീവിക്കാൻ പോലും സാധ്യമല്ലാത്ത ഒരു പരിസ്ഥിതിയായിരുന്നു.

2. ഹിന്ദു ജ്യോതിശാസ്ത്രത്തിലെ ത്രേതാ യുഗവും ശ്രീരാമചന്ദ്രൻ ജീവിച്ച ത്രേതായുഗവും ഒന്നല്ല. രണ്ടാമത്തെ തേത്രം ഒരു സംസ്കാരിക യുഗമാണ്. അതായത് മനുഷ്യൻ അവന്റെ സാമൂഹ്യ ജീവിതത്തിലുണ്ടായ പുരോഗതിയെത്തുന്നത് സൂചിപ്പിക്കുന്നു. ഉദാഹരണത്തിന് മനുഷ്യന് മാർഗ്ഗനിർദ്ദേശത്തിന് ചില ജീവിത നിയമങ്ങൾ ഉണ്ടായി. അവൻ വളർന്ന് യുവാവായപ്പോഴും വിവാഹിതനായപ്പോഴും, വാർദ്ധക്യം പ്രാപിച്ചപ്പോഴുമെല്ലാം ജീവിതത്തെ നയിക്കുന്ന ചില മാർഗ്ഗനിർദ്ദേശങ്ങളും നിയമ വ്യവസ്ഥകളും നിലവിൽ വന്നതിനെയാണ് ഈ ത്രേതാ സൂചിപ്പിക്കുന്നത്.

(3) പുരാണങ്ങളിലേയും മറ്റ് പുരാതന രേഖകളിലെയും ആഭ്യന്തരമായ തെളിവുകൾ ശ്രീകൃഷ്ണൻ ശ്രീരാമനേക്കാൾ വളരെ മുമ്പേ ജീവിച്ച ഒരു മഹാത്മാവാണെന്ന് വ്യക്തമാക്കുന്നു.

---

*(14-ാം പേജിൽ നിന്ന് തുടർച്ച)*

നൽകുകവഴി മാപ്പ് അർഹിക്കാത്ത കുറ്റമാണ് മുല്ലാക്കൾ ചെയ്തിരിക്കുന്നത്. ഭീകരവാദത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ന്യായീകരിക്കുന്നതിനും ഇതേ തുരുപ്പ് ശീട്ടാണ് അവർ പ്രയോഗിക്കുന്നത്. സൗദി അറേബ്യയുടെ പതാകയിൽ കൊടുത്തിരിക്കുന്ന 'കലിമ ത്വയ്യിബ" യുടെ അടിയിൽ വരച്ചിരിക്കുന്ന വാൾ അടയാളം ജിഹാദിനെയാണ് സൂചിപ്പിക്കുന്നതെന്ന് പോലും തട്ടിവിടുവാൻ ഈ മുല്ലാക്കൾ മടികാണിക്കാറില്ല. ഇസ്ലാമിനെ എതിർക്കുന്നവരെ കൊല്ലുക, മതത്യാഗിയെ വധിക്കുക എന്നിവ ജിഹാദിന്റെ ഭാഗമാണെന്ന് അവർ അവകാശപ്പെടുന്നു. ഇന്ന് മുസ്ലിം ലോകം നേരിട്ട് കൊണ്ടിരിക്കുന്ന ദുരിതങ്ങളും ആക്ഷേപങ്ങളും, ജിഹാദിനെ തെറ്റായി വ്യാഖ്യാനിച്ച് പ്രചരിപ്പിച്ചതിന്റെ അനന്തര ഫലങ്ങൾ മാത്രമാണ്. അധികാരോന്മത്തരായ മുല്ലാവർഗ്ഗത്തിന്റെ പിടിയിൽ നിന്നും ഇസ്ലാമിനെ മോചിപ്പിച്ചില്ലെങ്കിൽ, അധികം താമസിയാതെ ലോകസമാധാനം തന്നെ താറുമാറുകുന്നത് കാണേണ്ടി വരുമെന്നതിന് യാതൊരു സംശയവുമില്ല. മറ്റുള്ളവരുടെ വിശ്വാസങ്ങളെയും വികാരങ്ങളെയും അങ്ങേയറ്റം മാനിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ശാന്തിയുടെയും സമാധാനത്തിന്റെയും മതം എന്നർത്ഥം വരുന്ന "ഇസ്ലാം" മതസ്ഥാപകരായ മുഹമ്മദ് നബി(സ)യെയാണ് മുല്ലാക്കൾ അവരുടെ ക്രൂരതയ്ക്ക് കൂട്ടുപിടിക്കുന്നതെന്ന് ഓർക്കുമ്പോഴാണ് "മുല്ലാ പണ്ഡിതവർഗ്ഗം ആകാശത്തിൻ കീഴിൽ നികൃഷ്ടരായിത്തീരുമെന്ന" നബിവചനത്തിന്റെ പൊരുൾ

*(ശേഷം പേജ് 36 ൽ)*

# ഹസ്റത്ത് അലി(റ)ക്കെതിരെയുള്ള ഗൂഢാലോചന

മൗലാനാ ശേഖ് മുബാറക്ക് അഹ്മദ്

## നാലാം ഖലീഫ ഹസ്റത്ത് അലി(റ) യുടെ വധത്തിൽ കലാശിച്ച ഖവാരിജുകളുടെ ഗൂഢാലോചനയെക്കുറിച്ച്

ഉസ്മാൻ(റ)യുടെ നിഷ്ഠൂരവധത്തിന് ശേഷം മദീന മുഴുവൻ സംഭ്രാന്തിയിലമർന്നു. പുറമെ നിന്നുള്ള കലാപകാരികൾ മദീനാപട്ടണത്തിന്റെ നിയന്ത്രണമേറ്റെടുത്തു. ഇബ്നുസാബയുടെ പാർട്ടിയിൽപ്പെട്ട ആ കലാപകാരികൾ രണ്ടായിരം പേരുണ്ടായിരുന്നു. ഇത് കൂടാതെ ഈ കലാപകാരികളോട് അനുഭാവം പുലർത്തിയിരുന്ന ചില ആളുകളും മദീനയിലുണ്ടായിരുന്നു. ഇങ്ങിനെ അരാജകത്വം നടമാടിയിരുന്ന ആ അവസരത്തിൽ റസൂൽ തിരുമേനി(സ)യുടെ സഹാബികളായിരുന്ന ചില പ്രമുഖന്മാർ ഹസ്റത്ത് അലി (റ)യെ സമീപിച്ചു ഖലീഫാ പദവി കൈയേൽക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷേ അലി(റ) അക്കാര്യത്തിൽ തികച്ചും വിമുഖത പ്രകടിപ്പിക്കുകയാണുണ്ടായത്. അദ്ദേഹം പറഞ്ഞു. "മറ്റാരെയെങ്കിലും നിയമിക്കൂ, ഞാൻ അദ്ദേഹത്തിന്റെ ഉപദേശകനായോ മന്ത്രിയായോ പ്രവർത്തിക്കാം."

പക്ഷെ ജനങ്ങൾ നിർബന്ധിച്ചുകൊണ്ട് 'ഈ പദവിക്ക് യോഗ്യനായി താങ്കളെക്കാൾ ഉപരിയായ മറ്റൊരാളില്ല' എന്നു പറഞ്ഞു. അവരുടെ അഭ്യർത്ഥനക്ക് മുമ്പിൽ അലി (റ) കീഴടങ്ങി. പക്ഷെ അധികാരാരോഹണം ഒരു അടഞ്ഞ മുറിയിൽ വെച്ചായിരിക്കരുത് എന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. മുസ്ലിം ജനസാമാന്യത്തിന്റെ പൊതു സമ്മതി ഇക്കാര്യത്തിലുണ്ടാവണമെന്ന് അദ്ദേഹത്തിന് നിർബന്ധമായിരുന്നു. മദീനയിലെ മസ്ജിദുന്നബവിയിൽ ജനങ്ങളെല്ലാം ഒത്തുകൂടി അവിടെ കൂടിയിരുന്ന മുഹാജിദുകളുടേയും അൻസാറുകളുടേയും സാന്നിദ്ധ്യത്തിൽ എല്ലാവരുടേയും സമ്മത പ്രകാരം അദ്ദേഹം ഖലീഫയാവുകയും അലി (റ) യുടെ തൃക്കരങ്ങളിൽ, എല്ലാവരും ബൈഅത്ത് അഥവാ അനുസരണ പ്രതിജ്ഞ ഏൽക്കുകയും ചെയ്തു. അങ്ങനെ അലി (റ) റസൂൽ തിരുമേനി(സ)യുടെ നിയമാനുസാരമുള്ള നാലാമത്തെ ഖലീഫയായി അധികാരമേറ്റു.

ഉസ്മാ(റ)നെതിരെ കലാപം നടത്തിയ വിഘടിതവിഭാഗത്തെ സംബന്ധിച്ചേടത്തോളം അലി(റ) മാത്രമാണ് ഖിലാഫത്തിന്റെ നിയമാനുസാരമുള്ള അവകാശി. അവരുടെ അഭിപ്രായ പ്രകാരം ഖലീഫ പദവിയിലിരുന്ന മറ്റു മൂന്നു പേരും ബലപ്രയോഗത്തിലൂടെ അധികാരത്തിൽ വന്നവരും മർദ്ദകരുമായിരുന്നുവെന്നാണ്. നമുക്ക് അവരുടെ ഈ സിദ്ധാന്തം ഒന്ന് പരിശോധിക്കാം. ഈ കുററകരമായ നിലപാടിനെതിരെ അലി(റ) സ്വയം തന്നെ എങ്ങിനെയാണ് പ്രതികരിച്ചതെന്നും നമുക്ക് നോക്കാം.

### ഹസ്റത്ത് അബൂബക്കറി(റ)നെ പറ്റി ഹസ്റത്ത് അലി(റ)യുടെ അഭിപ്രായം

ഇബ്നുഅസ്ഖർ രേഖപ്പെടുത്തുന്നു 'ഒരിക്കൽ അലി(റ)യുടെ മൂത്ത പുത്രൻ ഇമാം ഹസൻ(റ) അദ്ദേഹത്തോട് പറയുകയുണ്ടായി. അലി(റ) തന്റെ ഭരണകാലത്ത് ഒരിക്കൽ ബസറ സന്ദർശിക്കുകയുണ്ടായി. ആ അവസരത്തിൽ ഖായിസ് ഇബ്നു ഇബാദയും ഇബ്നു ഖാവും കൂടി റസൂൽ തിരുമേനി(സ)യുടെ പിൻഗാമിയായി അലി(റ)യെ നിയമിക്കണമെന്ന് ഒസ്യത്ത് ചെയ്തിരുന്നു എന്ന് ചിലർ പറയുന്നു. ഇതിനെ സംബന്ധിച്ച് അഭിപ്രായം പറയണമെന്ന അലി(റ)യോട് അഭ്യർത്ഥിക്കുകയുണ്ടായി. മറ്റൊരു തെളിവും ലഭ്യമല്ലാതിരിക്കെ താങ്കളിൽ നിന്നുതന്നെ അതിന് ഒരു വിശദീകരണം തങ്ങൾ ആഗ്രഹിക്കുന്നു എന്നും അവർ പറയുകയുണ്ടായി.

അലി(റ) പറഞ്ഞു; "ഈ മനുഷ്യൻ റസൂൽ തിരുമേനി(സ) തനിക്കനുകൂലമായി ഒരു ഒസ്യത്ത് ചെയ്തിരുന്നു എന്ന് പ്രചരിപ്പിക്കുകയാണ്. ഇത് തികച്ചും തെറ്റാണ്. ഓർക്കുക ഞാനാണ് അവിടുത്തെ പ്രവാചകത്വത്തെ സംബന്ധിച്ച് ആദ്യം അറിഞ്ഞ വ്യക്തി. ഈ പ്രചാരണത്തെ ഞാൻ അപലപിക്കുന്നു. തികച്ചും കളവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. റസൂൽ തിരുമേനി(സ) തനിക്കനുകൂലമായി അത്തരമൊരു ഒസ്യത്ത് ചെയ്തിരുന്നുവെങ്കിൽ അബൂബക്കറി(റ) നേയോ ഉമറുബ്നു ഖത്താബിനേയോ(റ) റസൂൽ തിരുമേനിയുടെ ആ സിംഹാസന

ത്തിൽ ഇരുത്താൻ അനുവദിക്കാത്തവരിൽ ഞാനാകുമായിരുന്നു തീർച്ചായായും ഏറ്റവും മുമ്പൻ. എന്നെ പിന്തുണക്കാൻ ആരുമില്ലായിരുന്നെങ്കിൽക്കൂടി ഏകനായി ഞാൻ അവരെ രണ്ടുപേരെയും തന്റെ കരങ്ങൾകൊണ്ട് തന്നെ വധിക്കുമായിരുന്നു. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്. റസൂൽ തിരുമേനി കൊല്ലപ്പെടുകയോ പൊടുന്നനെ മരിക്കുകയോ അല്ല ഉണ്ടാവുന്നത്. എന്ന് എല്ലാവർക്കുമറിയുന്നത്പോലെ വളരെയേറെ ദിവസം രോഗാതുരനായതിന് ശേഷമാണ് അദ്ദേഹം ദിവംഗതനായത്. ഈയവസരത്തിൽ നമസ്കാരത്തിന് വേണ്ടി ബാങ്ക് വിളിക്കുന്ന വ്യക്തി തിരുമേനി(സ)യുടെ അടുത്ത് പോയി നമസ്കാരത്തിന് ഇമാമത്ത് നിർവഹിക്കാൻ അവിടുന്ന് വരുന്നുണ്ടോ എന്ന് ആരായുമായിരുന്നു. അപ്പോൾ അബൂബക്കർ(റ)യോട് ഇമാമായി നിൽക്കാൻ അവിടുന്ന് ആവശ്യപ്പെടുമായിരുന്നു. തീർച്ചയായും റസൂൽ തിരുമേനിക്ക് എന്റെ സ്ഥാനവും നിലവാരവും എന്താണെന്നറിയാമായിരുന്നു. ഒരിക്കൽ തിരുമേനി(സ)യുടെ ഒരു ഭാര്യ അവിടുത്തെ അഭാവത്തിൽ അബൂബക്കറി(റ)നെ നിയമിക്കരുതെന്ന് പറഞ്ഞപ്പോൾ അവിടുന്ന് വെറുപ്പ് പ്രകടിപ്പിച്ചു ഇപ്രകാരം പറഞ്ഞു. "നിങ്ങൾ യൂസുഫിന്റെ കാലത്തെ സ്ത്രീകളെ പോലെയാണ്. പോകൂ, അബൂബക്കറിനോട് നമസ്കാരത്തിന് നേതൃത്വം നൽകാൻ പറയൂ.'' തിരുദൂതർ(സ) ദിവംഗതനായപ്പോൾ ഞങ്ങളെല്ലാം കൂടിയിരുന്നു ആലോചിച്ചു. വിശ്വാസകാര്യത്തിൽ ഞങ്ങൾക്ക് നേതൃത്വം നൽകാൻ തിരുമേനി(സ) തിരഞ്ഞെടുത്ത ആ വ്യക്തിയെ തന്നെ ഖലീഫയായി ഞങ്ങൾ തിരഞ്ഞെടുത്തു. കാരണം പ്രാർത്ഥന വിശ്വാസത്തിന്റെ സത്താണ്. വിശ്വാസകാര്യത്തിൽ നമ്മുടെ നേതാവായിരുന്ന റസൂൽ തിരുമേനി(സ)യാണ് അത് സ്ഥാപിച്ചത്. അതുകൊണ്ട് ഞങ്ങൾ അബൂബക്കറി(റ)ന്റെ കൈയ്യിൽ അനുസരണ പ്രതിജ്ഞ ചെയ്തു. തീർച്ചയായും ആ മഹാത്മാവ് അത് അർഹിക്കുന്നു. ഈ കാര്യത്തിൽ ഒരു വ്യക്തിക്ക് പോലും അഭിപ്രായവ്യത്യാസമില്ലായിരുന്നു. അദ്ദേഹത്തിന്ന് എന്തെങ്കിലുമൊരു പ്രയാസം സൃഷ്ടിക്കുവാൻ ഞങ്ങളിലാരെങ്കിലും വിചാരിക്കുകപോലും ചെയ്തിട്ടില്ല. ഒരാളും തന്നെ അദ്ദേഹത്തിന്റെ നിയമനത്തിൽ നിരാശപ്പെട്ടില്ല. ഞാൻ അദ്ദേഹത്തിന് വേണ്ടി എന്റെ കടമകൾ നിർവഹിച്ചിരുന്നു. എല്ലായ്പ്പോഴും അദ്ദേഹത്തെ അനുസരിക്കാൻ ഞാൻ പ്രതിജ്ഞാബദ്ധനായി നിലകൊണ്ടു. ഇസ്ലാമിന്റെ ഒരു ഭടൻ എന്ന നിലക്ക് ഞാൻ അദ്ദേഹത്തിന് വേണ്ടി യുദ്ധം ചെയ്തു. എനിക്ക് അദ്ദേഹം നൽകിയതെല്ലാം ഞാൻ അത്യധികം നന്ദിയോടെ സ്വീകരിച്ചു. എവിടെയെല്ലാം അദ്ദേഹം പോകണമെന്ന് പറഞ്ഞുവോ അവിടെയെല്ലാം പോയി. അദ്ദേഹത്തിന് വേണ്ടി ഞാൻ പൊരുതി. അദ്ദേഹത്തിന്റെ ആജ്ഞക്ക് കീഴിൽ ഞാൻ ഇസ്ലാമിക നിയമങ്ങൾ നടപ്പാക്കി. ('താരിഖുൽ ഖുലഫാ'-സുയൂത്തി പേ:)

> **അലി (റ)യെ അടുത്ത ഖലീഫയായി തിരഞ്ഞെടുക്കാൻ അവർ കാണിച്ച അത്യുത്സാഹം ഒരു ചതിയും കെണിയും മാത്രമായിരുന്നു. ഇതേ ആളുകൾ തന്നെയായിരുന്നു ഉസ്മാനെതിരേയും ഗൂഢാലോചന ചെയ്തത്. ഇപ്പോൾ അവർ ഖിലാഫത്തിനെ ഉയർത്തിപ്പിടിക്കാൻ എല്ലാവരും കാൺകെ പ്രത്യക്ഷത്തിൽ ഒരു ശ്രമം നടത്തുകയുമാണ്.**

### അലി(റ)യുടെ പ്രതിസന്ധി

ചുരുക്കത്തിൽ കലാപകാരികൾ അലി(റ)യോട് അനുസരണ പ്രതിജ്ഞ സ്വയം പറയുകമാത്രമല്ല, അരക്ഷിതാവസ്ഥയിൽ നഗരം വിട്ടുപോവുന്നവരെ വാൾ മുനകാട്ടി നിർബന്ധപൂർവ്വം അനുസരണ പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്തു. കലാപകാരികൾ ഇങ്ങനെ ചെയ്തത് തങ്ങൾ അലി(റ) യുടെ ഏറ്റവും കൂറുള്ള അനുയായികളാണ് എന്ന് വരുത്തിത്തീർക്കാനായിരുന്നു.

ഇതായിരുന്നു സച്ചരിതരായ ഖലീഫമാരുടെ ഖിലാഫത്തിനെതിരെ ഇബ്നുസാബയുടെ കക്ഷികൾ ചെയ്ത വഞ്ചനാത്മകമായ പ്രവൃത്തി. അലി(റ)യെ അടുത്ത ഖലീഫയായി തിരഞ്ഞെടുക്കാൻ അവർ കാണിച്ച അത്യുത്സാഹം ഒരു ചതിയും കെണിയും മാത്രമായിരുന്നു. ഇതേ ആളുകൾ തന്നെയായിരുന്നു ഉസ്മാനെതിരേയും ഗൂഢാലോചന ചെയ്തത്. ഇപ്പോൾ അവർ ഖിലാഫത്തിനെ ഉയർത്തിപ്പിടിക്കാൻ എല്ലാവരും കാൺകെ പ്രത്യക്ഷത്തിൽ ഒരു ശ്രമം നടത്തുകയുമാണ്. ഉസ്മാന്റെ ഘാതകർക്കെതിരെ പ്രതികാര നടപടികൾ സ്വീകരിക്കണമെന്ന് അവർ പുരപ്പുറത്ത് കയറിപ്പറയാൻ തുടങ്ങി. തിരുനബി(സ)യുടെ സഹാബികൾ ഉസ്മാന്റെ ഘാതകരെ ശിക്ഷിക്കാനുള്ള നടപടികൾ ഉടൻ സ്വീകരിക്കണമെന്ന ആവശ്യം നീതിയുടെ പക്ഷത്ത് നിന്നുകൊണ്ട് ആത്മാർത്ഥമായി ആവശ്യപ്പെടുകയുണ്ടായി. രാജ്യത്ത് വഷളായിക്കൊണ്ടിരിക്കുന്ന ക്രമസമാധാനം സ്ഥാപിച്ചതിന് ശേഷം പ്രതികാരനടപടികൾ സ്വീകരിച്ചാൽ മതിയെന്ന അഭിപ്രായമായിരുന്നു അലി(റ)ക്ക് ഉണ്ടായിരുന്നത്. സഹാബിവര്യന്മാരുടെ പ്രസ്തുത നിലപാട് അലി(റ)ക്ക് വിഷമങ്ങൾ സൃഷ്ടിക്കുകയുണ്ടായി. കലാപകാരികൾക്ക് അലി(റ)യുടെ ഈ നിലപാട് സ്വീകാര്യമായില്ല. ഉസ്മാൻ(റ) യുടെ വധത്തിൽ ഭാഗഭാക്കായിരുന്ന ഇവർ തന്നെ ആയിശാ(റ) യെ സമീപിക്കുകയും ഉസ്മാ(റ) ന്റെ ഘാതകർക്കെതിരെ പ്രതികാര നടപടിയെന്നോണം വിശുദ്ധ യുദ്ധം നയിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു. കുറ്റവാളികൾ ഉടൻ തന്നെ ശിക്ഷിക്കപ്പെടണം എന്ന അഭിപ്രായമായിരുന്നു

ആയിശാ(റ)ക്കുമുണ്ടായിരുന്നത്. അവർ അലി(റ)ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. നബിതിരുമേനി(സ)യുടെ സഹാബാക്കളോട് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി തൽഹ,സുബൈർ എന്നിവരും മറ്റു ചില പ്രമുഖ സഹാബിമാരും അവരോടൊപ്പം ചേർന്നു. ഇത് സംബന്ധമായി ഒരു പ്രതിനിധി സംഘം അലി(റ)യെ സമീപിച്ചു. അലി അവർക്ക് ഇക്കാര്യത്തിൽ തനിക്കുള്ള വിഷമതകൾ പറഞ്ഞ് മനസ്സിലാക്കി. അവർ തൃപ്തരായി. അവരെല്ലാം അലി(റ)യോട് യോജിച്ചു. ഏറ്റവും അടിയന്തര പ്രാധാന്യം ക്രമസമാധാനത്തിന്റെ പുനഃസ്ഥാപനമാണെന്നായിരുന്നു അലി(റ)യുടെ പക്ഷം.

### ഘാതകർക്കെതിരെയുളള അപലപനം

ഗൂഢാലോചനക്കാരായ കലാപകാരികളുടെ യഥാർത്ഥ ഉദ്ദേശം അലി(റ)യുടെ ഭരണത്തിന്റെ അടിവേരറുക്കുകയായിരുന്നു. ഇക്കാര്യത്തെപറ്റി അലി(റ)യും ബോധവാനായിരുന്നു. അലി(റ) ഉസ്മാൻ (റ)ന്റെ ഘാതകരോട് രഹസ്യമായി അനുഭാവം കാട്ടിയിരുന്നു എന്ന ആരോപണം അങ്ങേയറ്റത്തെ അനീതിയാണ്. ഖലീഫയായി നിയമിതനായപ്പോൾ ആദ്യ പ്രസംഗത്തിൽ തന്നെ ഉസ്മാന്റെ(റ) വധത്തെ അദ്ദേഹം തുറന്നപലപിക്കുകയുണ്ടായി. ആ കൊടുംക്രൂരതക്ക് സഹായവും സഹകരണവും ചെയ്തുകൊടുത്തവരെ അദ്ദേഹം അധിക്ഷേപിക്കുകയുണ്ടായി. അവർ പിശാചിന്റെ ഉപകരണങ്ങളാണെന്ന് പരസ്യമായി പറയുകയുംചെയ്തു. ഈ ഗൂഢാലോചനയെ സംബന്ധിച്ച് ജാഗരൂകരായിരിക്കാൻ അദ്ദേഹം മുസ്‌ലിംകളെ ഉദ്ബോധിപ്പിച്ചു. അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഏറ്റവും വലിയ കുറ്റം സത്യവിശ്വാസികളുടെ പാവന രക്തം ചിന്തലാണെന്ന് അദ്ദേഹം തുറന്നു പ്രഖ്യാപിക്കുകയുണ്ടായി. അല്ലാഹു മുസ്‌ലിംകളെ പരസ്പരം ഐക്യത്തിലും ആത്മാർത്ഥതയിലും സ്ഥിരചിത്തരായിരിക്കാൻ അനുഗ്രഹിക്കട്ടെ(തബരി പേ:3)

ബസറയിലേക്ക് മാർച്ച് ചെയ്ത അദ്ദേഹത്തിന്റെ സൈന്യത്തെ അഭിസംബോധന ചെയ്തു ഹസ്റത്ത് അലി(റ) പറഞ്ഞു. തിരുദൂതർ ദിവംഗതനായപ്പോൾ അല്ലാഹു അബൂബക്കറിന്റെ കരങ്ങളിൽ മുസ്‌ലിംകളെ ഐക്യപ്പെടുത്തി. അദ്ദേഹത്തെ തുടർന്ന് ഉമർ അധികാരത്തിൽ വന്നു. അദ്ദേഹത്തെ തുടർന്ന് ഉസ്മാനും വന്നു. അദ്ദേഹത്തിന്റെ വധം കലാപങ്ങൾ വിതക്കുന്ന സ്വാർത്ഥ മോഹങ്ങളുള്ള ചില ഗോത്രങ്ങളുടെ പ്രവർത്തനഫലമാണ്. അല്ലാഹു അധികാരം കൊണ്ട് അനുഗ്രഹിച്ച അവരുടെ സഹോദരന്മാരെ അനുസരിക്കാൻ കഠിന ചിത്തരായ അവരുടെ ഹൃദയത്തിലെ ആളിക്കത്തൽ നിമിത്തം സാധിച്ചില്ല. അതുകൊണ്ടാണ് ഈ വിശ്വാസാഘാതം സംഭവിച്ചത്. അവർ പഴയ ജാഹിലിയ്യാ കാലത്തേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുകയാണ്. ഓർത്തുകൊള്ളുക, നാം നാളെ ബസറയിലേക്ക് മാർച്ച് ചെയ്യുകയാണ്. ഉസ്മാന്റെ വധത്തിൽ ഏതെങ്കിലും വിധത്തിൽ വിദൂരബന്ധമുള്ളവർപോലും നമ്മുടെ കൂട്ടത്തിലുണ്ടാവാൻ പാടില്ല. തടിച്ച തലയോടുള്ള അത്തരത്തിലുള്ള കിരാതന്മാർ നമ്മിൽ നിന്നും മാറിനിൽക്കണം.”

### ഘാതകരുടെ ഗൂഢാലോചന

ഹസ്റത്ത് അലി(റ)യുടെ ഈ പ്രസംഗം കേട്ടപ്പോൾ ഘാതകന്മാർ ഇതികർത്തവ്യതാ മൂഢരായി. അവർ രഹസ്യയോഗം ചേർന്നു. ഒരു രഹസ്യ പദ്ധതി തയ്യാറാക്കി. അവരുടെ സുരക്ഷിതത്വം നിലകൊള്ളുന്നത്, ഹസ്റത്ത് അലി(റ)യും ഹസ്റത്ത് ആയിശ(റ)യും ഹസ്റത്ത് മുആവിയയും തമ്മിലുള്ള പരസ്പര കലഹത്തിലാണെന്ന് അവർ കണ്ടെത്തി. ഇവർ മൂന്നുപേരും പരസ്പരം യോജിക്കാത്ത വിധത്തിൽ വിഘടിക്കാനുള്ള പദ്ധതികൾ അവർ ആസൂത്രണം ചെയ്തു. ഇവർ മൂന്നു പേരും ഒന്നിക്കുന്ന ഒരേയൊരു സംഗതി ഹസ്റത്ത് ഉസ്മാന്റെ ഘാതകരുടെ തലയെടുക്കണം എന്നകാര്യത്തിൽ മാത്രമാണെന്ന് കൊലപാതകികളായ കലാപകാരികൾക്ക് അറിയാമായിരുന്നു. യുദ്ധക്കളത്തിൽ അണിനിരന്ന ഇരുകൂട്ടരും തമ്മിൽ നടന്ന സന്ധി സംഭാഷണം സമാധാനത്തിലും സന്തോഷത്തിലും പര്യവസാനിക്കുന്നതായി കലാപകാരികൾ കണ്ടു. വാളുകൾ ഉറയിൽ നിന്നൂരാതെയും വിശ്വാസികളുടെ രക്തം ചിന്താതെയും തമ്മിൽ പിരിഞ്ഞുപോകാമെന്ന് ഇരുകൂട്ടരും സമ്മതിച്ചു. അടുത്ത ദിവസം പ്രഭാതത്തിൽ ഇരു സൈന്യങ്ങളും അവരവരുടെ വീടുകളിലേക്ക് പോകണമെന്നും സമാധാനം നിലനിർത്തണമെന്നുമുള്ള വ്യവസ്ഥയിൽ ഇരുസേനകളും അന്ന് രാത്രി അവിടെ തങ്ങി. പക്ഷേ ഇത് കൊടുങ്കാറ്റിനു മുമ്പുള്ള ശാന്തതയായിരുന്നു. വ്യവസ്ഥകൾക്ക് വിരുദ്ധമായി കലാപകാരികളിൽ ഒരു സംഘം ആയിശാ(റ)യുടെ പട്ടാളത്തെ ആക്രമിക്കുകയുണ്ടായി. തുടർന്ന് ഘോരസംഘട്ടനം നടന്നു. ആയിരക്കണക്കിന് മുസ്‌ലിംങ്ങൾ ഇരുപക്ഷത്തു നിന്നും മരിച്ചുവീണു. അവസാനം അലി(റ)യും ആയിശ(റ)യും തമ്മിൽ സമാധാനം സ്ഥാപിക്കപ്പെട്ടു.

### മുആവിയായുടെ സൈന്യം എത്തുന്നു

കുറച്ച് കഴിഞ്ഞതിന് ശേഷം മുആവിയ ഒരു സംഘം സൈന്യവുമായി സിഫ്ഫീനിലേക്ക് കുതിച്ചു അവിടെ അലി(റ) സൈന്യവുമായി നിലയുറപ്പിച്ചിരുന്നു. അലി(റ)യുടെ ഭാഗത്ത് ഒരു പാടു കപട വിശ്വാസികളും ഉസ്മാ(റ)ന്റെ കൊലപാതകത്തിൽ പങ്കെടുത്തവരും കയറിപ്പറ്റിയിരുന്നു. യുദ്ധം തുടങ്ങുന്നതിന് മുമ്പായി മുആവിയയുടെ ദൂതനായി അബുമുസ്‌ലിം നൽകിയ സന്ദേശത്തിൽ ഘാതകരെ അവർക്ക് കൈമാറുകയാണെങ്കിൽ അലിക്ക് സത്യപ്രതിജ്ഞ ചെയ്യാൻ മുആവിയയും അദ്ദേഹത്തിന്റെ ആളുകളും ഒരുക്കമാണെന്നായിരുന്നു ആ സന്ദേശം. ഈ വാർത്ത അലി(റ)യുടെ ക്യാമ്പിലെത്തിയപ്പോൾ അലി(റ)യുടെ പക്ഷത്ത് നിന്ന് പതിനായിരം പേർ മുന്നോട്ട് വന്ന് അബുമുസ്‌ലിമിനോട് തങ്ങളാണ് ഉസ്മാന്റെ ഘാതകരെന്നും

വരിക തങ്ങളെ കൊണ്ടുപോകുക എന്നും പറയുകയുണ്ടായി(ഖുലഫാഉ റാശിദീൻ പേ.300).

ഘാതകർ കീഴടങ്ങണമെന്ന അതേ ആവശ്യവുമായി അബുദർദ്, അമാമ എന്നീ പേരുകളുള്ള രണ്ട് പ്രമുഖ സഹാബിമാരെ മുആവിയ വീണ്ടും അയക്കുകയുണ്ടായി. ഈ അവസരത്തിൽ ഇരുപതിനായിരം സൈനികർ തങ്ങളെ അറസ്റ്റ് ചെയ്തു കൊണ്ടുപോകാം എന്ന് സ്വയം പറഞ്ഞു മുന്നോട്ടു വരുകയുണ്ടായി. തങ്ങളാണ് ഉസ്മാ (റ) ന്റെ ഘാതകർ എന്ന് അത്യുച്ചത്തിൽ അവർ വിളിച്ചു പറയുന്നുണ്ടായിരുന്നു. (ഖുലഫാഉ റാശിദീൻ പേ.303).

### അലിയുടെ നിലപാട്

രാജ്യത്ത് നടമാടിയിരുന്ന അരാജകത്വവും കലാപവും കണക്കിലെടുത്ത് ഉസ്മാ(റ)ന്റെ ഘാതകരെ പ്പറ്റിയുള്ള അന്വേഷണം നീട്ടിവെക്കണമെന്നായിരുന്നു അലി(റ)യുടെ ആഗ്രഹം. അത്തരമൊരു അന്വേഷണത്തിന് യോജിച്ചതായിരുന്നില്ല അപ്പോഴത്തെ അവസ്ഥ. ഈ സന്ദർഭത്തിൽ ഇബ്നു സാബയുടെ ആളുകൾ സംഗതികൾ എത്ര മാത്രം നിയന്ത്രണാതീതമാക്കി എന്ന് നാം കണ്ടറിഞ്ഞതാണ്. ഘാതകർക്കെതിരെ നീങ്ങുന്നതിനുമുമ്പായി രാജ്യത്തെ ക്രമസമാധാനനില പുനഃസ്ഥാപിക്കലാണ് ഏറ്റവും പ്രധാന്യം എന്ന നിലപാടായിരുന്നു അലി(റ)യുടേത്. ഈ കാരണത്താൽ ജനങ്ങളെ അനുസരണ പ്രതിജ്ഞ(ബൈഅത്ത്) ചെയ്യിക്കേണ്ട കാര്യത്തിൽ അലി(റ)അത്ര പ്രാധാന്യവും താൽപര്യവും കാണിച്ചില്ല. ഇക്കാര്യത്തിലുള്ള കാലവിളംബം ഫലത്തിൽ കലാപകാരികൾക്ക് സഹായകരമായി. ഇക്കാലത്തെ ആത്മീയ വിധികർത്താവ് വാഗ്ദത്ത മഹ്ദി മസീഹ് (അ)ഇക്കാര്യത്തിൽ ഹസ്രത്ത് അലി(റ)ക്ക് അനുകൂലമായിട്ടാണ് വിധി പറഞ്ഞത്. അദ്ദേഹം എഴുതി. "അലിയുടെ നിലപാടാണ് ശരി അദ്ദേഹത്തിനെതിരായി പോരാടിയവരെല്ലാം കുറ്റവാളികളായ കലാപകാരികളും തീവ്രവാദികളുമാണ് (സിറ്റൂർ ഖിലാഫാ)

### ഖവാരിജുകൾ

യുദ്ധത്തിലുടനീളം അലിയുടെ സൈന്യത്തിന്നായിരുന്നു വിജയ സാധ്യത. ഒരു ഘട്ടത്തിൽ മുആവിയയുടെ പക്ഷത്തു നിന്ന് ഒരു പ്രമുഖൻ ഖുർആന്റെ ഒരു പ്രതി കുന്തത്തിൽ കുത്തിപ്പിടിച്ചുകൊണ്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. "ഞങ്ങൾ ഖുർആന്റെ വിധിക്കനുസരിച്ച് കീഴടങ്ങാം. അതിന്നായി മധ്യസ്ഥരെ നിയമിക്കുക" ഉസ്മാന്റെ വധത്തിൽ പങ്കാളികളായ അലിയുടെ പക്ഷത്തുള്ള കലാപകാരികൾ ഇത് കേട്ടമാത്രയിൽ തങ്ങളുടെ മുഖം രക്ഷിക്കാൻ മുആവിയയുടെ ഈ പുതിയ നിർദ്ദേശത്തോട് പിന്തുണ പ്രഖ്യാപിച്ചു. അവർ അലിയെ മുആവിയയുടെ നിർദ്ദേശം അംഗീകരിക്കാൻ നിർബന്ധിച്ചു.

ഇബ്നു സാബയുടെ നിഗൂഢ പ്രവർത്തനത്തെ പറ്റി അശ്രദ്ധരായിരുന്ന ദുർബല മനസ്കരായ ആളുകളും കലാപകാരികളുടെ ഈ നിർദ്ദേശത്തെ പിന്തുണച്ചു. അലി(റ) ഈ തന്ത്രത്തിന്ന് തികച്ചും എതിരായിരുന്നു. പക്ഷേ അദ്ദേഹത്തിന്റെ ജനങ്ങളിൽ

**ഘാതകർക്കെതിരെ നീങ്ങുന്നതിനുമുമ്പായി രാജ്യത്തെ ക്രമസമാധാനനില പുനഃസ്ഥാപിക്കലാണ് ഏറ്റവും പ്രധാന്യം എന്ന നിലപാടായിരുന്നു അലി(റ)യുടേത്. ഈ കാരണത്താൽ ജനങ്ങളെ അനുസരണ പ്രതിജ്ഞ(ബൈഅത്ത്) ചെയ്യിക്കേണ്ട കാര്യത്തിൽ അലി(റ)അത്ര പ്രാധാന്യവും താൽപര്യവും കാണിച്ചില്ല. ഇക്കാര്യത്തിലുള്ള കാലവിളംബം ഫലത്തിൽ കലാപകാരികൾക്ക് സഹായകരമായി.**

ബഹുഭൂരിപക്ഷവും മാധ്യസ്ഥ ശ്രമത്തിന് അനുകൂലമായിരുന്നു. അതുകൊണ്ട് അലി അവസാനം മാധ്യസ്ഥ ശ്രമം അംഗീകരിക്കാൻ തീരുമാനിച്ചു. മുആവിയയുടെ ഭാഗത്ത് നിന്ന് അബുൽ ആസ്സമിനേയും അലിയുടെ ഭാഗത്ത് നിന്ന് അബു മൂസ അശ്അരിയേയും മധ്യസ്ഥന്മാരായി നിശ്ചയിച്ചു. അവരുടെ ചർച്ചാവിഷയങ്ങൾ ഉസ്മാ(റ)ന്റെ വധവും അതിന് ഖുർആനിക നിയമപ്രകാരമുള്ള വിധിയും മാത്രമായി പരിമിതപ്പെടുത്തി. പക്ഷേ മധ്യസ്ഥന്മാർ വ്യവസ്ഥചെയ്യപ്പെട്ട വിഷയങ്ങളിൽ നിന്നും അവരുടെ പരിധിവിട്ട് വളരെയേറെ വ്യതിചലിക്കുകയാണുണ്ടായത്. അബുൽ ആസ് അലി(റ)യുടെ പ്രതിനിധിയായ അബു മൂസയെ കുരങ്ങുകളിപ്പിക്കുകയായിരുന്നു. മധ്യസ്ഥന്മാർ നൽകിയ വിധി അലി ഖലീഫ സ്ഥാനത്ത് നിന്നും ഒഴിയണമെന്നായിരുന്നു. ഈ വിധി തീർച്ചയായും ഖുർആന്റെ നിയമത്തിന് കടകവിരുദ്ധമായിരുന്നു. അലി സത്യസന്ധമായി ഈ വിധി അംഗീകരിക്കാൻ കൂട്ടാക്കിയില്ല. അലിയു(റ)ടെ പ്രതിനിധി അബു മൂസ അദ്ദേഹത്തിന്റെ അധികാര പരിധിയിൽ നിന്നും വളരെയേറെ അതിക്രമിച്ചിരുന്നു. അലിയുടെ പക്ഷത്തുള്ള കലാപകാരികളായ അതേ ആളുകൾ തന്നെ അലിക്കെതിരെ തിരിയുകയും മാധ്യസ്ഥ ശ്രമം അംഗീകരിക്കാത്തതിന്റെ പേരിൽ അലിയെ കുറ്റപ്പെടുത്തുകയും, നിയമവിരുദ്ധമാണ് ഈ നിലപാടെന്ന് പ്രചാരണം നടത്തുകയും അലി(റ)യെ അതിന്നായി നിർബന്ധിക്കുകയും ചെയ്തു. ഖുർആന്റെ വെളിച്ചത്തിലുള്ള വിധിയല്ലാതെ അവരുടെ മാധ്യസ്ഥ വിധിയെ താൻ അംഗീകരിക്കില്ല എന്ന് അലി(റ) പറഞ്ഞു. അതിലുപരിയായി അവരുടെ നിർ ബന്ധം കൊണ്ട് മാത്രമാണ് ഈ മാധ്യ സ്ഥ വ്യവസ്ഥ തന്നെ സ്വീകരിക്കാൻ താൻ മുതിർന്നതെന്ന കാര്യവും അലി(റ) അവരെ ഓർമ്മിപ്പിച്ചു.

കലാപകാരികൾക്ക് സ്വയം തന്നെ ഈ തെറ്റ് ബോധ്യമായി അപ്പോൾ അവർ മറ്റൊരു തന്ത്രമാണ് പയററിയത്. 'ഇത് അടിസ്ഥാനപരമായി തെറ്റാ

ണെങ്കിൽ എന്തുകൊണ്ട് നിയവിരുദ്ധ മായ ഈ വ്യവസ്ഥ നിയമ പ്രകാരമുള്ള ഖലീഫ അംഗീകരിച്ചു എന്നായിരുന്നു അവരുടെ ഉറക്കെയുള്ള ചോദ്യം. അവ രോടൊപ്പം അലിയും കുറ്റത്തിൽ പങ്കാ ളിയാണെന്ന് കൂടി അവർ പറഞ്ഞു കള ഞ്ഞു. പക്ഷേ അലി(റ) അവരുടെ വാദ മുഖങ്ങളിൽ വീണുപോയില്ല. അദ്ദേഹ ത്തിന്റെ നിലപാട് വിശുദ്ധഖുർആന്റെ അടിസ്ഥാനത്തിലായിരുന്നു അദ്ദേഹം വിശദീകരിച്ചത്. ഒരു തർക്കം മാധ്യസ്ഥ ശ്രമത്തിലൂടെ പരിഹരിക്കാമെന്നത് ഖുർആന്റെ അധ്യാപനവും നിയമവി ധേയവുമാണെന്നായിരുന്നു അദ്ദേഹ ത്തിന്റെ നിലപാട്. പക്ഷേ മാധ്യസ്ഥ ന്മാർ അവരുടെ പരിധി അതിക്രമിക്കു കയാണുണ്ടായത്. അതുകൊണ്ട് അവ രുടെ വിധി പ്രസ്താവം അദ്ദേഹത്തിന് ബാധകമല്ലായിരുന്നു. പക്ഷേ കലാപ കാരികൾ ഈ വാദങ്ങളൊന്നും ചെവി ക്കൊണ്ടില്ല. അവർ അലി(റ)യോടുള്ള അനുസരണ പ്രതിജ്ഞ ലംഘിച്ചു. ഇത്തരത്തിൽ അലി(റ)യെ ധിക്കരിച്ച വർ പന്ത്രണ്ടായിരമായിരുന്നു. അവ രാണ് പിന്നീട് ഖവാരിജുകൾ എന്ന പേരിൽ അറിയപ്പെടുന്നത്. അവരുടെ വാദപ്രകാരം അല്ലാഹുവിന്നല്ലാതെ മറ്റാർക്കും തീർപ്പു കൽപ്പിക്കാനധികാ രമില്ല എന്ന ഖുർആന്റെ തത്ത്വത്തിനെ തിരെ നീങ്ങുകയാണെങ്കിൽ ഖലീ ഫയെ പൂർണമായും അനുസരിക്കേണ്ട ആവശ്യമില്ല എന്നായിരുന്നു. (താരി ഖുൽ കാമിൽ വാല്യം 2: P 130)

ഖവാരിജുകൾ അലി(റ)യേയും അദ്ദേഹത്തിന്റെ ഭരണത്തേയും എതിർത്തു. അവസാനം അവരുടെ നിഗൂഢമായ വഞ്ചനാ തന്ത്രം വിജയി ക്കുകയും അലി(റ) വധിക്കപ്പെടുകയും ചെയ്തു. അവർ മുആവിയായേയും വധിക്കാൻ രഹസ്യ പദ്ധതി തയ്യാറാക്കി യിരുന്നു. ഭാഗ്യവശാൽ അദ്ദേഹം രക്ഷ പ്പെടുകയായിരുന്നു.

ഈ കലാപകാരികളിലും കുഴപ്പക്കാ രിലും നബി(സ) യുടെ സന്നിധാനം പൂകിയവരോ മുഖം കണ്ടവരോ ആരും ഇല്ലായിരുന്നു. അവരെല്ലാം പുതിയ പരിവർത്തിതരും റസൂൽ തിരുമേനി(സ)യോടും അവിടുത്തെ ഖലീഫമാ രോടും അൽപം മാത്രം ബഹുമാനം പുലർത്തുന്നവരുമായിരുന്നു. ഇസ്‌ലാ മിന്റെ അധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുവാനോ അത്തരം പരിശുദ്ധ ജീവിതം ആർജ്ജിക്കാനോ ശ്രമിച്ചവരാ യിരുന്നില്ല. ഇസ്‌ലാമിക സമൂഹത്തിൽ അരാജകത്വവും അക്രമവും ഉണ്ടാ ക്കുക എന്ന ലക്ഷ്യത്തോടെ മാത്രമാ യിരുന്നു അവരുടെ നേതാവ് ഇബ്നു സാബ ഇസ്‌ലാം മതം ആശ്ലേഷിച്ചത്.

*(അവസാനിച്ചു)*

---

*(19-ാം പേജിൽ നിന്ന് തുടർച്ച)*

രാപകൽ പ്രവർത്തന നിരതമാണ്. ബർമ്മിംഗ് ഹാം, ബ്രാഡ് ഫോർഡ് കേംബ്രിഡ്ജ്, ക്രോയ്ഡൺ, ഗ്ലാസ്ഗോ, ഹോൻസ്ലോ, ഹഡ്ഡർഡ് ഫീൽഡ്, ലീഡ്സ്, ലിസസ്റ്റർ, മാഞ്ച സ്റ്റർ, ഓക്സ്ഫോർഡ് സൗത്താൾ എന്നിവ. സൗത്താർ മസ്ജിദിൽ 2. 8. 03 ന് കേരളത്തിലെ പ്രവർത്തനങ്ങളെ ക്കുറിച്ച് വിശദീകരിച്ച് പ്രസംഗിക്കുവാ നുള്ള അവസരം എനിക്ക് ലഭ്യമായി.

അവസാന കാലത്ത് സൂര്യൻ പടി ഞ്ഞാറു നിന്നുദിക്കും എന്ന ഹസ്റത്ത് റസൂൽ കരിം (സ) തിരുമേനിയുടെ പ്രവചനം അക്ഷരാർത്ഥത്തിൽ പൂർത്തിയായിക്കൊണ്ടിരിക്കുന്നതായി എനിക്കു ഇംഗ്ലണ്ടിൽ കാണുവാൻ സാധിച്ചു. ഏഷ്യൻ രാജ്യങ്ങളുടെയും അതുപോലെ പാശ്ചാത്യ നാടുകളു ടെയും സംഗമ നഗരമാണ് ലണ്ടൻ പട്ടണം. വിവിധ നാഗരികതകളുടെ സംഗമ സ്ഥാനമായ ഈ കോസ്മോ പോളിറ്റൻ പട്ടണത്തിൽ വെച്ചു തന്നെ ഇസ്‌ലാമിന്റെ പടിഞ്ഞാറൻ ദേശത്തേ ക്കുള്ള ജൈത്രയാത്രക്ക് അഹ്മദിയ്യാ ജമാഅത്ത് പടച്ചട്ട മുറുക്കുകയാണ്. ഇസ്‌ലാമാകുന്ന സൂര്യൻ അതിന്റെ പൂർണ്ണ പ്രതാപത്തോടും പ്രഭാവ ത്തോടും കൂടി അവിടെ ഉദിച്ചുയർന്ന് കൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകൻ ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് (അ) അരുൾ ചെയ്യുന്നു:

“ഞാൻ ചെറിയൊരു ബീജമായി വിതക്കപ്പെട്ടു. പിന്നീട് അത്, ആയിര ക്കണക്കിലാളുകളുടെ കാലടിക്കീഴിൽ ചവിട്ടിമെതിക്കപ്പെടുകയും ഈ ചെറു ബീജത്തിന്മേൽ എതിർപ്പുകളുടെ കൊടുങ്കാറ്റും പ്രളയവും വന്നു കൊണ്ടിരിക്കുകയും ചെയ്തു. അപ്പോ ൾ ഞാനീ വിഷമങ്ങളിൽ നിന്നും സംര ക്ഷിക്കപ്പെടുന്നതാണെന്ന് ആരറി ഞ്ഞു? ആരുടെ അറിവിലാണീ കാര്യ മുണ്ടായിരുന്നത്? എന്നാൽ അല്ലാഹു വിന്റെ അനുഗ്രഹത്താൽ ആ ബീജം നശിച്ചില്ല. മറിച്ചു അതു വളർന്ന് പുഷ്പിച്ച് ഇന്നു അതൊരു വൻ വൃക്ഷ മായിത്തീർന്നിരിക്കുന്നു. അതിന്റെ ശീതളച്ഛായയിൽ മൂന്നു ലക്ഷം മനു ഷ്യർ വിശ്രമം കൊള്ളുന്നു. ഇത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. ഇത് മനസ്സിലാക്കുവാൻ മനുഷ്യശക്തി കൾക്ക് സാധ്യമല്ല. അതെ, അവനെ ജയിച്ചടക്കുവാൻ ആർക്കും തന്നെ സാധ്യമല്ല.

“അല്ലയോ ജനങ്ങളേ! ഇപ്പോഴെ ങ്കിലും അല്ലാഹുവിനോടു നന്ദി കാണി ക്കുക. ഇതു പോലുള്ള ഒരുദാഹരണം ഏതെങ്കിലും വ്യാജവാദിയുടെ ജീവി തത്തിൽ നിങ്ങൾക്കു കാണിച്ചു തരു വാൻ സാധിക്കുമോ?” (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൽ വാല്യം 22, പേജ് 263) അല്ലാഹുവിന്റെ അനു ഗ്രഹത്താൽ ഇന്ന് ഈ മഹാവൃക്ഷത്തി ന്റെ ശീതളച്ഛായയിൽ മൂന്നു ലക്ഷമല്ല ഇരുപത് കോടിയിലധികം പരിശുദ്ധാ ത്മാക്കൾ വിശ്രമം കൊള്ളുകയാണ്.

2003 ജൂലായ് 24-ാം തീയതി മുതൽ ആഗസ്റ്റ് 9-ാം തീയതി വരെ ദൈവികാ നുഗ്രഹങ്ങൾ വർഷിച്ചുകൊണ്ടിരുന്നത് കണ്ട് കണ്ണും ഹൃദയവും ആനന്ദ നിർവൃതിയടഞ്ഞ് നിറഞ്ഞ മനസ്സോടെ 9-ാം നു രാത്രി 9. 45 നു ലണ്ടൻ ഹിത്ത്റോ വിമാനത്താവളത്തിൽ നിന്നും ശ്രീലങ്കൻ എയർലൈൻസിൽ പുറപ്പെട്ടു മാലദ്വീപ്, കൊളമ്പോ വഴി 10-ാം തീയതി രാത്രി 8 മണിക്ക് മദ്രാ സിൽ തിരിച്ചെത്തി. അൽഹംദുലില്ലാ ഹ്. എല്ലാ സ്തുതികളും അല്ലാഹു വിനു മാത്രം.

നമ്മുടെ
വിയോജിപ്പുകൾ – 13

# വിശുദ്ധ ഖുർആനിൽ ദുർബ്ബലപ്പെട്ട വചനങ്ങൾ ഉണ്ടോ? – (രണ്ടാം ഭാഗം)

എ. പി. കുഞ്ഞാമു

ഇനി നമുക്ക് ദുർബ്ബലപ്പെടുത്തിയ 'ആയത്തുകൾ'ഏതാണെന്ന് നോക്കാം. മൂസാനബി (അ) കൊണ്ടുവന്ന ന്യായ പ്രമാണം ബനു ഇസ്രായേലിന് മാത്രമായിരുന്നു. ഈ നിയമങ്ങൾക്ക് ഇസ്രയേലിന്റെ ഗോത്രീയവും ദേശീയവുമായ മുദ്രകൾ വഹിക്കുന്നതാണെങ്കിലും സാർവ്വജനീനവും സാർവ്വകാലികവുമായ അനേകം നിയമങ്ങളും നീതിതത്ത്വങ്ങളും ആ നിയമങ്ങളിൽ ഉൾക്കൊണ്ടിരുന്നു. ലോകം ഒരു നവീന ഘട്ടത്തിലേക്ക് പ്രവേശിച്ച യുഗപരിവർത്തനത്തിന്റെ സന്ദർഭത്തിലാണ് വിശുദ്ധഖുർആന്റെ അവതരണം. ഗോത്രാന്തരീയവും സാർവ്വദേശീയവുമായ ജനസമൂഹങ്ങളുടെ സംഗമങ്ങളും സങ്കലനങ്ങളും ഈ കാലഘട്ടത്തിൽ ആരംഭിച്ചതായി ചരിത്രവും സാക്ഷ്യം വഹിക്കുന്നു. വിശ്വമാനവ സമൂഹത്തിന് അഥവാ ഏക ലോക സമൂഹത്തിന് നാന്ദികുറിച്ച അവസരത്തിൽ തന്നെ, സാർവ്വദേശീയവും, സാർവ്വകാലികവുമായ മാനങ്ങളുള്ള ന്യായ പ്രമാണമായ വിശുദ്ധ ഖുർആനുമായി അല്ലാഹു റസൂൽ തിരുമേനിയെ അവതരിപ്പിക്കുകയുണ്ടായി. ലോകത്തുള്ള എല്ലാ ഗോത്രീയവും, ദേശീയവുമായ മതന്യായപ്രമാണങ്ങളെയും ഉദ്ഗ്രഥിച്ചുകൊണ്ട് സാർവ്വകാലികവും സാർവ്വദേശീയവുമായ ദൈവിക കല്പനകളുടെ സമാഹരമായിട്ടാണ് ഖുർആൻ അതിന്റെ വ്യാഖ്യാനമായി റസൂൽ തിരുമേനിയുടെ ജീവിതവും നമുക്ക് ലഭിച്ചത്. അതായത് അല്ലാഹു മുമ്പത്തെ ചില മതങ്ങളുടെ നിയമങ്ങൾ റദ്ദാക്കുകയോ യഥോചിതം അതിലെ കാലിക പ്രസക്തമായ വിശ്വമാനവീയ മൂല്യങ്ങളുള്ള നിയമങ്ങൾ നിലനിർത്തുകയോ, അതല്ലെങ്കിൽ അവ കൂടുതൽ പരിഷ്കരിച്ച് പുതിയവ നൽകുകയോ ചെയ്യുന്നതാണെന്നാണ് 2:107 ലും 16:102 ലും ഉള്ള ഖുർആൻ സൂക്തങ്ങൾ കൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ആ ഖുർആൻ സൂക്തങ്ങൾ ഇപ്രകാരമാണ്. "ഏതെങ്കിലും ഒരു സന്ദേശം നാം ദുർബലപ്പെടുത്തുകയോ അല്ലെങ്കിൽ വിസ്മൃതമാക്കുകയോ ചെയ്യുകയാണെങ്കിൽ അതിനേക്കാൾ ഉത്തമമോ തതുല്യമോ ആയത് നാം കൊണ്ടുവരുന്നതാണ്. അല്ലാഹു താനുദ്ദേശിക്കുന്ന എല്ലാ കാര്യത്തിനും പൂർണമായും കഴിവുള്ളവനാണെന്ന് നീ അറിഞ്ഞിട്ടില്ലേ." (2:107) നാം ഒരു ദൃഷ്ടാന്തത്തെ മാറ്റി മറ്റൊരു ദൃഷ്ടാന്തം കൊണ്ടുവരുമ്പോൾ അല്ലാഹു അവതരിപ്പിക്കുന്നതിനെ സംബന്ധിച്ച് അവനേറ്റവും നന്നായി അറിയുന്നവനാണ്. അവർ പറയും. നീ ഒരു കറ്റുകെട്ടുകാരൻ മാത്രമാണ് എന്നാൽ അവരിൽ അധികമാളുകളും അറിയുന്നില്ലന്നതാണ് വാസ്തവം. (16:102)

ഇവിടെ 'ആയത്ത്' എന്ന വാക്കിന് ഒരു താക്കീത്, ഒരു സന്ദേശം, ദൈവിക ഗ്രന്ഥത്തിൽ നിന്ന് ഒരു ഭാഗം, ഒരു മനുഷ്യനിൽ നിന്ന് മറ്റൊരാൾക്ക് നൽകുന്ന സന്ദേശം എന്നൊക്കെ അർത്ഥമുണ്ടെന്ന് മുമ്പു പ്രതിപാദിച്ചിട്ടുണ്ട്. ഇവിടെ സംബോധിതർ അഹ്ല് കിതാബാണ്. അവരോട് അല്ലാഹു പറയുകയാണ് "ചില കല്പനകൾ നിങ്ങളുടെ കിതാബുകളിൽ ഉള്ളതിന് പകരം അതിലും മെച്ചമായ കല്പനകൾ നാം വിശുദ്ധ ഖുർആനിൽ ഇറക്കിയത് വാസ്തവമാണ്. എന്നാൽ ഭൂരിഭാഗവും അതിൽ വ്യത്യാസങ്ങൾ വരുത്തിയിട്ടില്ല. അതുകൊണ്ടു നിങ്ങൾ എന്തിനാണ് ഈ ഗ്രന്ഥത്തെ നിഷേധിക്കുന്നത്.?"

ഇങ്ങിനെയുള്ള ഒരു വാദമുഖത്തെയല്ലാതെ വിശുദ്ധഖുർആന്റെ ചില ആയത്തുകൾക്ക് പകരമായി മറ്റു ചില ആയത്തുകൾ അല്ലാഹു അവതരിപ്പിച്ചു എന്നു പറയുന്നതിൽ അസാംഗത്യമുണ്ട്. കൂടാതെ പ്രസ്തുത ആയത്തിൽ നാം അതിനെ വിസ്മൃതമാക്കികളഞ്ഞു എന്നും ഞാൻ നിന്നെ മറക്കാൻ കാരണമാക്കി എന്ന പ്രസ്താവനയും മനസ്സിലാക്കിത്തരുന്നത് ഈ പറയപ്പെട്ടത് വിശുദ്ധഖുർആനിലെ വചനങ്ങളെ പറ്റിയല്ല എന്നാണ്. വിശുദ്ധഖുർആനിലെ ഏതെങ്കിലും ഒരു വചനം തിരുമേനി (സ:അ) യുടെ ഓർമ്മയിൽ നിന്നും വിട്ടുപോയി എന്ന് കാണിക്കുന്ന വിശ്വാസയോഗ്യമായ ഒരു ഹദീസും നമുക്ക് കണ്ടെത്താൻ സാദ്ധ്യമല്ല. പുരാതനമായി ഇറങ്ങിയ ഗ്രന്ഥങ്ങളിൽ കൂട്ടി യോജിപ്പിച്ചതും എടുത്തു കളഞ്ഞതും മറന്നു പോയതുമായ വചനങ്ങൾ സ്വാഭാവികമായി ഉണ്ടാവുകയും ചെയ്യും. അപ്പോൾ വിശുദ്ധ ഖുർആൻ മറവിയെപ്പറ്റി മേൽ സൂചിപ്പിച്ച ആയത്തിൽ പറഞ്ഞത് മുമ്പു വന്ന നിയമങ്ങളെ വിശിഷ്യാ തൗറാത്തിലെ നിയമങ്ങളെ പറ്റിയാണ് മുമ്പു ഇറങ്ങിയ ഗ്രന്ഥങ്ങളിൽ വന്ന ചില നിയമങ്ങൾ സ്മൃതിപഥത്തിൽ നിന്ന് ഒഴിവായി പോയതിന് പകരവും അതിലും പ്രായോഗികവും തത്ത്വജ്ഞാനപരവു

മായ നിയമങ്ങൾ വിശുദ്ധഖുർആനിൽ ഉൾക്കൊള്ളിച്ചതിനെയാണ് ഇവിടെ സൂചന നൽകുന്നത്.

വിശുദ്ധഖുർആനിൽ ദുർബ്ബലപ്പെട്ടു പോയ ആയത്തുകൾ ഉണ്ടെന്ന് വാദിക്കുന്നവർ സാധാരണ ഉന്നയിക്കാറുള്ള ഒരു തെളിവ് ഹദീസിൽ വന്ന പരാമർശത്തെ മുൻനിർത്തിയാണെന്ന് ഞാൻ മുമ്പെ സൂചിപ്പിച്ചിരുന്നു. അതായത് യഹൂദികൾ മുസ്ലിംകളെ പരിഹസിക്കാറുണ്ടായിരുന്നു. ഖുർആനിലെ കല്പനകൾ ഇന്ന് ഒന്നാണെങ്കിൽ നാളെ വേറൊന്നായിരിക്കും ആ സന്ദർഭത്തിലാണു പ്രസ്തുത സൂറ: നഹലിലെ ആയത്ത് ഇറങ്ങിയത്. അതും ന്യായീകരണമില്ലാത്ത വാദമാണ്. കാരണം പ്രസ്തുത ആയത്ത് ഇറങ്ങിയത് മക്കയിലാണ്. അവിടെ യഹൂദികൾ ഇല്ലായിരുന്നു. അപ്പോൾ ഈ ആയത്തിന്റെ അവതരണം യഹൂദികളുടെ പരിഹാസത്തിനുള്ള മറുപടിയാണെന്നത് സത്യവിരുദ്ധമാണ്. കൂടാതെ പ്രസ്തുത ആയത്തിൽ ഒരു ആയത്തിന്റെ സ്ഥാനത്ത് പകരം മറ്റൊരായത്ത് കൊണ്ടുവരുമ്പോൾ ശത്രുക്കൾ പ്രസ്തുത ആയത്തുകളും കെട്ടിഉണ്ടാക്കിയതാണെന്ന് ആരോപിക്കുമെന്ന് പ്രസ്താവിക്കുമെന്ന് അർത്ഥകല്പന നല്കിയാലും ശരിയാവുകയില്ല. കാരണം ശത്രുക്കൾ വിശുദ്ധഖുർആൻ മുഴുവൻ തന്നെ കറ്റുകെട്ടാണെന്നാണ് അവരുടെ വാദിക്കുന്നത്. ചുരുക്കത്തിൽ ഈ പറയപ്പെടുന്ന ആയത്തിലും, ഖുർആന്റെ ആയത്തുകൾ ദുർബ്ബലപ്പെടുമെന്നല്ല പറഞ്ഞത്. മറിച്ചു മുമ്പവതരിച്ച വേദഗ്രന്ഥങ്ങളിലെ ചില കല്പനകൾക്ക് പകരമായി ഇറക്കപ്പെടുന്ന ആയത്ത് തന്നെയാണ് പരാമർശം. അതിനെ തുടർന്ന് വി. ഖുർആൻ സൂക്തങ്ങളും വിശുദ്ധഖുർആന്റെ പരിശുദ്ധതയെ ഏറ്റു പറയുകയാണ് ചെയ്യുന്നത് അതുമുഖേന വിശ്വാസികളുടെ വിശ്വാസം ശക്തിപ്പെടുമെന്നും പറയപ്പെട്ടിരിക്കുന്നു. അതു പരിശുദ്ധാത്മാവിനാൽ (റുഹൂൽഖുദ്സ്) ഇറക്കപ്പെട്ടതാണെന്നും തുടർന്നു പറയുന്നു. ഇത്രയും വിശേഷണങ്ങളും ഗുണങ്ങളുള്ള ഒരു ഗ്രന്ഥത്തിൽ ദുർബ്ബലപ്പെട്ടു പോയ ആയത്തുകൾ എങ്ങിനെ ഉണ്ടാകാനാണ്?

മുഹമ്മദ് അമാനി മൗലവി സാഹിബിന്റെ വിശുദ്ധഖുർആൻ വിവരണം വാല്യം 1 ൽ 76-ാം പേജിൽ ഖുർആനിൽ ദുർബല വചനങ്ങൾ ഉണ്ടെന്ന് കരുതുന്ന ഇമാം ഇബ്നു കഥീർ ദുർബ്ബല വചനങ്ങൾ ഇല്ല എന്ന് കരുതുന്ന അബു മുസ്ലിം ഇസ്ഫഹാ നിയുടെ അഭിപ്രായത്തെ ഖണ്ഡിക്കുന്നത് ചേർത്തിട്ടുണ്ട്. ഹിസ്ഫഹാനിയുടെ ഈ വാദം ദുർബ്ബലവും തള്ളപ്പെട്ടതും ബാലിശവുമാണെന്നാണ് ഇബ്നുകഥീറിന്റെ അഭിപ്രായം. ഖുർആനിൽ വന്നിട്ടുള്ള നസ്ഖുകൾക്ക് മറുപടി പറയുവാൻ അദ്ദേഹം വളരെ പാടുപെടേണ്ടിവന്നിട്ടുണ്ട്. തുടർന്ന് ഇബ്നു കഥീർ എഴുതുന്നു. "ഭർത്താ വു മരണപ്പെട്ട ഭാര്യ ഒരു കൊല്ലം ഇദ്ദ ആചരിക്കേണമെന്നുള്ള (അൽബകറ 240 ലെ) നിയമം, അവൾ 4 മാസവും 10 ദിവസവും "ഇദ്ദ" ആചരിക്കുകയെന്ന (അൽബഖറ 234) നിയമം കൊണ്ട് നസ്ഖ് ചെയ്തിരിക്കുകയാണ്. ഇതിന് ഇസ്ഫഹാനി സ്വീകാര്യമായ മറുപടി പറഞ്ഞിട്ടില്ല." ബൈതുൽ മുഖദ്ദസ് ഖിബ്ല ആയതിന് ശേഷം കഅ്ബയെ ഖിബ്ല ആക്കിയതും നസ്ഖിൽ പെട്ടതാണ് ഇതിനും അദ്ദേഹം മറുപടിയൊന്നും പറഞ്ഞിട്ടില്ല" എന്ന് ഇബ്നു കഥീർ ആക്ഷേപിക്കുന്നതായി അമാനിമൗലവിയുടെ ഖുർആൻ വിവരണത്തിൽ കാണാം.

ഇദ്ദ ആചരണത്തെപ്പറ്റിയുള്ള സുറ ബക്കറയിലെ 240-ാം ആയത്ത് (ഒരു കൊല്ലം) അവതരിച്ചതിനാൽ 234-ാം ആയത്ത് (4 മാസം 10 ദിവസം) കാലഹരണപ്പെട്ടുപോയി എന്നാണ് മുസ്ലിം പണ്ഡിതന്മാരുടെ വാദം. പരിഹാസ്യമാണ് അവരുടെ വാദമുഖങ്ങൾ. നാലു മാസം 10 ദിവസത്തിന്റെ സർവ്വകാല പ്രാബല്യമുള്ള 234-ാം നമ്പർ ആയത്ത് ഉണ്ടായിരിക്കെ അല്ലാഹു എന്തിന് അതിന് പിറകെയുള്ള ഒരു കൊല്ലത്തെ ഇദ്ദ വിധിയുള്ള അപ്രായോഗികമായ 240-ാം നമ്പർ ആയത്തിറക്കുകയും ഇറക്കിയശേഷം റദ്ദാക്കുകയും (മൻസൂഖ്) ചെയ്തു? സാധാരണഗതിയിൽ ആദ്യത്തെതിന് ഭേദഗതി വരുത്താനാണ് തുടർന്നു വരുന്ന ആയത്തുകളിറക്കേണ്ടത്. ഇവിടെ ആദ്യത്തെ ആയത്തായ 234 വീണ്ടും നിലനിർത്തി പിറകെ വന്ന ആയത്തിനെ അല്ലാഹു റദ്ദാക്കുകയാണുണ്ടായത്. എന്തൊരു വിചിത്രവും അസംബന്ധവുമാണ് ഈ വാദങ്ങൾ? വാസ്തവത്തിൽ അല്ലാഹുവിന് നഊബില്ലാതന്റെ വചനങ്ങൾ റദ്ദാക്കേണ്ടി വന്നിട്ടില്ല. വചനങ്ങളുടെ അർത്ഥ ഗ്രഹണ ശേഷിയില്ലാത്ത പണ്ഡിതന്മാരുടെ മനോമണ്ഡലത്തിൽ മാത്രമാണ് റദ്ദാക്കൽ പ്രക്രിയ അരങ്ങേറുന്നത്.

റസൂൽ തിരുമേനിയിൽ നിന്നും നാസിക്ക് മൻസൂക്കിനെ പറ്റി വിശ്വാസയോഗ്യമായ ഒരു ഹദീസും ഇല്ല തന്നെ. എന്നാൽ ഹദീസു ഗ്രന്ഥങ്ങളിൽ ഇതു സംബന്ധിച്ച ചില സഹാബാക്കളുടെ അഭിപ്രായം രേഖപ്പെട്ടു കിടക്കുന്നതായി കാണുന്നുണ്ട്. ഇബ്നു സുബൈറിന്റേതായി ഒരു റിപ്പോർട്ട് ബുഖാരിയിൽ ഇങ്ങിനെ കാണുന്നു. "ഉസ്മാനോട് ഇബ്നുസുബൈർ ഇങ്ങിനെ പറഞ്ഞു. 'നിങ്ങളിൽ ആരെങ്കിലും ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ" എന്ന ആയത്ത് മറ്റൊരു ആയത്തു മുഖേനെ ദുർബ്ബലപ്പെട്ടുപോയിരിക്കുന്നു. പിന്നെ എന്തിനാണ് താങ്കൾ ആ വചനം ഖുർആനിൽ എഴുതിച്ചേർത്തത്? അപ്പോൾ ഉസ്മാൻ പ്രതിവചിച്ചു. എന്റെ സഹോദരപുത്രാ, ഞാൻ ഖുർആനിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല." നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്ന രണ്ടു ആയത്തുകളും നിങ്ങളിൽ ആരെങ്കിലും ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ എന്ന് ആരംഭിക്കുന്ന വചനങ്ങളാണ്. ഇതിൽ ഏതു വചനമാണ് ദുർബ്ബലപ്പെട്ടുപോയത് എന്ന് ഇബ്നു സുബൈർ നമുക്ക് പറഞ്ഞു തരുന്നില്ല. എന്നാൽ ബുഖാരി നമുക്ക് നൽകുന്ന സൂചന അതു 2:235 ൽ എഴുതപ്പെട്ട വചനത്തിലാണെന്നാണ്. "നിങ്ങളിൽ നിന്നു ആരെങ്കിലും ഭാര്യമാരെ വിട്ട് ചരമം പ്രാപിക്കുന്നവർ, അവരുടെ ഭാര്യമാർ നാലുമാസവും പത്തു ദിവസവും ദീക്ഷ അനുഷ്ഠിക്കേണ്ടതാണ്. അങ്ങി

നെ അവർ തങ്ങളുടെ അവധി പൂർത്തിയാക്കി കഴിഞ്ഞാൽ ന്യായമായ നിലയിൽ സ്വന്തം കാര്യത്തിൽ അവർ ഏതെങ്കിലും പ്രവൃത്തിക്കുന്നതിൽ നിങ്ങൾക്ക് കുറ്റമൊന്നുമില്ല. നിങ്ങൾ പ്രവൃത്തിക്കുന്നതെന്തും അല്ലാഹു സൂക്ഷ്മമായി അറിയുന്നവനത്രെ. (2:235) ഭർത്താവ് മരിച്ച സ്ത്രീക്ക് 4 മാസവും 10 ദിവസവും എന്ന ഇദ്ദ കാലം കല്പിക്കപ്പെട്ട ആയത്തു മൻസൂഖാവുകയും പകരം ഒരു കൊല്ലത്തെ താമസ സൗകര്യവും ഭക്ഷണം വസ്ത്രം മുതലായവ നൽകി ഇദ്ദ പുനർ നിശ്ചയിച്ചുകൊണ്ടുള്ള ആയത്ത് ഇറങ്ങുകയും ചെയ്തതാണെന്നാണ് ഇബ്നു സുബൈർ തെറ്റിദ്ധരിച്ചത്. ഇതൊരു തെറ്റിദ്ധാരണയാണ്. കാരണം 4 മാസം 10 ദിവസവുമുള്ള ഇദ്ദ അവൾ മറ്റൊരാളുമായി വിവാഹ ബന്ധം സ്ഥാപിക്കുന്നതിനിടയിൽ പാലിക്കേണ്ട കാല ദൈർഘ്യമാണ്. വിധവയായ സ്ത്രീ ഗർഭം ധരിച്ചുവോ ഇല്ലയോ എന്ന് ഉറപ്പുവരുത്താൻ 4 മാസവും 10 ദിവസവും കാല വിളംബം ചില അവസരത്തിൽ ആവശ്യമായി വന്നേക്കും. ഗർഭിണിയാണെങ്കിൽ അവളുടെ ഇദ്ദ പ്രസവിക്കുന്നത് വരെയാണ്. 4 മാസവും 10 ദിവസവും കഴിഞ്ഞാൽ അവൾക്ക് മറ്റു വല്ലവരേയും വിവാഹം ചെയ്യാം. അങ്ങിനെ വിവാഹം നടന്നില്ല. എങ്കിൽ പ്രസ്തുത സ്ത്രീയ്ക്ക് ഭർത്താവിന്റെ വീട്ടിൽ ഭക്ഷണ പാനീയവും വസ്ത്ര വും നൽകി ഒരു കൊല്ലം പാർക്കാനുള്ള സൗകര്യവും നൽകണമെന്നുള്ളതാണ്. തുടർന്നു വന്ന ആയത്തിന്റെ അർത്ഥം. രണ്ട് വ്യത്യസ്ത വിഷയങ്ങളിലെ നിർദ്ദേശങ്ങളാണ്. ഇതെങ്ങിനെ പരസ്പര വിരുദ്ധമാകുന്നു. ഇവിടെ നമുക്ക് ചിന്തിക്കാനുള്ളത് ഹസ്റത്ത് ഉസ്മാൻ (റ) പറഞ്ഞ മറുപടിയാണ്. "ഖുർആനിൽ യാതൊരു മാറ്റവും വരുത്താൻ എനിക്ക് സാദ്ധ്യമല്ല". ഈ പറഞ്ഞതിന്റെ താല്പര്യം റസൂൽ തിരുമേനി (സ:അ) ഏതെല്ലാം ഭാഗങ്ങൾ ഖുർആനിൽ ഉള്ളതായി പറഞ്ഞുവോ അതിൽ അദ്ദേഹത്തിന് ശേഷവും യാതൊരു മാറ്റവും സംഭവ്യമല്ല. ഏതെങ്കിലും ഒരാൾക്ക് ഏതെങ്കിലും ഖുർആനിക വചനം ദുർബ്ബലപ്പെട്ടു പോയി എന്ന് തോന്നിയാലും പറഞ്ഞാലും തിരുമേനി (സ:അ) വിശുദ്ധ ഖുർആനിൽ പ്രസ്തുത വചനം നിലനിൽക്കുന്നു എന്നു പറഞ്ഞാൽ പിന്നെ നമുക്ക് മറ്റൊരു തെളിവിന്റെയും ആവശ്യമില്ല എന്ന കാര്യം ഇബ്നു സുബൈറിന് ഉസ്മാൻ (റ) പറഞ്ഞു മനസ്സിലാക്കുകയായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ അദ്ദേഹം എത്ര സൂക്ഷ്മതയാണ് ഖുർആൻ ക്രോഡീകരണ വിഷയത്തിൽ പ്രകടിപ്പിച്ചത് എന്ന കാര്യം വ്യക്തമാണ്. ഹസ്റത്ത് അബൂബക്കർ (റ) ന്റെ കാലത്താണ് ഖുർആന്റെ ആദ്യത്തെ ഒരു കോപ്പി തയ്യാർ ചെയ്തത്. എങ്കിലും ഹസ്റത്ത് ഉസ്മാൻ (റ) കാലത്ത് വിശുദ്ധ ഖുർആന്റെ മൂന്ന് പ്രതികൾ എഴുതി ഉണ്ടാക്കിയതായിട്ടാണ് ചരിത്രം.

ഇനി ബുഖാരിയിൽ തന്നെ മറ്റൊരു ഹദീസ് നമുക്കൊന്ന് പരിശോധിക്കാം. ഇബ്നു അബ്ബാസിന്റെ സുപ്രസിദ്ധ ശിഷ്യനായ മുജാഹിദ് ഭർത്താവ് മരിച്ച സ്ത്രീ നാലു മാസവും പത്തുദിവസവും പുനർ വിവാഹിതയാകാൻ കാത്തിരിക്കണമെന്ന ആയത്തിനെ പറ്റി ഇങ്ങിനെ പറഞ്ഞു. " 4 മാസവും 10 ദിവസവും എന്നുള്ളത് ഭർത്താവ് മരണപ്പെട്ട സ്ത്രീകൾ പാലിക്കേണ്ട അതിർവരമ്പാണ്. പിന്നീട് സർവ്വശക്തനായ ദൈവം മറ്റൊരു വചനം ഇറക്കി. അതായത് ഭർത്താക്കന്മാർ മൃതിയടഞ്ഞ ഭാര്യമാർക്ക് ഒരു കൊല്ലത്തെ ചിലവും താമസവും സൗകര്യം ചെയ്തുകൊടുക്കണമെന്ന്. അതായത് 4 മാസവും 10 ദിവസവും കൂടാതെ 7 മാസവും 20 ദിവസവും കൂടി അധികമായി അല്ലാഹു അവർക്ക് നൽകി. അവൾക്ക് ആവശ്യമാണെങ്കിൽ ഒരു കൊല്ലവും അനുഭവിക്കാം. ആവശ്യമില്ലെങ്കിൽ അവൾക്ക് അത് നിരാകരിക്കാം. അങ്ങിനെ നിരാകരിക്കുന്നപക്ഷം മരിച്ച ആളുടെ ബന്ധുക്കൾ അതു സംബന്ധിച്ച് ആക്ഷേപിക്കപ്പെടുകയില്ല. 4 മാസം 10 ദിവസത്തെ "ഇദ്ദ" അപ്പോഴും അനിവാര്യമാണ്. ഇതാണ് മുജാഹിദിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ പക്കൽ ഈ രണ്ടു ആയത്തുകളും പൂരകങ്ങളാണ് എന്നാണ്.

ഇനി ഇബ്നു അബ്ബാസ് (റ) ന്റെ മറ്റൊരു പ്രധാന ശിഷ്യനായ അത്താ എന്തു പറയുന്നുവെന്ന് പരിശോധിക്കാം. അദ്ദേഹം പറയുന്നു. ഇബ്നു അബ്ബാസിനുള്ള അഭിപ്രായം.ഭർത്താവ് മരിച്ച ഭാര്യക്ക് ഒരു കൊല്ലത്തെ ചിലവും താമസ സൗകര്യവും നല്കണമെന്ന ആയത്ത് നാല് മാസവും പത്തു ദിവസവും എന്ന സമയപരിധിയെ ദുർബ്ബലപ്പെടുത്തിയിരിക്കുന്നു. ''അതു കൊണ്ടു അവൾക്ക് സ്വാതന്ത്ര്യമുണ്ട്. ഏതു പ്രകാരത്തിലും ആ ദിവസങ്ങൾ എണ്ണി തിട്ടപ്പെടുത്താൻ കാരണം അല്ലാഹു പറയുന്നത് അവളെ വീട്ടിൽ നിന്നും നിഷ്കാസനം ചെയ്യരുത് എന്നാണ്. അവൾ ഉദ്ദേശിക്കുകയാണെങ്കിൽ ഒരു കൊല്ലം വരെ അവൾക്ക് എണ്ണി കണക്കാക്കാം. ആ കാലമത്രയും താമസവും ചിലവും അവൾക്ക് ലഭിക്കുന്നതാണ്. അതല്ലാതെ നേരത്തെ തന്നെ വിട വാങ്ങി പോകാനുള്ള സ്വാതന്ത്ര്യവും അവൾക്കുണ്ട്. അങ്ങിനെ അവൾ പോവുകയാണെങ്കിൽ ഭർത്തൃ ഗൃഹത്തിലുള്ളവർക്ക് ആ കാരണത്താൽ യാതൊരു ആക്ഷേപവുമുണ്ടാവുകയില്ല. പിന്നെ അതാ വരുന്നു. പിന്തുടർച്ചാവകാശത്തിന്റെ നിയമങ്ങൾ. ആ നിയമങ്ങൾ ഒരു കൊല്ലത്തെ ഭക്ഷണവും വസ്ത്രവും മറ്റു ചിലവുകളും അവൾക്ക് കൊടുക്കണമെന്ന നിബന്ധന ദുർബ്ബലപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ അവൾക്ക് ഒരു കൊല്ലം ഭർത്തൃഗൃഹത്തിൽ താമസിക്കാം പക്ഷെ ചിലവ് കിട്ടുകയില്ല."

അത്തായുടെ മേൽഹദീസിൽ പറയപ്പെട്ട അഭിപ്രായത്തോട് യാതൊരു തരത്തിലും യോജിക്കാൻ സാദ്ധ്യമല്ല. ഈ ആയത്തുകളും പരസ്പരം പൂരകങ്ങളാണ്. അതായത് സ്ത്രീകളോടുള്ള ഇസ്ലാമിന്റെ മൃതുവായ സമീപനത്തെയാണ് ഇത് കാണിക്കുന്നത്. ഭർത്താവ് മരിച്ച സ്ത്രീകൾക്ക് 4 മാസവും 10 ദിവസവും കഴിഞ്ഞാൽ മറ്റൊരു പുരുഷനുമായി നിക്കാഹ് കഴി

ക്കാവുന്നതാണ്. അതിന് സൗകര്യപ്പെടാത്തവർക്ക് അവർ ഇഷ്ടപ്പെടുകയാണെങ്കിൽ ഭർത്തൃഗൃഹത്തിൽ ഒരു കൊല്ലം ചിലവോടു കൂടിയ താമസസൗകര്യവുമാവാം. ഈ സൗകര്യം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും അവൾക്ക് അവകാശമുണ്ടായിരിക്കും. പിന്നെ ഭർത്താവ് മരിച്ച സ്ത്രീക്ക് കുട്ടികൾ ഉള്ളവളാണെങ്കിൽ അവൾക്ക് ഭർത്താവിന്റെ സ്വത്തിലും ധനത്തിലും 1/8 ഭാഗവും കുട്ടികളില്ലെങ്കിൽ 1/4 ഭാഗവും ലഭിക്കാൻ അർഹതയുണ്ടായിരിക്കും. ഈ കാര്യങ്ങൾ വളരെ വ്യക്തമാണ്. അതുകൊണ്ടു തന്നെ ഇതിൽ യാതൊരു തരത്തിലുള്ള ദുർബ്ബലപ്പെടുത്തലുമില്ല. സുറ അൽ തലാക്കിൽ ഒരു വിധവ ഗർഭിണിയാണെങ്കിൽ പ്രസവ ശേഷം മാത്രമെ അവൾക്ക് മറ്റൊരു നിക്കാഹ് കഴിക്കാൻ പാടുള്ളൂ എന്നതും പ്രത്യേകം സ്മരണീയമാണ്. പിന്തുടർച്ചവകാശത്തിന്റെ കല്പന വന്നപ്പോൾ ഒരു കൊ ല്ല ത്തെ ചിലവോടു കൂടിയുള്ള അവരുടെ താമസത്തിൽ ചിലവ് നഷ്ടമായി എന്നു പറയാൻ യാതൊരു കാരണവും കാണുന്നില്ല. കാരണം അത്തരം ഒരു സൂചനയും വിശുദ്ധഖുർആനിലോ തിരുമേനി (സ:അ) യുടെ വചനങ്ങളിലോ കാണാൻ സാദ്ധ്യമല്ല. അബു മുസ്‌ലിം ഇസ്ഫഹാനിക്ക് വേണ്ടി ഭാവിയിലും അനേകർ മറുപടി പറയാൻ ഉണ്ടാകും.

രണ്ടാമതായി ഇബ്നുകഥീർ ഉന്നയിച്ച കാര്യം ബൈത്തുൽ മുഖദ്ദിസ് ഖിബ്‌ലയായിരുന്നതിനുശേഷം കഅബയെ ഖിബ്‌ലആക്കിയ കാര്യമാണ്. ഇത് വളരെ വ്യക്തമായ ഒരു കാര്യമാണല്ലോ? കഅബ ഖിബ്‌ല ആവുന്നതിനു മുമ്പായി യഹൂദന്മാരുടെ ചില നടപടി ക്രമങ്ങളായിരുന്നു റസൂൽ തിരുമേനി സ്വീകരിച്ചിരുന്നത്. വിശുദ്ധ ഖുർആനിൽ ആദ്യം ബൈത്തുൽ മുഖദ്ദിസ് ഖിബ്‌ല ആക്കാൻ കല്പന ഉണ്ടാവുകയും പിന്നീട് അതു മാറ്റുകയും ചെയ്താൽ നമുക്ക് അതിനെ വിശുദ്ധ ഖുർആനിൽ നാസിക്ക് മൻസൂഖ് ഉണ്ടെന്ന വാദം അംഗീകരിച്ചു കൊടുക്കാം. എന്നാൽ ഇവിടെ വിശുദ്ധഖുർആനിൽ കഅബയെ ഖിബ്‌ലയാക്കാനുള്ള കല്പന മാത്രമാണ് നൽകിയത്. അതുകൊണ്ടു മുമ്പു ആരെങ്കിലും ബൈത്തുൽ മുഖദ്ദസിനെ ഖിബ്‌ലയാക്കിയിട്ടുണ്ടെങ്കിൽ അതു മുസ്‌ലിംകളാകട്ടെ, യഹൂദികളാകട്ടെ ആ വിശ്വാസത്തെ റദ്ദ് ചെയ്തുകൊണ്ട് അതിലും നല്ലതായ ഒരു കല്പന അതിനു പകരമാക്കുകയാണുണ്ടായത്. അതു ഞാൻ നടേ പറഞ്ഞ അഭിപ്രായത്തെ സാധൂകരിക്കുന്നു. അതായത് മുമ്പു വേദം നൽകപ്പെട്ടവരുടെ ആചാരങ്ങളേയോ മറ്റു അനുഷ്ഠാനങ്ങളെയോ ആണ് റദ്ദാക്കിയത്. അല്ലാതെ ഖുർആന്റെ തന്നെ കല്പനകളല്ല എന്നതാണ് ശരി. അതായത് ഇത് ഖുർആനിൽ തന്നെയുള്ള പൂർവ്വാപരഖണ്ഡനമല്ല. ഖിബ്‌ലയുടെ കാര്യവും തഥൈവ.

മറ്റൊരു ആയത്തു "യുദ്ധത്തിൽ അവിശ്വാസികളായ പത്തുപേരോട് ഒരു മുസ്‌ലിം എന്ന കണക്കിൽ മുസ്‌ലിംകൾ ക്ഷമിച്ചു നില്ക്കേണ്ടതുണ്ടെന്ന കല്പന രണ്ടുപേരോട് ഒരാൾ ക്ഷമിച്ചു നിന്നാൽ മതിയാകുമെന്ന് (അൻഫാൽ 65-66) അതിൽപ്പെട്ടതാണ്"

ഇസ്‌ലാമിന് ചില ഘട്ടങ്ങളിൽ പ്രതിരോധയുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. 13 വർഷക്കാലം മക്കക്കാരുടെ മർദ്ദനങ്ങൾ മുസ്‌ലിംകൾ ഏറ്റുവാങ്ങി. യാതൊരു പ്രകാരത്തിലും നിൽക്കക്കള്ളിയില്ലാത്ത ഘട്ടത്തിൽ അവരുടെ പ്രിയപ്പെട്ട നാടിനോട് വിട പറഞ്ഞു അവർ മദീനയിലേക്ക് പാലായനം ചെയ്തു. അവിടെയും നില്ക്കാൻ അവരെ അനുവദിക്കുയില്ല എന്ന വാശിയോടെ മക്കക്കാർ പല പ്രാവശ്യവും മുസ്‌ലിംകളെ ഉന്മൂലനം ചെയ്യാൻ ശ്രമിക്കുകയുണ്ടായി. തദവസരത്തിൽ അവരുടെ വിശ്വാസ സംരക്ഷണാർത്ഥം ആളും അർത്ഥവും ഇല്ലാതെ ശത്രുക്കളുമായി നേരിടേണ്ടിവന്നിട്ടുണ്ട്. ആദ്യഘട്ടത്തിൽ അല്ലാഹുവിന്റെ വിജയവാഗ്ദാനം ഉണ്ടാവുകയും ശക്തരായ ഒരു ശത്രുസൈന്യത്തെ അംഗബലത്തിലും യുദ്ധസാമഗ്രികളുടെ കാര്യത്തിലും തുലോം പിറകിലായ ആ സമൂഹത്തിന്റെ ദൈവ വാഗ്ദത്തത്തിലുള്ള വിശ്വാസം കാരണം കയ്യും മെയ്യും മറന്ന് അവർക്ക് രണാങ്കണത്തിൽ മുന്നേറുകയും തദവസരത്തിൽ പത്താൾക്ക് ഒരാൾ എന്ന തോതിൽ ശക്തമായി പൊരുതി അവർ വിജയിച്ചു. പിന്നീട് ബദർ യുദ്ധത്തിന് ശേഷം ആളുകൾ സംഘം സംഘമായി ഇസ്‌ലാം ആശ്ലേഷിച്ചുകൊണ്ടിരുന്നു.. അവർക്ക് മുമ്പുള്ളവരുടെ ഈമാനിക ശക്തി ഇല്ലായിരുന്നു. അപ്പോൾ അവർക്ക് രണ്ടാൾക്ക് ഒരാൾ എന്ന തോതിൽ യുദ്ധം ചെയ്യേണ്ടിവന്നു. ഈ സംഗതി തന്നെയാണ് വിശുദ്ധഖുർആൻ എടുത്തു പറയുന്നത്. ഇന്നും ഈമാനി ശക്തി കൂടുതലാണെങ്കിൽ പത്തിന് ഒന്നു തന്നെ മതി. അതില്ലെങ്കിൽ പത്തിന് ആയിരമായാലും വിജയിക്കാൻ സാദ്ധ്യമല്ല. അതാണല്ലൊ നാം പലസ്തീനിലും ലോകം മുഴുക്കെയും ദർശിക്കുന്നത്. അൻഫാ ൽ 66-67 ൽ (ബിസ്മി ഒന്നായി ഗണിച്ചാൽ)

"ഓ നബീ സത്യവിശ്വാസികളെ (അക്രമികൾക്കെതിരിൽ) അടിക്കടി യുദ്ധത്തിനായി ശക്തമായ നിലയിൽ പ്രേരിപ്പിക്കുക. നിങ്ങളിൽ സ്ഥിരചിത്തരായ ഇരുപത് പേരുണ്ടെങ്കിൽ അവർ ഇരുനൂറു പേരെ ജയിച്ചടക്കും. നിങ്ങളിൽ നിന്നു നൂറുപേരുണ്ടെങ്കിൽ ആയിരം പേരെ അവർ ജയിച്ചടക്കും. കാരണം (ശത്രുക്കൾ) അവർ കാര്യബോധമില്ലാത്ത ഒരു ജനതയാകുന്നു.

"ഇപ്പോൾ അല്ലാഹു നിങ്ങൾക്ക് ഭാരം ലഘൂകരിച്ചു തന്നിരിക്കുകയാണ്. നിങ്ങളിൽ ബലഹീനത ഉണ്ടെന്ന് അവന്നറിയാം. അതിനാൽ സ്ഥിര ചിത്തരായ നൂറു പേർ നിങ്ങളിൽ ഉണ്ടെങ്കിൽ അവർ ഇരുനൂറുപേരെ ജയിച്ചടക്കുന്നതാണ്. നിങ്ങളിൽ ആയിരം പേരുണ്ടെങ്കിൽ അല്ലാഹുവിന്റെ കല്പന പ്രകാരം അവർ രണ്ടായിരം പേരെ ജയിച്ചടക്കുന്നതാണ്. അല്ലാഹു സ്ഥിരചിത്തരുടെ കൂടെയാണ്."

ഈ രണ്ട് ആയത്തുകളും പരസ്പര പൂരകങ്ങളാണ്. ഒന്ന് ഈമാൻ ശക്തമായ അവസരത്തിലും രണ്ടാമത്തേത് മുനാഫിക്കുകൾ ചേർന്നു ബലഹീനമായ സമയത്തുമാണ്. അതു അല്ലാഹു റസൂൽ തിരുമേനിക്ക് (സ:അ)

ഈ ആയത്തിൽ മനസ്സിലാക്കികൊടുക്കുകയാണ്. പിൽകാലത്തു പേർഷ്യക്കാരും റോമാക്കാരുമായുള്ള യുദ്ധത്തിൽ നൂറു ഇരട്ടി ശത്രുക്കളെ മുസലിം സൈന്യം പരാജയപ്പെടുത്തിയിരുന്നു. അതു തന്നെ തെളിവാണ്. ഇതു ഒരു കല്പനയല്ല. ശത്രുസൈന്യത്തെ നേരിടുന്നതിന് മുമ്പ് അവരുടെ ആത്മ ധൈര്യത്തേയും മറ്റും കണക്കിലെടുത്ത് സാഹചര്യത്തിനനുസരിച്ചായിരിക്കണം യുദ്ധ സന്നാഹങ്ങൾ ചെയ്യേണ്ടത് എന്നു പഠിപ്പിക്കുകയാണ്. നാസിക്ക് മൻസുക്ക് ഇവിടെ അവതരിപ്പിക്കുന്നത് ഭൂഷണമല്ല. അമാനി മൗലവി സൗഹിബിന്റെ വിശുദ്ധഖുർആൻ വിവരണത്തിൽ തുടർന്ന് എഴുതുന്നു. അൽബഖറ 284 ലെ സൂക്തം " നിങ്ങൾ നിങ്ങളുടെ മനസ്സിലുള്ളത് വെളിവാക്കിയാലും അതു മറച്ചുവെച്ചാലും അല്ലാഹു അതിനെക്കുറിച്ച് നിങ്ങളെ വിചാരണ നടത്തും" എന്ന വചനം അവതരിച്ചപ്പോൾ ഞങ്ങൾക്ക് സാദ്ധ്യമല്ലാത്ത കാര്യം ഞങ്ങളോടു കല്പിക്കപ്പെട്ടിരിക്കുന്നല്ലോ. എന്ന സഹാബികൾ നബി (സ) യോടു സങ്കടപ്പെട്ടുവെന്നും തിരുമേനി അവരോട് അതിനെ പറ്റി ഗുണദോഷിക്കുകയും അവർ സമാധാനപ്പെടുകയും ഉണ്ടായെന്നും പിന്നീട് അൽബഖറയിലെ അവസാനത്തെ വചനം അവതരിച്ചു അതിനെ നസ്ഖ് ചെയ്തുവെന്നും അബൂഹുറൈറ (റ) വഴി ഇമാം മുസ്ലിം രിവായത്തു ചെയ്ത ഒരു ഹദീസിൽ കാണാം. ഓരോരുത്തനും കഴിവുള്ളതല്ലാതെ ആരോടും ശാസിക്കപ്പെടുകയില്ലെന്നും മറന്നുകൊണ്ടോ അബദ്ധത്തിലോ ചെയ്തു പോ കുന്ന കുറ്റങ്ങൾ പാപങ്ങളെല്ലെന്നും ആ വചനത്തിൽ സ്പഷ്ടമാകുന്നുണ്ട്. അപ്പോൾ കഴിവിൽ പെട്ടതും മറന്നോ അബദ്ധത്തിലോ വന്നു വശായതുമല്ലാത്തതുമായ കുറ്റങ്ങളിലെ ശിക്ഷ ഉണ്ടാകുകയുള്ളൂ എന്നു വ്യക്തമായി.

മേൽ ആയത്തും അതു സംബന്ധിച്ച് സഹാബാക്കളുടെ വേവലാതിയും അതിന് തിരുമേനി (സ) അവരോട് അതിനെ പറ്റി ഗുണദോഷിക്കുകയും അവർ സമാധാനപ്പെടുകയും ഉണ്ടായി. ഈ പറഞ്ഞ കാര്യങ്ങൾ ശരിയായിരിക്കാം. കാരണം തൃകാലജ്ഞനായ അല്ലാഹു നിങ്ങളുടെ മനസ്സിൽ ഉള്ളതു വെളിവാക്കിയാലും മറച്ചു വെച്ചാലും അല്ലാഹു അതിനെക്കുറിച്ച് വിചാരണ ചെയ്യും എന്നു പറഞ്ഞത് സഹാബാക്കൾക്ക് അലോസരമുണ്ടാക്കുമെന്നും അതുകൊണ്ടു അതു മൻസൂഖ് ആക്കേണ്ടിവരുമെന്നും അറിയാവുന്ന അല്ലാഹു ഈ പണിക്ക് നിൽക്കുമോ? ഇതു വാസ്തവത്തിൽ വലിയ ഒരു ദൈവ ദൂഷണമാണ്. ഈ പറയപ്പെട്ട രണ്ടു ആയത്തുകളും യാതൊരു പ്രകാരത്തിലും അന്യോന്യം ഏറ്റുമുട്ടുന്നില്ല എന്നതാണ് വാസ്തവം. ഏറ്റവും ഹീനമായ തെറ്റുകൾ ആദ്യം രൂപം കൊള്ളുന്നത് ഹൃദയത്തിലാണ്. ഹൃദയത്തിന്റെ അഗാധതയിലുള്ള രഹസ്യങ്ങൾ അറിയുന്ന അല്ലാഹു അതു ശിക്ഷിക്കാതെ വിടുകയില്ല. ഇതാണ് ആദ്യത്തെ വചനം മനസ്സിലാക്കിത്തരുന്നത്. ബനൂ ഇസ്രായിലിനെ അല്ലാഹു പ്രവാചകന്മാരെ വധിച്ചവരായി ചിത്രീകരിച്ചിട്ടുണ്ട്. അതു വാസ്തവത്തിൽ അവരുടെ ഹൃദയത്തിലെ പദ്ധതിയെക്കുറിച്ചായിരുന്നു പ്രസ്തുത വിവരണം. അതേപോലെ മുനാഫിക്കുകൾ അവർ പ്രത്യക്ഷത്തിൽ വിശ്വാസികളും ഹൃദയത്തിൽ അവിശ്വാസികളുമായിരുന്നു. ഈ ആയത്തു വേറെ വല്ല ആയത്തു മുഖേനയും ദുർബ്ബലപ്പെട്ടുപോയെങ്കിൽ ഒരു പക്ഷെ എല്ലാമുനാഫിക്കുകളും രക്ഷപ്പെട്ടേനെ. നസ്ഖ് ചെയ്യുന്ന ആയത്താണെങ്കിൽ മനുഷ്യ സഹജമായി മറവി കൊണ്ടോ, തെറ്റു ചെയ്യണമെന്ന ഉദ്ദേശത്തോടെയോ അല്ലാതെ വല്ല തെറ്റും ചെയ്തു പോയെങ്കിൽ അല്ലാഹുവിനോടു അതു പൊറുത്തുതരാനും, മാപ്പാക്കാനും ദുആ ചെയ്യുവാൻ പഠിപ്പിക്കുന്ന ആയത്താണ്. പ്രാർത്ഥനകളെല്ലാം എല്ലാവരുടെയും അല്ലാഹു സ്വീകരിക്കുമോ? അവൻ ഉദ്ദേശിക്കുന്നവരെ ശിക്ഷിക്കുമെന്നും അല്ലാഹു ഇഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുമെന്നും അതേ സൂറയിൽ അല്ലാഹു വ്യക്തമാക്കുന്നു മേൽ പ്രസ്താവിച്ച അബൂഹുറൈറയുടെ ഹദീസ് അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമാണ്. അല്ലാതെ അതു സംബന്ധിച്ചു റസൂൽ തിരുമേനിയിൽ നിന്ന് കേട്ടതായിരുന്നില്ല എന്ന കാര്യവും പ്രത്യേകം പ്രസ്താവ്യമാണ് പിന്നെ പറയുന്ന കാര്യം "നാം ഒരാത്മാവിനും അതിന് വഹിക്കാൻ സാധിക്കാത്തത് നല്കുകയില്ല" എന്ന വാക്യമാണ് അതൊരു പൊതു നിയമമാണ്. അതായത് മനുഷ്യർക്കായി അല്ലാഹു വിശുദ്ധ ഖുർആനിൽ നൽകിയ കല്പനകളെല്ലാം മനുഷ്യന്റെ ആത്മാവിന് വഹിക്കാൻ പറ്റുന്നതാണ്. ഒരു സാധനം ഉണ്ടാക്കിയാൾക്ക് മാത്രമല്ലെ അതിന്റെ ഗുണത്തെപ്പറ്റി പറയാൻ പറ്റുകയുള്ളൂ. മനുഷ്യാത്മാവിനെ സൃഷ്ടിച്ച അല്ലാഹുവിൽ നിന്നുള്ള അഭിപ്രായം എല്ലാവരും അംഗീകരിച്ചേ പറ്റൂ. ഈ വചനം മറ്റു മൂന്ന് സ്ഥലങ്ങളിൽ അല്ലാഹു വിശുദ്ധഖുർആനിൽ ആവർത്തിക്കുന്നുണ്ട്. ആ സൂറകളെല്ലാം മക്കായിൽ അവതരിച്ചതാണ്. ഷാ വലിയുല്ലാഹ് ദഹ്ലവി ഫൗസുൽ കബീരീലും ഇമാം റാസി ബുഖാരിയുടെ വ്യാഖ്യാനത്തിലും ഈ ആയത്തുകൾ ഒന്നിലും നാസിക്ക് മൻസൂഖ് ഇല്ലെന്ന് അർത്ഥശങ്കക്കിടയില്ലാതെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചുരുക്കത്തിൽ ശിക്ഷയിൽ നിന്നു രക്ഷ കിട്ടുന്ന കാര്യത്തിൽ യാതൊരു ഉദ്ദേശവുമില്ലാതെ പെട്ടെന്നുവന്നു പോകുന്ന തെറ്റുകൾ അല്ലാഹു ഒരു പക്ഷെ ശിക്ഷിക്കാതെ വിട്ടെന്നു വരാം. മൗലവി മുഹമ്മദ് അമാനി സാഹിബ് രണ്ടായത്തുകൾ കൂടി ഉദ്ധരിച്ച് നാസിക്ക് മൻസൂക്ക് ആക്കാൻ അവസാന ശ്രമം നടത്തിയിരിക്കുകയാണ്. അതാണെങ്കിൽ രണ്ടു ആയത്തുകളും പരസ്പര പൂരകങ്ങളാണ്. "ആലുഇംറാനിൽ 102-ാം വചനത്തിൽ അല്ലാഹുവിനെ സൂക്ഷിക്കേണ്ട മുറ പ്രകാരം സൂക്ഷിക്കുവിൻ" എന്ന ആയത്തിന്റെ താല്പര്യത്തെ "നിങ്ങൾക്ക് സാദ്ധ്യമാകും പ്രകാരം അല്ലാഹുവിനെ സൂക്ഷിക്കുവിൻ (64:16) എന്ന ആയത്ത് കൊണ്ട് നസഖ് ചെയ്തിരിക്കുന്നുവെന്ന് പറയപ്പെടാറുണ്ട്." എന്ന് എഴുതിക്കൊണ്ടു അദ്ദേഹം തന്നെ സംശയം പ്രകടിപ്പി

ച്ചിരിക്കുന്നു. ഈ രണ്ടു ആയത്തും വളരെ വ്യക്തമാണ്. നിങ്ങൾക്ക് സാദ്ധ്യമാകും പ്രകാരം അല്ലാഹുവിനെ സൂക്ഷിക്കുവിൻ അതു തന്നെയാണ് സൂക്ഷിക്കേണ്ടത് മുറപ്രകാരം സൂക്ഷിക്കുക എന്നതുകൊണ്ടുള്ള ഉദ്ദേശം. വിശുദ്ധഖുർആൻ ഒരേ കാര്യം പല രൂപത്തിൽ പറഞ്ഞു മനസ്സിലാക്കിത്തരാറുണ്ട്. അതിന്റെ അർത്ഥം ഒന്നിനെ സ്വീകരിച്ചു ബാക്കിയുള്ളതിനെ മൻസുഖാക്കുകയാണെങ്കിൽ പിന്നെ കുറച്ചുഭാഗം മാത്രമെ ഖുർആനിൽ അവശേഷിക്കുകയുള്ളൂ.

ഈ വിഷയത്തെ വിശാലമായി പരിശോധിച്ചാൽ സഹാബാക്കൾക്ക് തന്നെ ഈ കാര്യത്തിൽ അഭിപ്രായ വ്യത്യാസമുള്ളതായി കാണാൻ സാധിക്കും. ബുഖാരിയിലെ ഒരു ഹദീസിൽ നോമ്പ് മാസങ്ങളിൽ ഒരു നിർദ്ധനന് ഭക്ഷണം നൽകാൻ കല്പനയുണ്ട്'' അൽ ബക്കറ സൂറത്തിലെ ആയത്ത് മൻസൂക്കായി പോയെന്ന് ഇബ്നു ഉമർ (റ) റിപ്പോർട്ട് ചെയ്തതായി പ്രസ്താവിക്കുന്നു. നോമ്പ് മുസ്‌ലിംകൾക്ക് നിർബന്ധമാക്കിയ ആയത്തിന്റെ അടിസ്ഥാനത്തിലാണ് മൻസുഖായത്. മറ്റൊരു സഹാബിയായ സൽമാൻ ബിൻ അക്ക്വയും ബുഖാരിയുടെ അഭിപ്രായത്തിൽ പ്രസ്തുത ആയത്ത് മൻസുഖ് ആയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇബ്നു അബ്ബാസ് ഈ ആയത്ത് മൻസൂഖാക്കിയിട്ടില്ല എന്നു പറയുന്നു. കാരണം അദ്ദേഹത്തിന്റെ പക്കൽ വൃദ്ധരായ ആണും പെണ്ണും വാർദ്ധക്യം കൊണ്ടു നോമ്പു എടുക്കാൻ പറ്റുന്നില്ലെങ്കിൽ അവർ ഒരു നോമ്പിന് പകരം ഒരു അഗതിക്ക് ആഹാരം നല്കണമെന്നാണ് ഇവിടെ ഉദ്ദേശമെന്നു പറയുന്നു. ഇതു സംബന്ധമായി രണ്ടു ഹദീസുകൾ ഇബ്നു അബ്ബാസിൽ നിന്ന് അബു ദാവൂദ് റിപ്പോർട്ട് ചെയ്യുന്നതു കാണുക. "പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്" (2:185) എന്ന വചനത്തിൽ നിന്ന് മനസ്സിലാകുന്നത് വാർദ്ധക്യം കാരണമായി നോമ്പു നോക്കാൻ വളരെ പ്രയാസപ്പെടുന്നവർ ഓരോ നോമ്പിന് പകരവും ഓരോ അഗതിക്ക് ഭക്ഷണം കൊടുക്കണം എങ്കിൽ അവർക്ക് നോമ്പു നോക്കേണ്ടതില്ല. അതേപോലെ ഗർഭിണികളായ സ്ത്രീകളും മുലയൂട്ടുന്ന അമ്മമാരും അവർ കുട്ടിയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുമെന്ന് കാണുകയാണെങ്കിൽ അവരും സാധിക്കുമെങ്കിൽ ഒരു നോമ്പിന് പ്രായശ്ചിത്തമായി ഒരു അഗതിക്ക് ഭക്ഷണം നൽകേണ്ടതാണ്. ഈ രണ്ടു മാന്യസഹാബാക്കൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം വെറും വ്യക്തിപരമാണ്. സ്വന്തം അഭിപ്രായത്തിന്റെ പേരിലാണ്. ഇതിന് റസൂൽ തിരുമേനി (സ:അ) യുടേതോ, വല്ല ദിവ്യ സന്ദേശത്തിന്റെയോ പിൻബലമില്ല. മറിച്ചു ഈ രണ്ടു മഹൽ വ്യക്തികളുടെ നോമ്പിനെ സംബന്ധിച്ച് വന്ന ആയത്തുകളുടെ വ്യാഖ്യാനത്തിൽ വന്ന അഭിപ്രായ വ്യത്യാസമാണ്. ഇബ്നു ഉമർ ഒരു തരത്തിൽ അതിനെ വ്യാഖ്യാനിച്ച് അത് മൻസുഖായിപ്പോയെന്നു കരുതി. എന്നാൽ ഇബ്നു അബ്ബാസ് മറ്റൊരു രൂപത്തിൽ വ്യാഖ്യാനിച്ചു കൊണ്ടു മൻസൂഖായിട്ടില്ല എന്ന് നിരൂപിക്കുകയും ഇബ്നു ഉമറിന്റെ അഭിപ്രായത്തെ തള്ളുകയും ചെയ്തു. അപ്പോൾ ഇതിൽ നിന്നും ഒരു സംഗതി വ്യക്തമാകുന്നു. ഈ നാസിക്ക് മൻസൂക്ക് തിയറി തന്നെ ഓരോ വ്യാഖ്യാതാവിന്റെയും സ്വന്തം സൃഷ്ടിയാണ്. അതിന് റസൂൽ തിരുമേനിയുടെ തിരുവചനത്തിന്റെ പിൻവശം ഇല്ലാത്തതുമാകുന്നു. ഇതിൽ നിന്ന് മറ്റൊരു സംഗതി കൂടി നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരാൾ മൻസുഖാക്കി തള്ളിയതിനെ മറ്റൊരു വ്യാഖ്യാതാവിന് മൻസുഖ് അല്ല എന്നു വിധിക്കാനും അധികാരമുണ്ട്. എന്നാൽ ചില വിശുദ്ധഖുർആൻ വ്യാഖ്യാതാക്കൾ അവർക്ക് ബുദ്ധിമുട്ടായി തോന്നുന്ന വ്യാഖ്യാനങ്ങളെ ഈ തത്ത്വം വെച്ചു നാസിഖ്, മൻസൂഖ് ആക്കി രക്ഷപ്പെടുന്നതായിട്ടാണ് തഫ്സിർ ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്. ചിലപ്പോൾ വ്യാഖ്യാനിക്കുമ്പോൾ ചില ആയത്തുകൾ മറ്റു ചില ആയത്തുകളുമായി ഏറ്റുമുട്ടുമ്പോഴും വേഗത്തിൽ അവിടെ നാസിഖ് മൻസൂഖ് പ്രയോഗിക്കും. അങ്ങിനെയാണ് നൂറ്റിക്കണക്കിലുള്ള നാസിഖ് മൻസൂഖുകൾ വിശുദ്ധഖുർആനിൽ കടന്നുകൂടിയെന്ന് ഇവർ തെറ്റായി ധരിച്ചിരിക്കുന്നത്. ഇതിനൊന്നും തന്നെ തിരുമേനി (സ:അ) മിന്റെ ആധികാരികത ഇല്ല തന്നെ. ജലാലുദ്ദീൻ സുയ്യുത്തിയെ പോലെയുള്ള മാന്യ വ്യക്തികൾ നൂറു കണക്കിലുള്ള നാസിക്ക് മൻസൂഖിൽ നിന്ന് വിശുദ്ധ ഖുർആനെ വിമുക്തമാക്കി ഇരുപതിൽ കൊണ്ടു നിർത്തി. എന്നാൽ ഷാവലിയുല്ലാദഹ്‌ലവി എന്ന ദിവ്യാത്മാവ് അതിനെയും അരിച്ചെടുത്തു അഞ്ചിൽ എത്തിച്ചു ബാക്കി പതിനഞ്ചിലും മൻസൂഖ് ഇല്ലെന്നു കണ്ടെത്തി. എന്നാൽ ഈ അഞ്ചും പരിശോധനക്ക് വിധേയമാക്കിയാൽ അതും മൻസൂഖിൽ നിന്നും വിമുക്തമാകും. അപ്പോൾ മാത്രമേ "ദാലിക്കൽ കിതാബു ലാറൈബ ഫീഹി' (ഈ കിത്താബിൽ യാതൊരു സംശയത്തിനും ഇടയില്ല) എന്നേടത്ത് നാം എത്തുകയുള്ളൂ.

ലേഖനം വിചാരിച്ചതിലും നീണ്ടു പോയി. ഒരു കാര്യം കൂടി. എഴുതിക്കൊണ്ടു ഈ വിഷയം അവസാനിപ്പിക്കാം. സഹാബാക്കൾ മൻസൂഖിന് വളരെ വ്യാപ്തിയുള്ള വ്യാഖ്യാനമാണ് നൽകിയത്. അതു ജാഹിലിയാ കാലഘട്ടത്തിൽ അവർ ആചരിച്ച ചില സമ്പ്രദായങ്ങളെ നിരാകരിച്ചുകൊണ്ടു ഒരു വചനമിറങ്ങിയാൽ പ്രസ്തുത സമ്പ്രദായം മൻസുഖ് ആക്കിയെന്ന് അവർ പറഞ്ഞിരുന്നു. ഇബ്നുഅബ്ബാസിന്റെ ഒരു ഹദീസ് നോക്കുക "ആദ്യമായി പിന്തുടർച്ചവകാശം വെറും ആൺമക്കൾക്ക് മാത്രമാണുണ്ടായിരുന്നത്. മാതാപിതാക്കൾക്ക് നൽകണമെങ്കിൽ അവർ ഒസ്യത്ത് ചെയ്യണമായിരുന്നു. എന്നാൽ സൂറ : അന്നിസാ ഇലെ വിധി വന്നപ്പോൾ എല്ലാ പിന്തുടർച്ചക്കാർക്കുമുള്ള അവകാശത്തെ എണ്ണിപ്പറഞ്ഞുകൊണ്ടു മുമ്പുള്ള നിയമത്തെ മൻസൂഖ് ആക്കുകയാണുണ്ടായത്. ഇതു ജാഹിലിയാ കാലത്തുള്ള

അറബികളുടെ സമ്പ്രദായമാണ് ഇവിടെ ദുർബ്ബലപ്പെടുത്തിയത്. നാസിക്ക് മൻസുഖിനെ പറ്റി ബുഖാരി യയിൽ വന്ന ഇനിയും ചില പരാമർശ ങ്ങളുണ്ട്. ഞാനതിലേക്ക് കടക്കുന്നില്ല.

ഖുർആനിൽ ദുർബ്ബലമായതും അപ്രസക്തമായതുമായ ആയത്തുകളു ണ്ടെന്ന വാദം ആ പവിത്ര ഗ്രന്ഥ ത്തിന്റെ ദിവ്യത്വത്തിനെക്കുറിച്ചുള്ള വെല്ലുവിളിയാണ്. ഖുർആനെതിരെ യാതൊരു അടിസ്ഥാനവുമില്ലാത്ത നാസിഖ് മൻസൂഖ് സിദ്ധാന്തത്തിന്റെ വക്താക്കൾ മുസ്ലിംകളാണെന്നുള്ള താണ് ഏറെ വിചിത്രം. ഖുർആന്റെ അപ്രമാദിത്വത്തെ ചോദ്യം ചെയ്യാൻ കണ്ണിലെ എണ്ണയൊഴിച്ചു കാത്തിരി ക്കുന്ന വിമർശകർക്ക് മുസ്ലിം പണ്ഡിതന്മാരുടെ ഈ വികല സിദ്ധാന്തം എത്ര മാത്രം സഹായകര മാണെന്ന് പറയേണ്ടതില്ലല്ലോ. വാസ്ത വത്തിൽ ഇസ്ലാമിനെതിരെയുള്ള വിമർശനങ്ങളുടെയെല്ലാം മൂലാധാരം - മുസ്ലിം പണ്ഡിതന്മാരിൽ നിന്നും അറിഞ്ഞോ അറിയാതെയോ വന്ന ഇത്തരം തെറ്റുകളാണെന്ന കാര്യം നാം വിസ്മരിക്കരുത്.

മറ്റൊരു കാര്യം ചില വ്യാഖ്യാതാ ക്കൾ അവർ വിശുദ്ധ ഖുർആനിൽ 2:107 ലും 16:102 ലും പറയപ്പെട്ട വചന ങ്ങളിൽ പ്രയോഗിച്ച ആയത്തു എന്ന തിന് ദൃഷ്ടാന്തം എന്ന അർത്ഥ കല്പന നൽകി അതിനെ വ്യാഖ്യാനി ക്കാറുണ്ട്. ഉദാഹരണമായി യൂനുസ് നബി (അ) അദ്ദേഹത്തിന്റെ ജനതയോ ടു 15 ദിവസം കൊണ്ടു ഒരു മഹാശിക്ഷ ഇറങ്ങാൻ പോകുന്നെന്ന് പറഞ്ഞു. രാജ്യം വിട്ടു. എന്നാൽ പ്രസ്തുത ദൃഷ്ടാന്തം 15 ദിവസം കഴിഞ്ഞും വെളിപ്പെട്ടില്ല അല്ലാഹു അതിന് പകരം അവരിൽ വന്ന പരിവർത്തനത്തിന്റെ ഫലമായി പ്രസ്തുത ശിക്ഷ അവരിൽ നിന്നും എടുത്തു കളയുകയും അവ രിൽ അനുഗ്രഹം വർഷിക്കുകയും ചെയ്തു. ഇവിടെ സംഭവിച്ചത് ഒരടയാ ളത്തിന് പകരം മറ്റൊരു അടയാളം പക രമാക്കുകയാണെന്ന് പറയപ്പെടുന്നു. ഈ രൂപത്തിലും പ്രസ്തുത ആയ ത്തുകളെ വ്യാഖ്യാനിക്കുന്നവരും ഉണ്ട്. അവരും ഖുർആനിൽ മൻസൂഖ് ഉണ്ടെന്നു പറയുന്നവരല്ല.

പിന്നെയുള്ള വാദം കൽപന ലിപി യിൽ ഇല്ലെങ്കിലും ആചാരത്തിൽ ഉണ്ടെന്ന് പറയുന്നു. അവർ അതിന് ഉദാഹരണം പറയുന്നത് വിവാഹിതൻ വ്യഭിചരിച്ചാൽ അവനെ എറിഞ്ഞു കൊല്ലണം എന്ന ശിക്ഷയെ പറ്റിയാണ്. ഈ ശിക്ഷയും ഖുർആനിന്ന് വിരുദ്ധ മാണ്. വ്യഭിചാരത്തിനുള്ള ശിക്ഷ വളരെ വ്യക്തമായി വിശുദ്ധ ഖുർആ നിൽ ഉണ്ട്. എറിഞ്ഞു കൊല്ലൽ ശിക്ഷ ഖുർആൻ വ്യഭിചാരിക്ക് അടി ശിക്ഷ നൽകാൻ കല്പന വരുന്നതിന് മുമ്പു തൗറാത്തിന്റെ വിധി ഈ കാര്യത്തിൽ അനുസരിച്ചിപ്പോൾ ഉണ്ടായതാണ്.

മുൻ സമുദായത്തിലെ വിധി വില ക്കുകളെയാണ് ഈ ഖുർആനിക കല്പന മൻസൂഖ് ആക്കിയത് എന്നാൽ ദൗർഭാഗ്യമെന്ന് പറയട്ടെ ഈ മൻസൂഖ് ആക്കിയ നിയമത്തെയാണ് ഇന്നും സൗദി അറേബ്യപോലെയുള്ള രാഷ്ട്രം അനുവർത്തിക്കുന്നത്. ഇതിനെ വളരെ പ്രാകൃതമെന്ന് ഇസ്ലാ മിന്റെ വിമർശകർ കളിയാക്കുന്നുണ്ട്. ഇത്തരം തത്ത്വങ്ങൾ നിരാകരിക്കപ്പെ ടേണ്ടതാണ്. വിശുദ്ധഖുർആനിൽ അവസാന കാലം വരേക്കുമുള്ള എല്ലാ തത്ത്വങ്ങളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അതു അനുസരിക്കാൻ മുസ്ലിംകൾ ബാദ്ധ്യസ്ഥരാണ്. മറ്റു ഏതു വ്യതി യാനങ്ങളും റസൂൽ തിരുമേനി (സ) യുടേയോ, മറ്റു ദിവ്യവെളിപാടുക ളുടെയോ സാക്ഷ്യമില്ലാത്തത് കൊണ്ട് നാം അതു അനുസരിക്കാൻ പാടില്ലാ ത്തതാകുന്നു.

പിന്നെ മൂന്നാമത്തെ കാര്യം നാസിക്കും മൻസൂക്കും ഖുർആനിൽ നിന്ന് നഷ്ടപ്പെട്ടുപോയി എന്നു പറ യുന്ന വിഭാഗമാണ്. അതിനെ പറ്റി ഒന്നും പറയണമെന്ന് തോന്നുന്നില്ല. കാരണം ഏതായാലും ഖുർആനും നമ്മളും രക്ഷപ്പെട്ടിരിക്കുന്നു. കാരണം ഇല്ലാത്ത കാര്യത്തെ പററി ആലോ ചിച്ച് തല പുണ്ണാക്കേണ്ട കാര്യമി ല്ലല്ലോ?

തല്ക്കാലം ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയാണ്. വിശുദ്ധ ഖുർആനിൽ നാസിഖും മൻസുഖൂമില്ല എന്ന ഈ കാലഘട്ടത്തിൽ ലോക ത്തോടു പ്രഖ്യാപിച്ചത് ഹക്കമൻ അദ ലൻ (നീതിമാനായ വിധികർത്താവ്) ആയി വന്ന വാഗ്ദത്ത മഹദി മസീഹാ ണ്. ഇതും വിശു ദ്ധ ഖുർആന്റെ സംര ക്ഷണ വാഗ്ദാനത്തിൽ പെട്ടതാണ്. വെറും ലിപിയിലുള്ള സംരക്ഷണം മാത്രമല്ല കാലാകാലം അതിന്റെ അർത്ഥത്തിലും വ്യാഖ്യാനത്തി ലുമുള്ള സംരക്ഷണം കൂടി അതിൽ ഉൾപ്പെടുന്നു. പ്രവാചകന്മാരും ദൈവ സമീപ്യം ലഭിച്ച ഖലീഫമാരും ഈ ഗണത്തിൽ പെട്ടവരാണ്. അവരിൽ നിന്നും ഹിദായത്ത് സ്വീകരിക്കുന്നവർ ഭാഗ്യവാന്മാർ.

---

*(24-ാം പേജിൽ നിന്ന് തുടർച്ച)*

മനസ്സിലാവുന്നത്.

വിധ്വംസക പ്രവർത്തനങ്ങളെയും സംഹാര പ്രവർത്തനങ്ങളെയും, മത വും, ഖുർആനും, ഹദീസും ഒരിയ്ക്ക ലും നീതീകരിക്കുന്നില്ല. നിഷ്കളങ്ക ജീവിതങ്ങൾക്കറുതി വരുത്തുവാൻ ആർക്കും അധികാരമില്ല. നിരപരാ ധികളായ വിമാന യാത്രക്കാരും ലോക വാണിജ്യ കേന്ദ്രത്തിലെ തൊഴിലാളി കളും ഇസ്ലാമിന് ഭീഷണിയായിത്തീ രുന്നതെങ്ങനെ? ഇത്തരം നികൃഷ്ട പ്രവർത്തനങ്ങൾ ശാന്തി സ്ഥാപിക്കു വാനല്ല, മറിച്ച് ഭീതി പരത്തുവാൻ മാത്രമേ ഉതകുകയുള്ളൂ.

മതധർമ്മങ്ങൾക്ക് നിരക്കാത്ത ചെയ്തികളിൽ വ്യാപൃതരായിരിക്കുന്ന വരും, അതിൽ ഏർപ്പെടാൻ പ്രബോ ധിക്കുന്നവരും മതത്തിൽപെട്ടവരല്ലെ ന്നും, അവർ ഇസ്ലാമുമായി പുല ബന്ധം പോലുമില്ലാത്തവരാണെന്നും ചങ്കൂറ്റത്തോടെ പ്രഖ്യാപിക്കുകയും, അവരെ ഒറ്റപ്പെടുത്തുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ലേഖനം

# ഖുർആനും പ്രപഞ്ച ശാസ്ത്രവും

ഓർച്ചാർഡ് അഹ്മദ് കണ്ണൂർ

അല്ലാഹുവിന്റെ അതിവിപുലമായ സൃഷ്ടിയാണ് പ്രപഞ്ചം. പ്രപഞ്ചത്തിന്റെ മഹാവിസ്തൃതി മനുഷ്യബുദ്ധിയുടെ ഗ്രാഹ്യതക്കപ്പുറത്താണ്. മനുഷ്യ വിജ്ഞാനങ്ങൾ എത്ര വികസിച്ചാലും, അവന്റെ ചിന്താശക്തി എത്ര വിപുലമാക്കിയാലും പ്രാപഞ്ചിക വിസ്മയങ്ങൾ പൂർണ്ണമായി ഉൾക്കൊള്ളാൻ അവനാവില്ല. ശാസ്ത്രീയ സ്ഥിരീകരണമനുസരിച്ച് ഈ പ്രപഞ്ചം നിലവിൽ വന്നത് അതിശക്തമായ ഒരു പൊട്ടിത്തെറിയിലൂടെയാണ്.

സ്രഷ്ടാവ് പ്രകൃതിയിൽ മഹാത്ഭുതങ്ങൾ സൃഷ്ടിച്ചത് മാനവരാശിയുടെ ഉന്നമനത്തിനും നിലനിൽപിനും വേണ്ടിയാണ്. ഖുർആനിക വ്യാഖ്യാനമനുസരിച്ച് പ്രാപഞ്ചിക ഘടനയുടെ കേന്ദ്രബിന്ദുവാണ് മനുഷ്യൻ. സൂര്യനിൽ നിന്നും അകലത്തിൽ മൂന്നാമതായി കിടക്കുന്ന ഭൂമിയെ നിങ്ങളുടെ വാസസ്ഥലവും ആകാശത്തെ മേലാപ്പുമാക്കിയത് അല്ലാഹുവാണ്. സർവ്വശക്തനായ പ്രപഞ്ച ശില്പിയുടെ അപാരമായ കഴിവിനാൽ 'ജീവന്റെ' നിലനില്പിനു വേണ്ടിയുള്ളതെല്ലാം കുറ്റമറ്റ രീതിയിൽ ഇവിടെ സംവിധാനിച്ചിരിക്കുന്നു. "ഭൂമിയെ അവൻ എല്ലാ സൃഷ്ടി ജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു" എന്നാണ് സൂറ അർറഹ്മാനിലൂടെ അല്ലാഹു പറഞ്ഞത്. സ്രഷ്ടാവ് പ്രകൃതിയിൽ ഏർപ്പെടുത്തിയ സംവിധാനം സൃഷ്ടികൾക്ക് ജീവിക്കാൻ പ്രാപ്തി നൽകുന്നു.

ഭൂമിയിലെ സകല സൃഷ്ടികളും കണിശവും, സൂക്ഷ്മവുമായ പ്രാപഞ്ചിക വ്യവസ്ഥകൾക്ക് വിധേയമാണ്. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളുടേയും, സൂക്ഷ്മാവയവങ്ങളുടേയും വിസ്മയാവഹമായ കണിശത പ്രാപഞ്ചിക സത്യങ്ങളുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ മാനസികവും ശാരീരികവുമായ ഘടനാവിശേഷങ്ങൾക്കനുസരിച്ചാണ് അല്ലാഹു പ്രകൃതിയിലെ ഓരോ അണുവിനേയും ഒരുക്കിയിരിക്കുന്നത്. പ്രപഞ്ചത്തിലെ അത്ഭുതകരമായ പ്രകൃതി പ്രതിഭാസങ്ങളും, അതിശയകരവും കുറ്റമറ്റതുമായ വ്യവസ്ഥകളും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെയാണ് വിളിച്ചോതുന്നത്. (അൽബഖറ 16:5, അസ്സുഖ്റൂഫ് 10,88)

അല്ലാഹുവിന്റെ ഖജനാവായ ഈ പ്രപഞ്ചത്തിന്റെ ആദിഘടന ജലമായിരുന്നുവെന്ന് ഖുർആൻ പറയുന്നു. വിശുദ്ധ ഖുർആനിൽ ആകെയുള്ള 6410 വചനങ്ങളിൽ 900 വചനങ്ങൾ ജലത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അതിൽ തന്നെ 24 സ്ഥലങ്ങളിൽ 'ഞാൻ' ആകാശത്ത് നിന്ന് വെള്ളമിറക്കി എന്നു പറയുന്നു. ജനങ്ങൾക്കായുള്ള മഹത്തായ അനുഗ്രഹമായിട്ടാണ് വെള്ളത്തേയും, മഴയേയും വിശുദ്ധഖുർആൻ പരിചയപ്പെടുത്തുന്നത്. ഭൂമിയിലെ ഒരു തുള്ളി ജലത്തിനു പോലും പ്രപഞ്ചത്തിന്റെ ഏറ്റവും അകലത്തുള്ള നക്ഷത്രവുമായി ബന്ധമുണ്ട്. സൃഷ്ടികൾക്ക് ഏറെ ഉപകാരപ്പെടുന്ന നിലയിൽ വളരെ മൃദുലവും, ആർദ്രവുമായാണ് അല്ലാഹു ജലത്തെ സൃഷ്ടിച്ചത്. ജലത്തിലൂടെയാണ് 'ജീവാണു' (പ്രോട്ടോപ്ലാസം) ഉത്പാദിപ്പിക്കപ്പെട്ടത്. അതിൽ നിന്ന് ബഹുവിധ സൃഷ്ടികളെ അല്ലാഹു സൃഷ്ടിച്ചു. ഓരോ സൃഷ്ടിക്കും സൃഷ്ടി എന്ന നിലയിൽ വ്യത്യസ്ത ഗുണവിശേഷങ്ങളും ജീവിത ധർമ്മവും അല്ലാഹു കല്പിച്ചു. മനുഷ്യൻ മറ്റു ജീവികളെയപേക്ഷിച്ച് ഘടനയിലും, ധർമ്മത്തിലുമെല്ലാം വൈവിധ്യം പുലർത്തുന്നു. മനുഷ്യന് മാത്രം സ്രഷ്ടാവ് നൽകിയ സവിശേഷതയാണ് ചിന്താശക്തി. അത് മനുഷ്യനിൽ ഇച്ഛാശക്തിയും, പോരാട്ട വീര്യവും ഉണ്ടാക്കുന്നു. ലക്ഷ്യത്തിലെത്താനുള്ള മാർഗ്ഗം കണ്ടെത്താൻ അവന് പ്രേരണ നൽകുന്നു. ചിന്താശക്തിയും അതിന്റെ സഹായ ഘടകങ്ങളായ പഞ്ചേന്ദ്രിയങ്ങളും അവന് നൽകിയത് വിഭവാസ്വാദനത്തോടൊപ്പം സൃഷ്ടി വൈഭവം കണ്ടെത്താൻ കൂടിയാണ്.

പ്രപഞ്ച നിലനില്പിന്നാവശ്യമായ ആകാശഗോളങ്ങളുടെ സൃഷ്ടിപ്പ്, സൗരയൂഥ സമുച്ചയത്തിലെ സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും അവയുടെ സഞ്ചാര പഥങ്ങളുമെല്ലാം തന്നെ ദൈവത്തിന്റെ മഹത്തായ നിശ്ചയമാണ് വിളിച്ചോതുന്നത്. ഭൗതിക തലങ്ങളിൽ പ്രത്യക്ഷത്തിൽ എന്തൊക്കെ മാറ്റങ്ങളുണ്ടായാലും അതിനൊക്കെ അതീതമായി ഒട്ടേറെ മൗലിക സത്യങ്ങളുണ്ടിവിടെ. ആകാശഭൂമികളടങ്ങിയ അഖില പ്രപഞ്ചത്തിന്റെ ശില്പിയായ അല്ലാഹു പ്രപഞ്ചത്തിലെ ഓരോ അണുവിലും ചില രഹസ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. അതിന്റെയൊക്കെ പിന്നിൽ ചില തത്വങ്ങളുമുണ്ട്. വിസ്മയകരമായ ഈ പ്രപഞ്ചത്തിന്റെ അത്ഭുതാവസ്ഥ നമ്മുടെ

മുന്നിൽ അവതരിപ്പിച്ചുകൊണ്ട് പ്രകൃതിയിലുള്ള പലതിനേയും ചിന്താവിഷയമാക്കുവാൻ ഖുർആൻ അനേകം വചനങ്ങളിലൂടെ മനുഷ്യനോടാഹ്വാനം ചെയ്യുന്നു. (സൂറ യാസിൻ 34-41). അല്ലാഹു തന്റെ ഗ്രന്ഥത്തിലൂടെ നമ്മോട് പറയുന്നു. "ആകാശങ്ങളിലും ഭൂമിയിലും എന്താണ് സംഭവിക്കുന്നതെന്ന് നോക്കൂ" (യൂനുസ് 102) ഇനിയെങ്കിലും നിങ്ങൾ ജീവിക്കുന്ന ഈ പ്രപഞ്ചത്തെയൊന്ന് വീക്ഷിക്കൂ.... വിശാലമായ ആകാശത്തെയൊന്ന് നിരീക്ഷിക്കൂ....

പ്രകൃതിയിലേക്കൊന്ന് കണ്ണോടിച്ചാൽ എന്തെല്ലാം അത്ഭുതങ്ങളാണ് കാണാൻ പറ്റുന്നത്. പർവതങ്ങൾ, മഹാസമുദ്രങ്ങൾ, നദികൾ അങ്ങനെ എന്തെല്ലാം! അതേസമയം ഭൂമിയെ ആകാശത്തോട് തുലനം ചെയ്യുമ്പോഴോ? ഭൂമിയിലുള്ളതൊക്കെ എത്ര നിസ്സാരം! സൂര്യന്റെ പിണ്ഡം ഭൂമിയുടേതിനേക്കാൾ നൂറ്റിഅറുപത് ഇരട്ടിയാണ്. സൂര്യചന്ദ്രനേക്കാൾ എത്രയോ ഇരട്ടി വലിപ്പമുള്ള അനവധി നക്ഷത്രങ്ങളുണ്ടത്രെ. ഇതെല്ലാം സ്ഥിതിചെയ്യുന്നത് ആകാശത്താണ്. അപ്പോൾ ആകാശത്തിന്റെ വിസ്തൃതി എത്രയായിരിക്കും? ഇതെല്ലാം സൃഷ്ടിച്ച അല്ലാഹുവിന്റെ സിംഹാസനം എങ്ങനെയായിരിക്കും?

പ്രപഞ്ചത്തിന്റെ നിയന്ത്രണം അല്ലാഹുവിന്റെ കയ്യിലാണ്. ഈ മുഴുവൻ പ്രപഞ്ചവും അല്ലാഹുവിന്റെ ആജ്ഞാനിർദ്ദേശങ്ങൾക്കു മുമ്പിൽ വിധേയപ്പെടുന്നു. അല്ലാഹുവല്ലാത്ത സകലതും അസ്തമിച്ചു പോകുന്നതാണ്. അവനെ മുറുകെ പിടിക്കുന്നവർക്കേ നേരായ പാത കൈവരിക്കാനാകൂ."അല്ലാഹുവിനെ മുറുകെ പിടിക്കുന്നതായാൽ നിശ്ചയമായും നേർമാർഗത്തിൽ നയിക്കപ്പെടും". (ആലു ഇംറാൻ 102). അല്ലാഹുവിന്റെ സുസ്ഥിരമായ നടപടിക്രമം മാറ്റാൻ ആരാലും സാധ്യമല്ല. കാരണം അല്ലാഹുവിന് മീതേയോ അവന് തുല്യമായോ ആരും തന്നെയില്ല. അവൻ സർവ്വശക്തനാണ്.

അല്ലാഹു മനുഷ്യനെ ഏല്പിച്ച അമാനത്താണ് ഈ പ്രപഞ്ചം. പ്രകൃതിമതമായ ഇസ്ലാമിന് പ്രപഞ്ചവുമായി അഭേദ്യബന്ധമാണുള്ളത്. ഭൂമിയിൽ സ്രഷ്ടാവിന്റെ പ്രതിനിധിയായ മനുഷ്യൻ ഉടമയായ അല്ലാഹുവിന് വേണ്ടി കാര്യങ്ങൾ നോക്കി നടത്താൻ ബാധ്യസ്ഥനാണ്. പ്രകൃതിയുടെ സൂക്ഷിപ്പുകാരൻ എന്ന നിലയിൽ അവൻ സർവ്വ സൃഷ്ടികളുടേയും കേന്ദ്രവും, അച്ചുതണ്ടുമാണ്. സൃഷ്ടിജാലങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ദൈവം മനുഷ്യന്റെ ത്രാണിയിൽ വിശ്വാസം പ്രകടിപ്പിക്കുന്നു. അല്ലാഹു മനുഷ്യകുലത്തെ മുഴുവൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. "വലഖദ് കർറം ന ബനീ ആദം" എന്നാണ് അല്ലാഹു ഖുർആനിൽ പറഞ്ഞത്. അതുകൊണ്ട് തന്നെ മനുഷ്യന് എല്ലാ കാര്യങ്ങളിലും ദൈവത്തോട് കടപ്പാടുണ്ട്.

പ്രപഞ്ചത്തിലെ ദൈവിക വിസ്മയങ്ങൾ മനുഷ്യന്റെ യുക്തിക്കതീതമാണെന്ന് തോന്നാമെങ്കിലും ആധുനിക ശാസ്ത്രത്തിലെ ഗവേഷണ ഫലങ്ങളെ ഖുർആനിക വിവരണങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അത്ഭുതമുളവാക്കുന്ന സാമ്യതകൾ ദർശിക്കാവുന്നതാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങളെ പറ്റി ഖുർആനിലുള്ള പരാമർശങ്ങളെല്ലാം തന്നെ ശാസ്ത്രീയ സത്യങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഖുർആൻ മുഴുവനായും ഒരു ശാസ്ത്ര ഗ്രന്ഥമല്ലെങ്കിലും പ്രാപഞ്ചിക പ്രതിഭാസങ്ങളെപ്പറ്റിയുള്ള നിരവധി സൂചനകൾ അതിലുണ്ട്.

പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിൽ നിന്നുള്ള വചനം എന്ന നിലക്ക് പ്രാപഞ്ചിക യാഥാർത്ഥ്യങ്ങളുമായി ഖുർആനിൽ വൈരുദ്ധ്യങ്ങളുണ്ടാവാൻ പാടുള്ളതല്ല. ദൈവിക വെളിപാടുകളുടെ സമാഹാരമാണത്. ഈ ഗ്രന്ഥം അവതരിക്കപ്പെടുന്നത് സർവലോക പരിപാലകനിൽ നിന്നാകുന്നു. അതിൽ ഒരു സംശയവുമില്ല" (അസ്സജദ:2) 1400 വർഷങ്ങൾ കഴിഞ്ഞിട്ടും കാലത്തിന്റെ മാറ്റങ്ങൾക്കതീതമായി എല്ലാ വൈജ്ഞാനിക മുന്നേറ്റങ്ങളെയും അതിജീവിച്ചു നിൽക്കുന്നത് വിശുദ്ധ ഖുർആൻ ദൈവത്തിന്റെ അവികലവും സ്വച്ഛമായതുമായ വചന രൂപമായത് കൊണ്ട് മാത്രമാണ്.

ഖുർആൻ ശാസ്ത്രവുമായി തോളോട് തോൾ ചേർന്നു നിൽക്കുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ ഖുർആൻ ശാസ്ത്രത്തേയും ശാസ്ത്രം ഖുർആനേയും ശക്തിപ്പെടുത്തുന്നു. മനുഷ്യനെ അല്ലാഹുവിലേക്കടുപ്പിക്കുന്ന ഇബാദത്തായാണ് ശാസ്ത്രത്തെ കാണേണ്ടത്. "ശാസ്ത്രം എന്നത് ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചുള്ള പഠനമാണ്" 2. ഇത്തരം പഠനങ്ങളാണ് മനുഷ്യനെ ജ്ഞാനിയാക്കുന്നത്. മനുഷ്യജീവിതത്തെ മാറ്റി മറിക്കാൻ പഠനങ്ങളിലൂടെ കഴിയുന്നു. മനുഷ്യകുലത്തിന്റെ ഉന്നമനമാണ് ഏതൊരു പഠനത്തിന്റേയും ചാലകശക്തി. വസ്തുതകൾ വസ്തുനിഷ്ഠമായി വിലയിരുത്തുവാൻ ശാസ്ത്രം നമ്മെ സഹായിക്കുന്നുവെങ്കിലും അഗോചര സത്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ ഏറ്റവും എളുപ്പമാർന്ന വഴി അല്ലാഹുവിലും അഗോചര സത്യങ്ങൾ വെളിപ്പെടുത്തികൊടുക്കുവാൻ വേണ്ടി അവൻ തിരഞ്ഞെടുക്കുന്ന പ്രവാചകരിലും വിശ്വസിക്കലാണ്.

*The Holy Quran Published by Islamic International Publication Ltd; England 2nd Edition 2001*

*2. MTA (07. 4.2000)*

## ദൈവം പ്രകാശം

ലോകം മുഴുവനും പ്രകാശിപ്പിക്കുന്ന ആദിത്യനിലുള്ള തേജസ്സ് എന്റെ ജ്യോതിസ്സുതന്നെയാകുന്നു. അതുപോലെ ചന്ദ്രനിലും അഗ്നിയിലുമുള്ള തേജസ്സും എന്റെ തേജസ്സുതന്നെയാണെന്നറിഞ്ഞാലും - ഭഗവത്ഗീത (11:12)

അല്ലാഹു ആകാശങ്ങളുടേയും ഭൂമിയുടേയും പ്രകാശമാകുന്നു. - വി: ഖുർആൻ (24:36)

# ഗോവധ നിരോധം

ഇസ്ലാം വിഗ്രാഹാരാധനക്ക് എതിരാണ്. ഇസ്ലാമിന്റെ ദൈവശാസ്ത്രപരവും യുക്തി പരവുമായ നിലപാടാണത്. ഇസ്ലാം അത് പ്രബോധനം ചെയ്യുകയും ഈ വിഷയത്തിൽ ആരുമായും ആശയ സംവാദത്തിന് സന്നദ്ധവുമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഏറ്റവും സംസ്കാരസന്നമായ ഭാഷയിൽ തത്ത്വജ്ഞാനപരമായും യുക്തി പൂർണവുമായ ഡയലോഗുകളിലും സ്നേഹസംവാദങ്ങളിലും ഏർപ്പെടാൻ ഖുർആൻ അതിന്റെ അനുയായികളെ ആഹ്വാനം ചെയ്യുന്നു. "തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നീ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക. തന്റെ മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകുന്നവനെ സംബന്ധിച്ച് അല്ലാഹു നന്നായി അറിയുന്നവനാണ് നേർമാർഗ്ഗം പ്രാപിച്ചവനേയും അവൻ നന്നായി അറിയുന്നു." (വി. ഖുർആൻ 16:126) എന്നാൽ അന്യരുടെ ആരാധനാ മൂർത്തികളെ അത് വിഗ്രഹമോ മറ്റ് ജീവനുള്ള വസ്തുക്കളോ എന്തുമായിക്കൊള്ളട്ടെ അവയെ അപകീർത്തിപ്പെടുത്താനോ അധിക്ഷേപിച്ചു സംസാരിക്കാനോ പാടില്ല എന്ന് വ്യക്തമായ വചനങ്ങളിൽ ഖുർആൻ രേഖപ്പെടുത്തിയിരിക്കുന്നു. "അല്ലാഹുവിന് പുറമെ അവർ മറ്റാരെയും വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്." (6:109). അതുകൊണ്ട്, പശു ഒരു ആരാധനാ മൂർത്തി എന്ന നിലക്ക് ബി. ജെ. പി സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ഗോവധ നിരോധ ബിൽ നിയമമായാൽ അത് പൂർണമായും അനുസരിക്കാൻ മുസ്ലിംങ്ങൾ ബാധ്യസ്ഥരാണ്. മതവിശ്വാസികളുടെ വികാരത്തെ വ്രണപ്പെടുത്തുമാറ് ആരാധനാമൂർത്തികളെ നിന്ദിക്കുന്നത് കുറ്റകരമായി ഇസ്ലാം കാണുന്നു. മുസ്ലിംങ്ങളുടെ ഭക്ഷ്യ സംസ്കാരത്തിനും ആഹാര രീതിക്കുമെതിരായിരുന്നാൽ പോലും അവർ രാജ്യത്തെ നിയമം അനുസരിക്കാനും മത സൗഹാർദ്ദം പുലർത്താനും ബാധ്യസ്ഥരാണ്. അതേസമയം അതുമായി വിയോജിക്കുന്നവരോട് ഉത്തരം പറയാൻ ബി. ജെ. പി. സർക്കാരും സംഘ് പരിവാർ ബാധ്യസ്ഥരാണ്.

ഒന്നാമതായി മാംസാഹാരം മനുഷ്യന് പ്രകൃതി വിധിച്ചിട്ടുള്ളതാണ് എന്നുള്ളതിന് ഏറ്റവും വലിയ തെളിവ് മനുഷ്യന്റെ ദന്തനിരകളാണ്. 16 എണ്ണം വീതം മുകളിലും താഴെയുമായി 32 പല്ലുകളാണ് മനുഷ്യനുള്ളത്. അതിൽ 8 ഉളിപ്പല്ല് (Incissors), 4 കോമ്പല്ല് (Icanine), 8 ചെറിയഅണപ്പല്ല് (Pre Molar), 12 അണപല്ല് (Molar) എന്നിവയാന്നത്. സസ്യഭുക്കുകളായ മൃഗങ്ങൾക്ക് മാംസം കടിച്ചുമുറിക്കാൻ വേണ്ടിയുള്ള കോമ്പല്ലുകൾ ഉണ്ടാവില്ല പകരം അരച്ചു ചവക്കാവുന്ന അണപ്പല്ലുകളാണ് കാണുക. മനുഷ്യന്റെ ദന്തനിരകളിൽ മാംസഭുക്കുകൾക്ക് മാത്രമുള്ള കോമ്പല്ലുകൾ (Canine) കാണാം. ഇതിൽ നിന്നും ദൈവം സൃഷ്ടിച്ച പ്രകൃതി തന്നെ മനുഷ്യന് മാംസാഹാരം വിധിച്ചതാണെന്ന് അനിഷേധ്യമായി തെളിയുന്നു.

മൃഗങ്ങളോടുള്ള ജീവകാരുണ്യം കൊണ്ടാണ് ഗോവധ നിരോധന നിയമം കൊണ്ടുവരുന്നതെങ്കിൽ നിരോധനം കോഴി, ആട്, പന്നി മുതലായ അറുക്കപ്പെടുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും ബാധകമാക്കാത്തതെന്ത്? പശുവിനോടുള്ള പ്രത്യേകം ആദരം നിമിത്തമാണ് ഈ നിയമമെങ്കിൽ എന്തുകൊണ്ട് അതിനെ ഭാരം വലിപ്പിക്കുന്നതിനെതിരെയും നുകം അണിയിച്ച് ഉഴുതുവാനുപയോഗിക്കുന്നതിനെതിരെയും നിയമം കൊണ്ടുവരുന്നില്ല? അതിന്റെ കുഞ്ഞിന് നൽകേണ്ട പാൽ മനുഷ്യൻ കറന്നടെക്കുന്ന (കവർന്നെടുക്കുക) തും അനീതിയല്ലേ?

വാസ്തവത്തിൽ ഭാരം വലിക്കുക, ഗവ്യപദാർത്ഥങ്ങൾ നൽകുക നിലം ഉഴുതുക. എന്നീ പരിമിതമായ ധർമമാണ് പശുവിന് നിർവ്വഹിക്കാനുള്ളത്. അതിന് കഴിയാതെയാവുമ്പോൾ അത് മനുഷ്യന് ആഹാരമായി തീരുക എന്നത് ഒരു പശുവിന്റെ ജീവിതത്തെ അർത്ഥപൂർണമാക്കുകയല്ലേ ചെയ്യുന്നത്. മനുഷ്യനെ കൊല്ലുമ്പോഴുണ്ടാവുന്നത് പോലെ അത് പശുവിന്റെ സമൂഹത്തിലോ, കുടുംബത്തിലോ യാതൊരു വിധ വൈകാരിക സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുമില്ല.

ഗോവധ നിരോധനത്തിന് ഹിന്ദുമതത്തിൽ യാതൊരടിസ്ഥാനുവമില്ല എന്നതിന് നിരവധി തെളിവുകൾ ഉദ്ധരിക്കാൻ സാധിക്കും. ശതപഥ ബ്രാഹ്മണത്തിൽ ഇങ്ങിനെ കാണാം' രാജാക്കന്മാരോ ബ്രാഹ്മണരോ അതിഥികളായ് വന്നാൽ അവർക്ക് വലിയ കാളയെയോ ആടിനയോ അറുത്ത് പചിക്കേ


ണ്ടതാണ്. (ഭാ: 187) മനുസ്മൃതിയിൽ ഇങ്ങിനെ കാണാം. ശ്രാദ്ധത്തിൽ വിധി പ്രകാരം വരിക്കപ്പെട്ട ദ്വിജൻ ദോഷമെന്നു കരുതി മാംസം ഭുജിക്കാതിരുന്നാൽ അവൻ ഇരുപത്തൊന്നു ജന്മം പശുവായി ജനിക്കും. മന്ത്രമില്ലാതെ കൊല്ലപ്പെട്ട പശുക്കളെ വിപ്രൻ ഒരു സന്ദർഭത്തിലും ഭക്ഷിക്കരുത് പുരാതന ശാസ്ത്രവിധി പ്രകാരം മന്ത്രോച്ചാരണം ചെയ്തു കൊല്ലപ്പെട്ടതായാൽ അതിനെ ഭുജിക്കാം. (5:35, 36). ദേവീ ഭാഗവതം പ്രഥമ സ്കന്ധത്തിൽ ശശബിന്ദു രാജാവ് ഒരിക്കൽ ആയിരക്കണക്കിന് കാലികളെ അറുത്ത് യാഗം കഴിച്ച സംഭവം വിവരിക്കുന്നു. അതിന്റെ ചർമ്മങ്ങൾ ഒരു സ്ഥലത്ത് കുന്നുക്കൂട്ടി ഇടുകയും മഴ പെയ്തപ്പോൾ അതിൽ നിന്നും ഒരു വലിയ രക്തനദി പൊട്ടി പുറപ്പെടുകയും ചെയ്തു. അതാണ് പുരാണ പ്രസിദ്ധമായ 'ചർമ്മണ്വതി' എന്ന നദി ആ പദമാണ് ഇപ്പോഴത്തെ ചമ്പൽ നദിയായി മാറിയത്. എന്ന് പറയപ്പെടുന്നു. അഥർവ്വ വേദത്തിൽ പശുവിന്റെ പാലും ഇറച്ചിയും അതിഥികൾക്ക് നൽകിയാലല്ലാതെ കഴിക്കരുത്' എന്ന് വീട്ടുകാരോട് ഉപദേശിക്കുന്നുണ്ട് (കാ 9, സൂക്തം 20:37). ഗോപഥബ്രാഹ്മണത്തിൽ ഹവിർഭാഗം (യാഗത്തിൽ ഹോമിക്കപ്പെടുന്ന മൃഗം) ആർക്കെല്ലാം വീതിക്കപ്പെടണം എന്നതിനെ സംബന്ധിച്ച് വ്യക്തമായ വിധികളുണ്ട്. അതുപോലെ ആയുർവേദത്തിൽ ആരോഗ്യപാലനത്തിന് മാംസാഹാരം കഴിക്കാൻ എണ്ണമറ്റവിധികളുണ്ട്. ഇങ്ങിനെ മാംസാഹാരത്തിന്റേയും ഗോഹത്യയുടേയും എണ്ണിയാലൊടുങ്ങാത്ത ഉദാഹരണങ്ങൾ ഹൈന്ദവ സാഹിത്യങ്ങളിലുണ്ട്.

ഗോവധ നിരോധം ഉയർത്തുന്ന സാമ്പത്തിക പ്രശ്നങ്ങൾ വളരെ ദൂരവ്യാപകമാണ്. ആഗോളവത്കരണം കൊണ്ട് നട്ടെല്ലൊടിഞ്ഞ് കുടുംബം പോറ്റാൻ കഴിയാത്ത പാവപ്പെട്ട കർഷകൻ വാർദ്ധക്യം കൊണ്ട് ആരോഗ്യം നശിച്ച് യാതൊരു ഫലവും നൽകാത്ത കന്നുകാലികളെ കൂടി പരിപാലിക്കണം എന്ന് വരുന്നത്. ക്രൂരമല്ലേ. ലോകത്ത് ഏറ്റവും കൂടുതൽ കാലിസമ്പത്തുള്ള ഭാരതത്തിന്റെ ഗ്രാമീണ സമ്പദ് വ്യവസ്ഥയെ 'കൗ ഡങ്ങ് ഇക്കണോമി' എന്നാണ് വിശേഷിപ്പിക്കുന്നത്. പാൽ മുതൽ ചാണകം വരെയുള്ള ഗവ്യ വസ്തുക്കളെ അടിസ്ഥാനമാക്കിയുള്ള ഈ സമ്പദ് ഘടനക്ക് ഗോവധ നിരോധം വളരെയേറെ ആഘാതമേൽപ്പിക്കും. വാർദ്ധക്യമേറിയതും വൃദ്ധരും രോഗികളുമായ പശുക്കൾ ആരോഗ്യമുള്ള പശുക്കൾക്ക്ക്കൂടി ഭീഷണിയാണ്. പശു പ്രവിശ്യ എന്നറിയപ്പെടുന്ന ഉത്തരേന്ത്യയിലെ ആര്യാവർത്തത്തിലൊന്നും ഇപ്പോൾ ഗോഹത്യയില്ല. അവിടെ വൃദ്ധരായ പശുക്കളെ ഗോശാലയിലേയക്കുകയാണ്. ഗോശാല പരിപാലിക്കുന്നവർക്ക് പശുവിന്റെ തോൽ വരുമാനമായി ലഭിക്കുന്നു. കുപ്രസിദ്ധമായ ഈ ഗോശാലയിൽ വെച്ച് ഭക്ഷണവും വെള്ളവുമില്ലാതെ വെയിലും മഴയും മഞ്ഞു കൊണ്ട് ആ മിണ്ടാപ്രാണിയെ ഗോശാലാക്കാർ കൊല്ലാക്കാല ചെയ്ത് തൊലെടുത്ത് വിൽക്കുന്നു. ഏറ്റവും വലിയ പശുപീഢനം നടക്കുന്നത് ഈ ഗോശാലകളിൽ വെച്ചാണെന്ന് പറയപ്പെടുന്നു. മറ്റൊരു കാര്യം ഇന്ത്യയിൽ കന്നുകാലി മാംസം കിട്ടാതെയായാൽ യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും അത് ടിന്നുകളിലാക്കി ഇവിടെയെത്തും. അവിടെയുള്ള ഭ്രാന്തി പശുക്കളുടെ മാംസം തിന്നു തീർ ക്കാനുള്ള യോഗവും നമ്മുടെ ഉദരത്തിനായി തീരും പോഷക ദാരിദ്ര്യമനുഭവിക്കുന്ന ദരിദ്ര നാരായണൻമാരുടെ ഭക്ഷണക്രമത്തിൽ മാംസ്യത്തിന്റെ അളവ് കുറഞ്ഞാൽ ആഹാരം സമീകൃതമല്ലാതാവുകയും രോഗാതുരമായ ഒരു ജനതക്ക് ഭാരതം ജന്മം നൽകുകയും ചെയ്യും.

ഹിന്ദു സമുദായത്തെ സംബന്ധിച്ചേടത്തോളം ബ്രാഹ്മണൊരൊഴികെ മറ്റെല്ലാ വിഭാഗങ്ങളും മാംസാഹാരം കഴിക്കുന്നതായി കാണുന്നു. അതിൽ പശു ജനുസ്സിൽപ്പെട്ട മൃഗങ്ങളാണധികവും. കേരളത്തെ സംബന്ധിച്ചേടത്തോളം മാംസാഹാരം ഹിന്ദു-മുസ്ലിം ക്രിസ്ത്യൻ സമൂഹങ്ങളിൽ സാർവ്വത്രികമാണ്. ഇനി പശു ഭൂരിപക്ഷത്തിന്റെ ആരാധ്യ വസ്തുവും മാംസാഹാരമായി കഴിക്കാൻ പാടില്ലാത്തതുമാണെന്ന് കരുതിയാൽ തന്നെ മാസം കഴിക്കുന്ന ന്യൂനപക്ഷങ്ങളുടെ മേൽ അത് അടിച്ചേൽപ്പിക്കുന്നത് ശരിയാണോ? മുസ്ലിംങ്ങൾക്ക് മൃഗബലി അവരുടെ മതവിശ്വാസത്തിന്റെ ഭാഗം കൂടിയാണ്. ഭൂരിപക്ഷത്തിന്റെ മതഹിതം ന്യൂനപക്ഷത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത് നമ്മുടെ ഭരണഘടനയുടെ സെക്യൂലർ സങ്കൽപ്പങ്ങൾക്ക് എതിരാണ്. അതിനേക്കാൾ കൂടുതലായി അന്യന്റെ ന്യായമായ അവകാശങ്ങൾക്ക് മേൽ കൈവെക്കുകയും അത് നിഷേധിക്കുകയും ചെയ്യുന്ന മതം അദ്ധ്യാത്മികമായി പാവനമാണെന്നും സഹിഷ്ണുതയുള്ളതാണെന്നും പറയാൻ സാധിക്കുമോ?

വാജ്പേയി സർക്കാറിനെതിരെ കഴിഞ്ഞ ആഗസ്റ്റ് മൂന്നാം വാരത്തിൽ കോൺഗ്രസ് കൊണ്ടുവന്ന അവിശ്വാസ പ്രമേയം പരാജയപ്പെട്ടതിനെ തൊട്ടു പിറകെയാണ് ഗോവധ നിരോധന നിയമം കൊണ്ട് വരാൻ ശ്രമിച്ചത്. ദേശീയ സഖ്യത്തിലെ ഘടകകക്ഷികളിൽ നിന്നു തന്നെയുള്ള എതിർപ്പിനെ തുടർന്നാണ് ബില്ല് മാറ്റിവെച്ചത്. തെലുങ്ക്ദേശം, ഡി. എം. കെ. പി. എം. കെ. എന്നീ ഘടകകക്ഷികൾ ഗോവധ നിരോധന ബില്ലിനെ തുറന്നെതിർക്കുന്നുണ്ട്. മധ്യപ്രദേശ് മുഖ്യമന്ത്രിയായ ദിഗ്‌വിജയ് സിംഹ് കോൺഗ്രസ്സുകാരനായ ഒരു പശു ഭക്തനാണ്. മധ്യപ്രദേശിൽ ഗോവധം നിരോധിച്ച ദിഗ് വിജയ് സിംഗ് വിശ്വഹിന്ദു പരിഷത്തിനെ ഇക്കാര്യത്തിൽ ബഹുദൂരം പിന്നിലാക്കിക്കളഞ്ഞു. അവിടെ 'ഗോ' സേവാ ആയോഗ് ! എന്ന പദ്ധതിക്ക് 150 ലക്ഷം രൂപ അദ്ദേഹം നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാന ഗവണ്മെന്റിന്റെ കീഴിൽ 453 ഗോശാലകളുണ്ട്. 14, 979 ഗോ സേവകരെ പരിശീലിപ്പിച്ച് സർക്കാർ ഖജനാവിൽ നിന്നും അലവൻസ് കൊടുക്കാമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയിയെ ബീഫ് കഴിക്കുന്ന ആളാണെന്നും അതുകൊണ്ടാണ് ഗോവധ നിരോധനത്തിന് മടിയെന്നുമാണ്

# ബായൻമൊയ്തീൻകോയ സാഹിബ്



**കണ്ണൂർ:** പഴയങ്ങാടി ജമാഅത്തിലെ സജീവാംഗമായിരുന്ന ബായൻ മൊയ്തീൻ കോയ സാഹിബ് (84) 2003 മെയ് 9 ന് കണ്ണൂരിൽ വെച്ച് നിര്യാതനായി.

കോഴിക്കോടു ജമാഅത്തിന്റെ സ്ഥാപക പ്രസിഡണ്ടും കേരളത്തിലെ ആദ്യകാല അഹ്മദികളിൽ ഒരാളുമായിരുന്ന മർഹും എം. അഹ്മ്മദ് സാഹിബ് (റ) ആണ് പരേതന്റെ പിതാവ്. മാതാവ് ബായന്റകത്ത് കുഞ്ഞിഫാത്തിമ സാഹിബയുമാണ്. ഭാര്യ ആയിശാബി സാഹിബ (മർഹൂമ). മക്കൾ: മുനവ്വർ അഹ്മദ്, മൻസൂർ അഹ്മദ്, അമത്തുൽ ബാസിഹ്, സീനത്ത്, നുസ്റത്ത്. മരുമക്കൾ: ബി. അബ്ദുല്ലാ പഴയങ്ങാടി, അബ്ദുല്ല ക്കുട്ടി കൊച്ചി ഖമുദ്ദീൻ കൂടാളി - പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ.

# ത്വാഹിർ ഫൗണ്ടേഷൻ ഫണ്ട്

**ലണ്ടൻ:** ഖലീഫത്തുൽ മസീഹ് നാലാമൻ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ന്റെ വൈജ്ഞാനിക സംഭാവനകൾ ഇസ്ലാമിക വിജ്ഞാനീയങ്ങൾക്ക് നൽകിയ സംഭാവന അളന്നു തിട്ടപ്പെടുത്താൻ കഴിയാത്തയത്ര വിപുലവും ആഴമേറിയതുമാണ്. ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ, ഖുത്ബകൾ പ്രഭാഷണങ്ങൾ, ചോദ്യോത്തരങ്ങൾ, വിജ്ഞാന സദസ്സുകൾ, എല്ലാം തന്നെ വിജ്ഞാനത്തിന്റെ അക്ഷയഖനിയായിരുന്നു. ഈ പ്രതിഭാശാലി കൈവെക്കാത്ത വിജ്ഞാനമണ്ഡലങ്ങളില്ല. അഹ്മദിയ്യത്തിന്റെ യശസ്തംഭങ്ങളായ ആ ജ്ഞാന ഭണ്ഡാരങ്ങളെല്ലാം വിവിധ ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ അഞ്ചാം ഖിലാഫത്തിനു കീഴിൽ തീരുമാനിച്ചിരിക്കുന്നു. 'ത്വാഹിർ ഫൗണ്ടേഷൻ ഫണ്ട്' എന്നറിയപ്പെടുന്ന ഈ പദ്ധതി അഞ്ചാം ഖിലാഫത്തിനു കീഴിലുള്ള പ്രഥമ ധന പദ്ധതിയാണ്. ഖലീഫത്തുൽ മസീഹിന്റെ ഒന്നാമത്തെ പദ്ധതി എന്ന നിലക്ക് ഇത് അതീവ പ്രാധാന്യമർഹിക്കുന്നു. ഈ പ്രഥമ ധന പദ്ധതി ലോകം മുഴുവനുമുള്ള അഹ്മദികൾ അത്യധികം ആവേശത്തോടെയാണ് എതിരേറ്റത്. ഖലീഫത്തുൽ മസീഹ് നാലാമനോട് ജമാഅത്തിനുള്ള അതിരറ്റ സ്നേഹത്തിന്റേയും ബഹുമാനത്തിന്റെയും അതുല്യമായ പ്രകടനമായി ഇതിനെ കാണാം. പരിശുദ്ധ, ഖാദിയാനിലും ഈ പദ്ധതിയോട് വളരെ ആവേശകരമായ പ്രതികരണമാണുണ്ടായത്. ഇതോടനുബന്ധിച്ച് സദർ അഞ്ചുമൻ അഹ്മദിയ്യാ മുഹാസിബ് ഓഫീസിൽ 'ത്വാഹിർ ഫൗണ്ടേഷൻ ഫണ്ട്' എന്ന പേരിൽ ഒരു എക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. ഇന്ത്യയിലെ മറ്റെല്ലാ ജമാഅത്തുകളിൽ നിന്നും ഏറ്റവും അനുഗ്രഹീതമായ ഈ പദ്ധതിക്ക്ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇസ്ലാമികമായ ഒരു വൈജ്ഞാനിക വിപ്ലവം സംജാതമാക്കുന്ന ഈ പദ്ധതിയിൽ ജമാഅത്തിന്റെ കഴിവുള്ള ഓരോ അഹ്മദിയും ആവേശപൂർവ്വം ഭാഗഭാഗക്കാകണമെന്നും അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിനും കാരുണ്യത്തിനും പാത്രമാവാനും ശ്രമിക്കേണ്ടതാണ്. ഈ പദ്ധതിക്ക് വേണ്ടി സാമ്പത്തിക സഹായം ചെയ്യാനും അതിന്റെ വിജയത്തിനായി ദുആ ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊണ്ട്

വസ്സലാം

നാസിർ, ബൈത്തുൽ മാൽ ആമദ്
ഖാദിയാൻ

---

ദിഗ്‌വിജയിന്റെ ആക്ഷേപം. വാജ്പേയി സർക്കാരിന് ഈ കോൺഗ്രസ് മുഖ്യമന്ത്രിയുടെ വെല്ലുവിളിയിൽ നിന്നും രക്ഷപ്പെടാൻ അഖിലേന്ത്യാടിസ്ഥാനത്തിൽ ഗോഹത്യ നിരോധിക്കുകയല്ലാതെ രക്ഷയില്ല. കേരളം, പശ്ചിമബംഗാൾ, മിസോറാം, അരുണാചൽ പ്രദേശ്, മേഘാലയ, നാഗാലാന്റ്, ത്രിപുര എന്നീ സംസ്ഥാനങ്ങളാണ് ഗോവധം നിരോധിക്കാത്ത സംസ്ഥാനങ്ങൾ. മൃഗസംരക്ഷണ നിയമത്തിന്റെ കീഴിലുള്ള ഈ പ്രശ്നം സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ളതാണെന്നും കേന്ദ്രത്തിന് നിയമനിർമ്മാണം നടത്താൻ അധികാരമില്ലെന്നുമാണ് കേന്ദ്രഭരണത്തിലെ ഘടകകക്ഷിയായ് തെലുങ്ക് ദേശം നേതാവും ആന്ധ്രാമുഖ്യമന്ത്രിയുമായ ചന്ദ്രബാബു നായിഡുവിന്റെ നിലപാട്. ബി. ജെ. പി നടത്തുന്ന രാഷ്ട്രീയ ലാക്കോടെയുള്ള പ്രചരണത്തിന് പശു ബെൽട്ടിലെ കോൺഗ്രസ്സും മൂലായം സിംഹും, ലാലുപ്രസാദ് യാദവും എങ്ങിനെ പ്രതികരിക്കും എന്നറിയാൻ രാഷ്ട്രീയക്കാർ കാത്തുനിൽക്കുന്നു. പൊതു തിരഞ്ഞെടുപ്പു വിളിപ്പാടകലെ വന്നു നിൽക്കുമ്പോൾ ബി. ജെ. പിക്ക് ആളിക്കത്തിക്കാൻ പറ്റിയ വിഷയമാണ് ഗോവധ നിരോധം. വസ്തുവിനെ രക്ഷിക്കുന്നതിനു പകരം പശുവിനെ രക്ഷിക്കുന്നതിനുള്ള ബില്ല് പാസ്സാക്കുന്നതിന് പകരം സെക്കുലറിസം സാമൂഹിക നീതി മുതലായ നൈതിക മൂല്യങ്ങൾക്ക് വേണ്ടി ദേശീയ പാർട്ടികൾ വില്ല് കുലച്ചെങ്കിൽ എന്നാശിക്കുന്നു. ❍

# എഞ്ചിനീയർ, ആർക്കിടെക്റ്റുമാരുടെ ശ്രദ്ധക്ക്

അഹ്മദികളായ എഞ്ചിനീയർമാരും ആർക്കിടെക്റ്റുകളും അഹ്മദികളുടെ ആഗോളതൊഴിൽ സംഘടനയായ International Association of Ahmadi Architects and Engineers (IAAAE) യിൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് നാസിർ അഅ്‌ലാ ഖാദിയാനിൽ നിന്നുള്ള ഒരറിയിപ്പിൽ പറയുന്നു. ഒരു നിശ്ചിത ഫോറത്തിൽ പേരും യോഗ്യതയും മറ്റു വിവരങ്ങളും പൂരിപ്പിച്ച് താഴെ കാണുന്ന വിലാസത്തിൽ ഉടനെ അയക്കേണ്ടതാണ്.

Nazir Aala,
(Chief Secretary)
Sadr Anjuman Ahmadiyya
Qadian - 143516
Gurudaspure (dt). Punjab - India

അയക്കേണ്ട ഫോറത്തിന്റെ മാതൃക മേഖലാ ചെയർമാനിൽ നിന്നും ലഭിക്കുന്നതാണ്.

# ജമാഅത്ത് രൂപീകരിച്ചു

കോഴിക്കോട്: വയനാട് ജില്ലയിലെ അമ്പലവയലിനടുത്ത് മഞ്ഞപ്പാറ എന്ന സ്ഥലത്ത് പുതിയ ജമാഅത്ത് രൂപീകരിച്ചു. അൽഹംദുലില്ലാഹ്. വയനാട് ജില്ലയിൽ കമ്പളക്കാട് കൂടാതെ രണ്ടാമത്തെ ജമാഅത്താണ് ഇത്. കമ്പളക്കാട് ജമാഅത്ത് പ്രസിഡണ്ട് ഡോ. അബ്ദുൾ കരിം സാഹിബിന്റെയും നസീർ സാഹിബിന്റെയും നേതൃത്വത്തിൽ കമ്പളക്കാട് ജമാഅത്തംഗങ്ങളുടെ ശ്രമമായിട്ടാണ് ഈ ജമാഅത്ത് സ്ഥാപിക്കാൻ കഴിഞ്ഞത്. സുബായി അമീർ സാഹിബിന്റെ നിർദ്ദേശത്തോടെ രൂപീകൃതമായ മഞ്ഞപ്പാറ ജമാഅത്തിന്റെ പ്രസിഡണ്ടായി ജലീൽ സാഹിബിനേയും സെക്രട്ടറിയായി യൂസുഫ് സാഹിബിനേയും നിയമിച്ചു. ജമാഅത്ത് രൂപീകരണ സമ്മേളനത്തിൽ സംസ്ഥാന ഇസ്ലാഹൊ ഇർശാദ് സംസ്ഥാന സെക്രട്ടറി ടി. കെ. മുഹ്മൂദ് സാഹിബും മേഖലാ സെക്രട്ടറി മൊയ്തുണ്ണി സാഹിബും മൗലവി യൂസുഫ് സാഹിബും സംബന്ധിച്ചു.

# അഹ്മദി ഡോക്ടർമാർ പേരു രജിസ്റ്റർ ചെയ്യണം

അതാത് രാജ്യങ്ങളിൽ അഹ്മദി ഡോക്ടർമാരുടെ ഒരു അസോസിയേഷൻ രൂപീകരിക്കണമെന്ന് ഖലീഫത്തുൽ മസീഹ് തിരുമനസ്സ് നിർദ്ദേശിച്ചിരിക്കുന്നു. അലോപ്പതി, ഹോമിയോപതി, ആയുർവേദ ഡോക്ടർമാർ അവരുടെ ബയോഡാറ്റ സംസ്ഥാന അമീർ സാഹിബിനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിന്റെ ഫോർമാറ്റ് അതാത് മേഖലാ ചെയർമാൻമാരിൽ നിന്നും ലഭിക്കുന്നതാണ്.

സുബായി അമീർ
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്
ജി. എച്ച്. റോഡ് കോഴിക്കോട്

# പുസ്തകം പ്രകാശനം ചെയ്തു



*അബ്ദുറഹിമാൻ സാഹിബ് പുതിയ വളപ്പ് രചിച്ച 'വിശ്വാസവും ജീവിതവും ഖുർആനിൽ' എന്ന പുസ്തകത്തിന്റെ പ്രകാശനം സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് നിർവ്വഹിക്കുന്നു. ഏറ്റുവാങ്ങുന്നത് പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ്. സമീപം അധ്യക്ഷൻ മൗലവി മുഹമ്മദ് ഉമർ സാഹിബ്.*

**കോഴിക്കോട്:** അബ്ദുർറഹ്മാൻ പുതിയ വളപ്പ് രചിച്ച 'വിശ്വാസവും ജീവിതവും വിശുദ്ധ ഖുർആനിൽ' എന്ന പുസ്തകം സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ് കോഴിക്കോട് ബൈത്തുൽഖുദ്ദുസിൽ വെച്ച് ആഗസ്റ്റ് 15 ന് പ്രകാശനം ചെയ്തു. ചടങ്ങിൽ മൗലാന മുഹമ്മദ് ഉമർ സാഹിബ് അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് പുസ്തകം ഏറ്റുവാങ്ങി. ആശംസകൾ നേർന്നുകൊണ്ട് പബ്ലിക്കേഷൻ സെക്രട്ടറി - പി. പി. നാസിറുദ്ദീൻ സാഹിബ്, യു. മൻസൂർ സാഹിബ്, എ. എം. മുഹമ്മദ് സലിം സാഹിബ് എന്നിവർ സംസാരിച്ചു. ഗ്രന്ഥകർത്താവ് അബ്ദുർറഹ്മാൻ സാഹിബ് പുസ്തകത്തിന്റെ രചനാ സാഹചര്യം വിശദീകരിച്ചു. 450 പേജ് വരുന്ന ഈ പുസ്തകത്തിന്റെ വില 75 രൂപമാത്രമാണ്.

## അദ്ധ്വാനത്തിന്റെ വില

നിങ്ങളിലാരുടെയെങ്കിലും അടുക്കൽ തന്റെ ഭൃത്യൻ ആഹാരവുമായി വരുമ്പോൾ അവനെക്കൂടി തന്റെ കൂടെയിരുത്തിയില്ലെങ്കിൽ ഒന്നോ രണ്ടോ പിടി ഭക്ഷണം അവന് നൽകുകയെങ്കിലും വേണം. അത് അദ്ധ്വാനിച്ച് പാകം ചെയ്തത് അവനാണല്ലോ.

**മുഹമ്മദ് നബി (സ) (ബുഖാരി)**